www.malankaralibrary.com

# ക്രൈസ്തവപ്രതീകങ്ങൾ



ഫാ: ജോൺ കോന്നിയൂർ

www.malankaralibrary.com

# ക്രൈസ്തവ പ്രതീകങ്ങൾ

www.malankaralibrary.com

Malayalam
**KRAISTHAVA PRATHEEKANGAL**
(Study on Sacred Symbols)

By **Fr. John Konniyoor**

Rights Reserved

First Published : 1995
Copies : 3000
Cover design : Babu
Type Setting : Base Line, Kozhikode
Printing : Premier offset prints, Kozhikode
Publishers : **Arnos Padiri Publications**
Arnos Padiri Academy
Arnos Nagar, Velur,
Trichur - 680601

Price: Rs: 50.00

# ക്രൈസ്തവ പ്രതീകങ്ങൾ

ഫാ: ജോൺ കോന്നിയൂർ

അർണോസ് പാതിരി പബ്ലിക്കേഷൻസ്
അർണോസ് പാതിരി അക്കാഡമി
അർണോസ് നഗർ, വേലൂർ,
തൃശൂർ - 680601

www.malankaralibrary.com

## ഫാ. ജോൺ കോന്നിയൂർ



67 വയസ്. മലങ്കര കത്തോലിക്കാ സഭയുടെ സുൽത്താൻ ബത്തേരി രൂപതയിൽ മാധ്യമ സുവിശേഷ പ്രഘോഷണ രംഗത്ത് പ്രവർത്തിക്കുന്നു. കോടഞ്ചേരി, വേളംകോട് സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ നിന്ന് ഹെഡ്മാസ്റ്റർ ആയി റിട്ടയർ ചെയ്തു.

1968ൽ കത്തോലിക്കസഭയുമായി പുനരൈക്യപ്പെട്ടു. 40 വർഷമായി സുവിശേഷ പ്രസംഗ രംഗത്ത് സജീവമായി നിലനിൽക്കുന്നു. മധ്യതിരുവിതാംകൂറിലും മലബാറിലും പല സ്കൂളുകളിലും നിരവധി ഇടവകകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സഹദാസ്തവം, സ്മരണാഞ്ജലി എന്നീ കീർത്തന ഗ്രന്ഥങ്ങളും മാർത്തോമാ ശ്ലീഹായുടെ സിംഹാസനം എന്ന സഭാചരിത്രഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഉള്ളടക്കം


ആമുഖം

അവതാരിക

**ഒന്നാം ഭാഗം**

| | |
|---|---|
| I | സഭ |
| II | പരിശുദ്ധ ത്രിത്വം |
| III | പിതാവായ ദൈവം |
| IV | പുത്രനായ ദൈവം |
| V | പരിശുദ്ധാത്മാവായ ദൈവം |
| VI | കന്യകാമറിയം |
| VII | അപ്പസ്തോലന്മാർ |
| VIII | സുവിശേഷകന്മാർ |
| IX | സുവിശേഷങ്ങൾ |
| X | കൂദാശകൾ |
| XI | വിശ്വാസികൾ |
| XII | ഇസ്രായേൽ ഗോത്രങ്ങൾ |
| XIII | പുനരുത്ഥാനം |
| XIV | വിജയം |
| XV | പ്രതിഫലം |
| XVI | വിശുദ്ധി |
| XVII | വിനയം, ആത്മസംയമനം |
| XVIII | ജാഗ്രത |
| XIX | കപടഭക്തി , വഞ്ചന |
| XX | സാത്താൻ |
| XXI | മരണം |
| XXII | പാപികൾ |
| XXIII | പഴയ നിയമം |
| XXIV | സപ്തവർണ്ണങ്ങൾ |
| XXV | സംഖ്യകൾ |
| XXVI | മറ്റു ചില പ്രതീകങ്ങൾ |

**രണ്ടാംഭാഗം**

ദേവാലയവും പ്രതീകാത്മക പ്രബോധനങ്ങളും

www.malankaralibrary.com

# ആമുഖം

ഒരു ജനതയുടെ മത-സംസ്കാരങ്ങളെ ബന്ധിക്കുന്ന ചരടാണ് പ്രതീകം. മതവിശ്വാസങ്ങളുടെ അർത്ഥതലങ്ങളിലേക്കുള്ള വാതായനവും ഒപ്പം സാര സമ്പുഷ്ടതയുടെ ഭണ്ഡാരവുമാണ് പ്രതീകം. സാംസ്ക്കാരിക തലത്തിൽ, പ്രതീകം മനുഷ്യത്വത്തിന്റെ പ്രകടനവും, മാനവികതയുടെ വാഹനവുമാണ്. കുരിശും ചന്ദ്രക്കലയും ഓം-ഉം ചിറകുള്ള സർപ്പവും എല്ലാം അതാത് മത-സംസ്കാരങ്ങളുടെ ജീവിത വീക്ഷണങ്ങൾ ഉള്ളടക്കം ചെയ്ത കനകചെപ്പുകളാണ്. ചുരുക്കത്തിൽ, പ്രതീകങ്ങൾ ഒരേസമയം മനുഷ്യമനസ്സിന്റെ അർത്ഥതലങ്ങളുടെ ആഴങ്ങളിലേക്ക് കടന്നുചെല്ലാൻ മനുഷ്യനുള്ള ഏക ഉപാധിയും മനുഷ്യന്റെ ആഴത്തിലുള്ള അനുഭവങ്ങൾ ആവിഷ്കരിക്കാനുള്ള ഏക പോംവഴിയുമാണ്.

അതുകൊണ്ടാണ് മനുഷ്യൻ അനുദിന ജീവിതത്തിൽ പ്രതീകങ്ങൾക്ക് ഇത്ര പ്രാധാന്യം നൽകുന്നത്. ജാതി സ്പർദ്ധയുടേയും അയിത്ത വിവേചനത്തിന്റേയും ദാരിദ്ര്യദു:ഖത്തിന്റേയും നടുവിൽ പോലും മനുഷ്യൻ, വർഷത്തിലൊരിക്കലെങ്കിലും ജീവിതം പ്രതീകാത്മകമായി ആഘോഷിക്കുകയും ജീവിത കഥാകഥനത്തിന്റെ ധാരാളിത്വത്തിൽ ആറാടുകയും ചെയ്യാറുണ്ട്. ചരിത്രത്തിന്റെ ഏറ്റം മ്ലേച്ഛമായ സാഹചര്യത്തിൽ പോലും- നാസി കോൺസൻട്രേഷൻ ക്യാമ്പിലും സ്റ്റാലിൻഗ്രാഡിലെ മനുഷ്യക്കുഴിയിലും -മരണത്തെ മുഖാമുഖം കണ്ട് കഴിഞ്ഞ അവസരത്തിൽ മനുഷ്യൻ ആടുകയും പാടുകയും കഥ പറഞ്ഞ് രസിക്കുകയും ചെയ്തിരുന്നു. അന്നന്ന് കിട്ടിയിരുന്ന തുച്ഛമായ ഭക്ഷണം പോലും കൊടുത്താണ് അവരിൽ പലരും പാട്ട് കേട്ടതും കഥ പറഞ്ഞ് രസിച്ചതും. അവിടേയും, ഈ കഥകൾ വരാനിരിക്കുന്ന ജീവിതത്തിന്റെ ആശ്വാസ പ്രതീകങ്ങൾ ആയിരുന്നു; അനുദിന കഷ്ടതകളുടെ സുഖപര്യവസായിയായ കഥകളായിരുന്നു. മനുഷ്യചരിത്രം തന്നെ രൂപംകൊണ്ടത് പറുദീസയുടേയും പരുസിയയുടേയും പ്രതീകങ്ങൾ കൊടുത്ത വാഗ്ദാനങ്ങൾ തേടിയുള്ള പ്രയാണത്തിൽ നിന്നാണല്ലോ. പറുദീസയെക്കുറിച്ചുള്ള സ്വപ്നമാണ് യുദ്ധത്തിന് രാജാക്കന്മാരെ പ്രേരിപ്പിച്ചത്; പൊന്നും മാണിക്യവും തേടി സാഹസികമായ ഗോളാന്തര കപ്പൽയാത്രക്ക് യൂറോപ്യന്മാർക്ക് ശക്തി പകർന്നത്; അറബികളെ വിജ്ഞാന വാഹകരാക്കിയത്; എന്തിനൊടുവിൽ നാസി കോൺസൻട്രേഷൻ ക്യാമ്പിൽ ലക്ഷോപലക്ഷങ്ങൾ എരിഞ്ഞടങ്ങിയത്. പ്രതീകങ്ങൾക്ക് മനുഷ്യ ജീവിതത്തിലുള്ള സ്വാധീനം അത്രമേൽ അളവറ്റതാണ്.

www.malankaralibrary.com

പ്രതീകം, Symbol എന്ന ആംഗല വാക്കിന്റെ ഭാഷാന്തരമാണല്ലോ. ഇതിന്റെ ഗ്രീക്ക് മൂലം (Syn-Ballien) അർത്ഥമാക്കുന്നത്, ഒന്നിച്ചാക്കുക (Syn= together, Ballien=to throw) എന്നാണ്. പ്രതീകത്തിന്റെ പ്രായോഗികാർത്ഥവും ഗ്രീക്ക് ഭാഷയിൽ നിന്ന് രൂപം കൊണ്ടതാണ്. ഏതെങ്കിലും കച്ചവടക്കരാറിൽ ഏർപ്പെടുമ്പോൾ കരാറുകാർ ഒരു നാണയം മുറിച്ച് അതിന്റെ ഭാഗങ്ങൾ കരാറിന്റെ പ്രതീകമായി സൂക്ഷിച്ചിരുന്നു. അതുപോലെ സൈനികർ, കാവൽക്കാർ തുടങ്ങിയവരെ തിരിച്ചറിയാൻ ഉപയോഗിച്ചിരുന്ന ബാഡ്ജുകളും പ്രതീകമായിട്ടാണ് അറിയപ്പെട്ടത്.

## ചിഹ്നവും പ്രതീകവും

ചിഹ്നവും പ്രതീകവും തമ്മിൽ ഒട്ടേറെ സാമ്യം ഉള്ളതുകൊണ്ട്, ചിഹ്നവുമായി ബന്ധപ്പെടുത്തിയാണ് പ്രതീകങ്ങളെക്കുറിച്ച് പ്രതിപാദിക്കാറുള്ളത്. അക്കാരണത്താൽ ഒട്ടേറെ ആശയക്കുഴപ്പവും ഉണ്ടാവാറുണ്ട്. അടിസ്ഥാനപരമായി രണ്ടിന്റേയും ധർമ്മം ഒന്നുതന്നെ. അമൂർത്തമായ യാഥാർത്ഥ്യത്തിന് പകരം നിൽക്കുന്ന സമൂർത്തമായ ഒന്നാണ് ചിഹ്നവും പ്രതീകവും.

ചിഹ്നം മറ്റൊരു കൃത്യമായ വസ്തു, വ്യക്തി എന്നിവയ്ക്ക് പകരം നിൽക്കുന്നു. ചിഹ്നത്തിന്റെ കാര്യത്തിൽ അവ്യക്തതയില്ല; അത് പ്രതിനിധാനം ചെയ്യുന്ന യാഥാർത്ഥ്യം (വസ്തു) സുവ്യക്തമാണ്. ചിഹ്നം ഒരു അംഗീകൃതഭാഷയാണ്. ചുവന്ന ലൈറ്റ്, പച്ചക്കൊടി എന്നിവയുടെ അർത്ഥം എല്ലാവർക്കും അറിയാം.

പ്രതീകങ്ങൾ സമൂഹം സൃഷ്ടിക്കുന്നതല്ല, ജീവിതാനുഭവത്തിൽ നിന്ന് ജന്മം കൊള്ളുന്നതാണ്. പ്രതീകങ്ങൾക്ക് നാനാർത്ഥമാണുള്ളത്. അവ പുത്തനർത്ഥങ്ങൾ സൃഷ്ടിക്കാൻ കെൽപ്പുള്ളവയാണ്. വെള്ളത്തിന്റെ പ്രതീകാത്മക സാധ്യത, ഉദാഹരണത്തിന് പലതാണല്ലോ.

എല്ലാറ്റിനുമുപരിയായി പ്രതീകങ്ങൾ മനുഷ്യന്റെ അർത്ഥാനുഭവതലങ്ങളിൽ കടന്ന് വികാരോജ്ജീവമാക്കാൻ കെല്പുള്ളതാണ്. ചിഹ്നം മനുഷ്യനിൽ വികാരമുണർത്താൻ പര്യാപ്തമല്ല. ഇന്ത്യൻ പതാകയെ അപമാനിച്ചാൽ അത് ഭാരതീയരിൽ രോഷമുണർത്തും. കുരിശിനെ അനാചരിച്ചാൽ അത് ക്രൈസ്തവരിൽ വികാരമുണർത്തും. ചിഹ്നവും പ്രതീകവും തമ്മിലുള്ള പ്രധാന വ്യത്യാസം വികാരമുണർത്താനുള്ള പ്രതീകങ്ങളുടെ കഴിവാണ്.

ക്രൈസ്തവ ചിത്രകലയിൽ പ്രതീകങ്ങൾക്കുള്ള സ്ഥാനം അന്യാദൃശമായിരുന്നു; പ്രത്യേകിച്ചും ആദിമ നൂറ്റാണ്ടുകളിൽ. പ്രതീകങ്ങൾ ഒരു രഹസ്യ



ഭാഷയായിരുന്നു ആദിമ ക്രൈസ്തവർക്ക്. നമുക്ക് സുപരിചിതങ്ങളായ പക്ഷിമൃഗാദികളുടേയോ വൃക്ഷലതാദികളുടേയോ മറ്റ് വസ്തുക്കളുടേയോ ചിത്രങ്ങൾക്കും പ്രതിരൂപങ്ങൾക്കും ആഴമായ അർത്ഥം സങ്കല്പിച്ചിരുന്നു അവർ. പ്രാചീന ദേവാലയങ്ങളുടെ ഭിത്തികളിലും ദേവാലയത്തിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളിലും മറ്റും ഇപ്രകാരമുള്ള പ്രതീകങ്ങളുടെ ചിത്രങ്ങൾ സർവസാധാരണമായിരുന്നു. ഇന്നും ചില പ്രാചീന ദേവാലയങ്ങളിൽ അവ കാണാൻ കഴിയും.

പ്രതീകാത്മക ചിത്രീകരണങ്ങളുടെ ഒരു കലവറയാണ് റോമിലെ ഭൂഗർഭ ശവകുടീരങ്ങൾ. രണ്ടായിരത്തോളം വർഷങ്ങൾക്കു മുമ്പ് രൂപം കൊണ്ടതാണ് ഈ ശവകുടീരങ്ങൾ. ആദിമ ക്രൈസ്തവരുടെ മൃതശരീരങ്ങൾ ചില ഗുഹകളിൽ സംസ്കരിക്കപ്പെട്ടിരുന്നു. ഈ ഗുഹകൾ 'കാറ്റക്കോംബ്സ്' (Catacombs) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഗുഹകളിൽ മൃതദേഹങ്ങൾ സംസ്കരിച്ചിരിക്കുന്ന ശവകുടീരങ്ങളിൽ ക്രൈസ്തവ വിശ്വാസാചാരങ്ങൾ പ്രതീകാത്മകമായി ചിത്രീകരിക്കുന്ന ധാരാളം ചിത്രങ്ങളും ചിഹ്നങ്ങളും കാണാം. മത്സ്യം, മയിൽ, ഒട്ടകം, ആട്, കാള, സിംഹം, കപ്പൽ, നങ്കൂരം, വാൾ, നക്ഷത്രം, തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്. വിശ്വാസസംബന്ധമായ പല ആശയങ്ങളും ഇവയിലൂടെ ആവിഷ്കൃതമാകുന്നുണ്ട്.

ക്രൈസ്തവ തത്വസംഹിതകളുടെ കാതലായ വിശ്വാസസത്യങ്ങൾ ആവിഷ്കരിക്കുന്നതിന് കേവലം അഞ്ച് പ്രതീകങ്ങൾ മതിയാകും. യേശുക്രിസ്തു ദൈവത്തിന്റെ പുത്രനും രക്ഷിതാവുമാണ്; ക്രിസ്തു ലോകരക്ഷാർത്ഥം ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടാണ്; ക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നും ഒഴുകിയ രക്തത്താൽ ലോകം രക്ഷിക്കപ്പെട്ടു; രക്ഷിക്കപ്പെട്ട ദൈവജനത്തെ പരിശുദ്ധാത്മാവ് സത്യത്തിലും നീതിയിലും നയിക്കുന്നു; അവർ വിശുദ്ധിയിലും സമാധാനത്തിലും ജീവിച്ച് പുനരുത്ഥാനത്തിലുള്ള പ്രത്യാശയോടു കൂടി നിദ്രപ്രാപിക്കുന്നു. മേല്പറഞ്ഞ വിശ്വാസസത്യങ്ങൾ ആവിഷ്കരിക്കുന്നതിന് മത്സ്യം, ആട്ടിൻകുട്ടി, പെലിക്കൻ പക്ഷി, പ്രാവ്, ചിത്രശലഭം എന്നീ അഞ്ച് പ്രതീകങ്ങൾ മതി. എന്നിട്ടും ക്രൈസ്തവ പ്രതീകങ്ങൾ എണ്ണത്തിലും അർത്ഥത്തിലും സമ്പന്നമായത് എന്തുകൊണ്ട് എന്ന് ചിന്തിക്കാവുന്നതാണ്. കാരണം മറ്റൊന്നുമല്ല, ആദിമസഭയിലെ പീഢനങ്ങൾ സമ്മാനിച്ച വൈകാരിക വിസ്ഫോടനം ആവാഹിച്ച് വെക്കാൻ പ്രതീകങ്ങൾക്ക് മാത്രമെ കഴിയുമായിരുന്നുള്ളൂ. കേവലം കൊലക്കുറ്റത്തിന്റെ ചിഹ്നമായിരുന്ന കുരിശു പ്രതീകമായത് അങ്ങനെയാണ്.

അധികാരവും സമ്പത്തും നൽകിയ നിർവികാരതയും, വചനത്തിന്

www.malankaralibrary.com

ഊന്നൽ കൊടുത്തുകൊണ്ടുള്ള ആചാരാനുഷ്ഠാനങ്ങളും കാരണം ക്രൈസ്തവ പ്രതീകങ്ങളുടെ വളർച്ചയറ്റുപോയി, പ്രത്യേകിച്ചും ശാസ്ത്രീയറിവിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആധുനിക നൂറ്റാണ്ടുകളിൽ. ഇന്ന് ക്രൈസ്തവ ജീവിതത്തിൽ പ്രതീകങ്ങളുടെ സ്ഥാനം പരിമിതമാണ്. പാരമ്പര്യപ്രതീകങ്ങളാകട്ടെ മതാനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിൽക്കുന്നവയാണ്താനും. മതം ജീവിതഗന്ധിയല്ലാതായതോടെ പ്രതീകങ്ങൾ ജഢികമായിപ്പോയി, അവ ചിഹ്നങ്ങളായി തരംതാഴ്ന്നു.

വികാരോദ്ദീപകമായ കാലികപ്രതീകങ്ങളുടെ അഭാവത്തിൽ ക്രൈസ്തവജീവിതം തന്നെ അരോചകമായതു പോലെ തോന്നുന്നു. ക്രൈസ്തവ രാജ്യങ്ങളിൽ നിന്ന് ജീവിതത്തിന് അർത്ഥം തേടി നമ്മുടെ നാട്ടിലെത്തുന്ന നിരവധി അന്വേഷകർ അതല്ലെ പറയുന്നത്! നേരോർത്താൽ ഭാരതക്രൈസ്തവസഭയും പ്രതീകങ്ങളുടെ കാര്യത്തിൽ ഇതരസഭകളിൽ നിന്ന് വ്യത്യസ്തമാണോ? ഈ ഗൗരവാവഹമായ പ്രശ്നം വിശ്വാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നമ്മുടെ ധന്യമായ പ്രതീകസമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള എളിയ സംരംഭമാണ് ഈ പുസ്തകം.

ഈ ഗ്രന്ഥത്തെ രണ്ടുഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. ഒന്നാംഭാഗം പ്രാചീനകാലം മുതൽ ക്രൈസ്തവ ചിത്രകലയിൽ ഉപയോഗിച്ചിരുന്നതും ഇന്നും അപൂർവ്വമായെങ്കിലും ഉപയോഗിക്കുന്നതുമായ പ്രതീകങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പ്രതീകങ്ങളിലൂടെ ആവിഷ്കൃതമാകുന്ന ആശയങ്ങളെക്കുറിച്ചും സന്ദേശങ്ങളെക്കുറിച്ചുമുള്ള ലഘുവ്യാഖ്യാനങ്ങളും ഓരോ പ്രതീകത്തോടൊപ്പം ചേർത്തിട്ടുണ്ട്. ചിലപ്പോൾ ഒരു പ്രതീകം ഒന്നിലധികം ആശയങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കും. അതുപോലെ തന്നെ ഒരേ ആശയം ആവിഷ്കരിക്കുന്ന ഒന്നിലധികം പ്രതീകങ്ങളും കാണാം. മാത്രവുമല്ല ഒന്നിലധികം പ്രതീകങ്ങൾ ഒരുമിച്ച് ചേർത്ത് ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന രീതിയും ക്രൈസ്തവ ചിത്രകലയിൽ കാണാം. രണ്ടാംഭാഗം പ്രതീകങ്ങളെക്കുറിച്ചുള്ള വിവരണമല്ല. ദേവാലയങ്ങളും അവയിലെ ഉപകരണങ്ങളും ആരാധനക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളും വസ്തുക്കളും മറ്റും നല്കുന്ന പ്രതീകാത്മക സന്ദേശങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്. ഇവയൊന്നും പ്രതീകങ്ങൾ എന്ന നിലയിൽ പരിഗണിക്കപ്പെടുന്നില്ലെങ്കിലും അവ ചില സന്ദേശങ്ങൾ നല്കുന്നുണ്ട്.

മൈക്കാവ് — ഫാ. ജോൺ കോന്നിയൂർ
1–6–1995



# അവതാരിക

ആശയവിനിമയത്തിനുള്ള മാധ്യമമെന്ന നിലയിൽ ഭാഷ വികാസം പ്രാപിച്ചത് പല ഘട്ടങ്ങളിലൂടെയാണല്ലോ. ആംഗ്യഭാഷയും സംസാരഭാഷയും ലിഖിതഭാഷയും അങ്ങനെ രൂപാന്തരം പ്രാപിച്ചവയാണ്. ആരംഭദശയിൽ പൂർണ്ണമായ ആശയവിനിമയത്തിന് സംസാരഭാഷ അശക്തമായിരുന്നു. ഈ കുറവ് പരിഹരിച്ചിരുന്നത് അംഗവിക്ഷേപങ്ങൾകൊണ്ടും ഭാവസ്ഫുരണം കൊണ്ടുമായിരുന്നു. അങ്ങനെയാണ് ആശയവിനിമയത്തിന് സംഭാഷണം പോലെ അഭിനയവും നൃത്തവും ഉപയോഗിച്ചു തുടങ്ങിയത്.

ലിഖിതഭാഷയുടെ ഉത്ഭവം ചിത്രകലയിൽ നിന്നാണെന്നു പറയാം. സംസാരഭാഷയിൽ വാക്കുകൾ ഉണ്ടാകുന്നതിനു മുമ്പ് മനുഷ്യൻ ആശയവിനിമയത്തിന് ആംഗ്യങ്ങൾ ഉപയോഗിച്ചിരുന്നതു പോലെ അക്ഷരങ്ങളുടെ ആവിർഭാവത്തിനു മുമ്പ് ചിത്രങ്ങൾ വരച്ചാണ് മനുഷ്യർ അവരുടെ അന്തർഗതം മറ്റുള്ളവരെ മനസ്സിലാക്കിയിരുന്നത്.

ആശയാവിഷ്കരണത്തിന് പ്രതീകങ്ങൾ ഉപയോഗിച്ചു തുടങ്ങിയതും ഒരു നൂതന സംരംഭമായി. അതിപ്രാചീനകാലം മുതൽ തന്നെ ഈ സമ്പ്രദായം നിലവിൽ വന്നിരുന്നു എന്ന് കാണുന്നുണ്ട്. ക്രിസ്തുമതം ഒരു നിരോധിത മതമായിരുന്ന ക്രിസ്ത്വാബ്ദം ആദിമശതകങ്ങളിൽ ക്രൈസ്തവ വിശ്വാസികൾ ഒരു രഹസ്യഭാഷ എന്ന നിലയിൽ പ്രതീകങ്ങൾ ഉപയോഗിച്ചിരുന്നു. മാത്രമല്ല ആദിമക്രൈസ്തവരെ സംസ്കരിച്ചിരുന്ന ഭൂഗർഭ ഗുഹകളിലെ ശവകുടീരങ്ങളിൽ ക്രൈസ്തവ വിശ്വാസസത്യങ്ങൾ ആവിഷ്ക്കരിക്കുന്ന പ്രതീകാത്മകചിത്രങ്ങൾ ആലേഖനം ചെയ്യുക എന്നത് അവരുടെ പതിവായിത്തീരുകയും ചെയ്തു.

ക്രൈസ്തവ വിശ്വാസവും പഠനങ്ങളും അനുഷ്ഠാനങ്ങളും മറ്റും പ്രതീകങ്ങളിലൂടെ വിശദീകരിക്കുന്ന രീതി ക്രൈസ്തവരുടെയിടയിൽ ശക്തമായിത്തന്നെ വളർന്നുവന്നു. അങ്ങനെ വലിയ ഒരു പ്രതീകസമ്പത്ത് ഇന്ന് സഭയ്ക്കുണ്ട്. എന്നാൽ അവയെപ്പറ്റിയോ അവയുടെ പരാമർശങ്ങളെപ്പറ്റിയോ വേണ്ടത്ര അറിവ് നമ്മുടെയിടയിൽ ഇല്ലെന്നുള്ളത് ഒരു സത്യമാണ്. അങ്ങനെയുള്ള അറിവ് പകരുന്നതിനുള്ള പുസ്തകങ്ങളും, പ്രത്യേകിച്ച് മലയാളത്തിൽ, തുലോം വിരളമാണ്. ഭാഷാപണ്ഡിതനും എഴുത്തുകാരനുമായ ബ. ജോൺ കോന്നിയൂർ അച്ചൻ ക്രോഡീകരിച്ച് പ്രസാധനം ചെയ്യുന്ന 'ക്രൈസ്തവ പ്രതീകങ്ങൾ' എന്ന മഹത് ഗ്രന്ഥം ഈ കുറവ് കുറെ പരിഹരി

www.malankaralibrary.com

ക്കുന്നതിന് ഉപകരിക്കുമെന്നതിൽ രണ്ടു പക്ഷമില്ല.

ക്രൈസ്തവാദർശങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും ആധാരമാക്കിയുള്ള നിരവധി പ്രതീകങ്ങൾ ഈ ബൃഹത് ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം, കന്യകാമറിയം, വിശുദ്ധ സഭ, സുവിശേഷങ്ങൾ, സുവിശേഷകന്മാർ, അപ്പസ്തോലന്മാർ, കൂദാശകൾ, സ്വർഗ്ഗ നരകങ്ങൾ തുടങ്ങിയ ക്രൈസ്തവ വിശ്വാസസത്യങ്ങളുടെ എല്ലാ വശങ്ങളും സ്പർശിച്ചുകൊണ്ടുള്ള ഏതാണ്ട് ഇരുനൂറ്റിഅൻപതിൽപ്പരം പ്രതീകങ്ങളും അവ നൽകുന്ന പ്രതീകാത്മക പ്രബോധനങ്ങളും അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ നടത്തിയിട്ടുള്ള ശ്രമം ശ്ലാഘനീയമാണ്. ഏതിലും പ്രതീകാത്മകത്വം ദർശിക്കുന്ന ക്രൈസ്തവ പിതാക്കന്മാരുടെ പ്രാർത്ഥനകൾ, ആരാധനാ പുസ്തകങ്ങൾ, വി.ഗ്രന്ഥം തുടങ്ങിയ ആധികാരിക ഗ്രന്ഥങ്ങൾ ഇതിന്റെ ക്രോഡീകരണത്തിന് ആധാരമാക്കിയിട്ടുണ്ട്. സർവ്വോപരി ആംഗലേയ ഭാഷയിൽ വിരചിതമായിട്ടുള്ള പല ഗ്രന്ഥങ്ങളും ഈ പുസ്തകം തയ്യാറാക്കുന്നതിന് ഉപയോഗപ്രദമായിട്ടുണ്ട്. കേരള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്ന് നിസ്സംശയം പറയാം.

ഓരോ പ്രതീകവും നൽകുന്ന സന്ദേശങ്ങൾ ലളിതവും വിശദവുമായ ഭാഷാശൈലിയിൽ അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് സാധാരണക്കാർക്കുപോലും വായിച്ചു മനസ്സിലാക്കുവാൻ സാധിക്കുമെന്നുള്ളതാണ് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷത. ചുരുക്കം ചിത്രങ്ങളിലൂടെ ബൃഹത്തായ ആശയങ്ങൾ മനസ്സിൽ സംഗ്രഹിച്ചു വയ്ക്കുന്നതിനും ഓർമ്മയിൽ നിലനിർത്തുന്നതിനും സഹായകമായ ഈ ഗ്രന്ഥം നമ്മുടെ മതാദ്ധ്യാപനത്തിന് വളരെ സഹായകരമാണ്. ഉദാഹരണമായി, മത്സ്യം, ആട്ടിൻ കുട്ടി, പെലിക്കൻ പക്ഷി, പ്രാവ്, ചിത്രശലഭം എന്നീ അഞ്ചു പ്രതീകങ്ങളിലൂടെ യേശുക്രിസ്തു ദൈവത്തിന്റെ പുത്രനും രക്ഷിതാവുമാണ്; യേശുക്രിസ്തു ലോകരക്ഷാർത്ഥം ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടാണ്; ക്രിസ്തുവിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ രക്തത്താൽ ലോകം രക്ഷിക്കപ്പെട്ടു; രക്ഷിക്കപ്പെട്ട ദൈവജനത്തെ പരിശുദ്ധാത്മാവ് നീതിയിലും സത്യത്തിലും നയിക്കുന്നു; അവർ വിശുദ്ധിയിലും സമാധാനത്തിലും ജീവിച്ച് പുനരുത്ഥാനത്തിലുള്ള പ്രത്യാശയോടു കൂടി നിദ്ര പ്രാപിക്കുന്നു; എന്നീ കാതലായ ക്രൈസ്തവ വിശ്വാസസത്യങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത് ചിന്തോദ്ദീപകവും പഠനാർഹവുമാണ്. നമ്മുടെ വൈദികർക്കും മറ്റ് പ്രേഷിതർക്കും പ്രത്യേകിച്ച് വൈദിക വിദ്യാർത്ഥികൾക്കും മറ്റും ക്രിസ്തീയ വിശ്വാസവും പാരമ്പര്യങ്ങളും ആഴമായി പഠിക്കുന്നതിന് ഈ മഹത്ഗ്രന്ഥം വളരെയേറെ സഹായകരമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആ



ഉദ്യമത്തിന് അവരെ എല്ലാവരേയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

'സഹദാസ്തവം', 'സ്മരണാഞ്ജലി' എന്നീ കീർത്തന ഗ്രന്ഥങ്ങളും 'മാർത്തോമ്മാശ്ളീഹായുടെ സിംഹാസനം' എന്ന സഭാചരിത്രഗ്രന്ഥവും ബ. കോന്നിയൂരച്ചൻ ഇതിനകം എഴുതിയിട്ടുണ്ട്. ഗ്രന്ഥകാരനിൽ നിന്ന് തുടർന്നും ദൈവ ജനത്തിന് പ്രയോജനപ്രദങ്ങളായ ഗ്രന്ഥങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. ഗ്രന്ഥകർത്താവായ ബ. ജോൺ കോന്നിയൂരച്ചനെ സർവ്വശക്തനായ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേർന്നുകൊണ്ടും ഈ ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ധർമ്മപീഠം, ബത്തേരി

5.5.95

എന്ന്,

**മോസ്റ്റ്. റവ. ഡോ: സിറിൽ മാർ ബസേലിയോസ്**

(ബത്തേരി രൂപത മെത്രാപ്പോലീത്ത)

www.malankaralibrary.com

# ഒന്നാം ഭാഗം

www.malankaralibrary.com

# I. സഭ

യേശുക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിച്ച്, പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ പ്രാപിച്ചുകൊണ്ട്, പിതാവായ ദൈവത്തിന്റെ തിരുസന്നിധിയിൽ രൂപം കൊള്ളുന്ന ദൈവജനത്തിന്റെ കൂട്ടവും കൂട്ടായ്മയുമാണ് സഭ. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ സൂചിപ്പിക്കുന്ന പ്രതീകങ്ങൾ ആദ്യനൂറ്റാണ്ടുകളിൽത്തന്നെ നിലവിൽ വന്നിരുന്നു. ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന പൂജാപാത്രങ്ങളിലും മറ്റ് വസ്തുക്കളിലും സഭയെ സൂചിപ്പിക്കുന്ന പ്രതീകാത്മകചിത്രങ്ങൾ മൂന്നും നാലും നൂറ്റാണ്ടുകളിൽ തന്നെ കാണപ്പെട്ടിരുന്നു. തുടർന്ന് മദ്ധ്യനൂറ്റാണ്ടുകളിൽ മാത്രമല്ല ആധുനിക യുഗത്തിൽ പോലും സഭയെ പ്രതിനിധീകരിക്കുന്ന പ്രതീകാത്മക ചിത്രങ്ങളും പ്രതിരൂപങ്ങളും കാണപ്പെടുന്നുണ്ട്.

## 1 കപ്പലും കപ്പിത്താനും





ആദ്യനൂറ്റാണ്ടുകളിൽ പ്രചാരത്തിലിരുന്നിരുന്ന ഒരു പ്രതീകമാണിത്. ഭൂഗർഭഗുഹയിലുള്ള ശവകുടീരങ്ങൾ അലങ്കരിക്കുന്നതിനും മറ്റും ഈ പ്രതീകം ആദിമക്രൈസ്തവർ ഉപയോഗിച്ചിരുന്നു. കപ്പൽ സഭയേയും കപ്പിത്താൻ ക്രിസ്തുവിനേയും മറ്റുള്ളവർ അപ്പസ്തോലൻമാരേയും സൂചിപ്പി

www.malankaralibrary.com




ക്കുന്നു. ക്രിസ്തുവിന്റെ നേതൃത്വത്തിൽ സഭയാകുന്ന കപ്പൽ വിശ്വാസികളെ ജീവിതമാകുന്ന സമുദ്രത്തിലൂടെ സ്വർഗ്ഗീയ തുറമുഖത്തേക്ക് നയിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

## 2. രത്നാലംകൃതമായ സ്തംഭം



ദൈവഭവനമാകുന്ന സഭയെ വിശുദ്ധ പൗലോസ് തൂണിനോട് സാദൃശ്യപ്പെടുത്തുന്നുണ്ട്.''ജീവിക്കുന്ന ദൈവത്തിൻെറ സഭയും സത്യത്തിന്റെ തൂണും കോട്ടയുമായ ദൈവഭവനത്തിൽ.........''(1തീമോ.3:15) മുകളിൽ ക്രിസ്റ്റോഗ്രാം ഉറപ്പിച്ചിരിക്കുന്നതും പതിനൊന്ന് രത്നങ്ങളാൽ അലംകൃതവുമായ സ്തംഭം സഭയുടെ മനോഹരമായ ഒരു പ്രതീകമാണ്. ഒരു രത്നം സ്തംഭത്തിൽ നിന്നും ഇളകി താഴെ വീണു കിടക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്റ്റോഗ്രാം ക്രിസ്തുവിനേയും രത്നങ്ങൾ അപ്പസ്തോലൻമാരെയും സൂചിപ്പിക്കുന്നു. സ്തംഭത്തിൽ നിന്നും ഇളകി താഴെ വീണുകിടക്കുന്ന രത്നം അപ്പോസ്തോലഗണത്തിൽ നിന്നും നിപതിച്ചു പോയ ഒറ്റുകാരനായ യൂദാസിനെയാണ് സൂചിപ്പിക്കുന്നത്.

## 3.കപ്പലും ദീപസ്തംഭവും



കപ്പൽ സഭയേയും കുരിശു ക്രിസ്തുവിനേയും ദീപസ്തംഭം ജീവന്റെ തുറമുഖത്തേയും പ്രതിനിധാനം ചെയ്യുന്നു.ക്രിസ്തുവിന്റെ നേതൃത്വത്തിൽ സഭയാകുന്ന കപ്പലിൽ വിശ്വാസികൾ ജീവന്റെ തുറമുഖത്തേക്ക് യാത്രചെയ്യുന്നു എന്ന ആശയത്തിന്റെ ആവിഷ്ക്കാരമാണ് ഈ പ്രതീകം.






## 4. നോഹയുടെ പെട്ടകവും മഴവില്ലും

ആധുനിക നൂറ്റാണ്ടുകളിൽ ഉരുത്തിരിഞ്ഞ ഒരു ആശയത്തിന്റെ ആവിഷ്ക്കരണമാണ് ഈ പ്രതീകം. പഴയ ഉടമ്പടിയിലൂടെ പുതിയ ഉടമ്പടിയായ സഭയെ ഈ പ്രതീകം സൂചിപ്പിക്കുന്നു. ജലപ്രളയത്തിനു ശേഷം ദൈവം നോഹയോടും കുടുംബത്തോടും ചെയ്ത ഉടമ്പടിയുടെ പ്രതീകാത്മക ചിത്രീകരണമാണിത്. ഉല്പത്തി 9-ാം അദ്ധ്യായം 8മുതൽ 17വരെയുള്ള വാക്യങ്ങളിൽ ഈ ഉടമ്പടിയെക്കുറിച്ചും അതിൽ മഴവില്ലിനുള്ള സ്ഥാനത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.



## 5. സെന്റ് പീറ്റേഴ്സ് ദേവാലയം


കഴിഞ്ഞ നൂറ്റാണ്ടുകളിൽ കാണപ്പെട്ടിരുന്ന ഒരു പ്രതീകമാണിത്. പാറയുടെ മുകളിൽ സ്ഥിതിചെയ്യുന്ന സെന്റ് പീറ്റേഴ്സ് ദേവാലയം ആഗോളസഭയെ സൂചിപ്പിക്കുന്ന പ്രതീകമാണ് .'പേത്രൂസ്' എന്ന ആലേഖനവും ശ്രദ്ധേയമാണ്.



www.malankaralibrary.com



### 6. തേനീച്ചക്കൂട്

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ സൂചിപ്പിക്കുന്ന ഒരു ആധുനിക പ്രതീകമാണ് തേനീച്ചക്കൂട്. ക്രമീകൃതമായ ജീവിതത്തിന്റെയും സംവിധാനത്തിന്റെയും ദൃഷ്ടാന്തമാണിത്. ഏതൊരു ശിൽപിയേയും അത്ഭുതപ്പെടുത്തുന്ന സംവിധാനമാണ് തേനീച്ചക്കൂടിനുള്ളത്. ക്ഷാമകാലത്ത് ഉപയോഗിക്കുന്നതിന് തേൻ സംഭരിച്ചു വെക്കുന്നതിനുള്ള അറകൾ, മുട്ടയിട്ട് പുഴുക്കളെ വളർത്തുന്നതിനുള്ള അറകൾ, അറകളുടെ സംവിധാനം ഇവയെല്ലാം കലാവിരുതോടു കൂടി നിർമ്മിക്കപ്പെട്ടിരിക്കുന്നു. തേനീച്ചകളുടെ ജീവിതചര്യയും ക്രമീകൃതമാണ്. എല്ലാവരും അനുസരിക്കുന്ന, എല്ലാവരേയും സ്നേഹിക്കുന്ന ഒരധികാരി-റാണി- അതിനെ കേന്ദ്രീകരിച്ചാണ് തേനീച്ചകളുടെ ജീവിതചക്രം ഭ്രമണം ചെയ്യുന്നത്. തേൻ ശേഖരിക്കുന്നതിനും മറ്റു ജോലികൾ ചെയ്യുന്നതിനുമായി ഒരു കൂട്ടർ. പ്രതിഷേധമോ പിറുപിറുപ്പോ കൂടാതെ അവർ സമുഹത്തിനുവേണ്ടി ജോലിചെയ്യുന്നു. റാണിയുടെ പരിചാരകന്മരായി ഒരു കൂട്ടർ. എല്ലാം ഒരു താളക്രമം അനുസരിച്ച് നീങ്ങുന്നു. സഭാജീവിതവും സഭാസംവിധാനവും ചിട്ടയായി ക്രമപ്പെടുത്തിയിട്ടുള്ളവയാണ്. എല്ലാവരും അനുസരിക്കുകയും എല്ലാവരെയും സ്നേഹിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ കേന്ദ്രീകരിച്ച് ക്രൈസ്തവന്റെ ജീവിതചക്രം ഭ്രമണം ചെയ്തുകൊണ്ടേയിരിക്കുന്നു.



### 7. ക്രിസ്റ്റോഗ്രാമും, കപ്പലും, പക്ഷിയും.

ക്രിസ്റ്റോഗ്രാം ക്രിസ്തുവിനേയും കപ്പൽ സഭയേയും പക്ഷി വിശ്വാസികളേയും ഈന്തലിന്റെ ഇലകൾ സ്വർഗ്ഗീയപ്രതിഫലത്തേയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ സംരക്ഷണയിൽ വിശ്വാസികൾ സഭയാകുന്ന കപ്പലിൽ സഞ്ചരിച്ച് സ്വർഗ്ഗീയപ്രതിഫലം പ്രാപിക്കുന്നു എന്ന ആശയമാണ് ഈപ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.








### 8 മോശയും പാറയും.




പ്രാചീന കാലം മുതൽ തന്നെ ഉപയോഗത്തിലിരുന്ന ഒരു പ്രതീകമാണിത്. പഴയ ഒരു സ്വർണ്ണ ഗ്ലാസ്സിൽ കണ്ടതാണ് ഈ ചിത്രീകരണം. മോശ പാറയിൽ അടിച്ച് വെള്ളം പുറപ്പെടുവിച്ചതുപോലെ സഭയിൽനിന്നും കൃപാവരങ്ങളുടെ നീർച്ചാലുകൾ ഒഴുകുന്നു. സഭയുടെ പശ്ചാത്തലത്തിൽ ഇവിടെ പത്രോസിനെയാണ് മോശ പ്രതിനിധാനം ചെയ്യുന്നത്. 'പേത്രൂസ്' എന്ന മേലെഴുത്തുമൂലം സിദ്ധിക്കുന്ന ദ്വയാർത്ഥം ഈ പ്രതീകത്തിന് പ്രാധാന്യം നൽകുന്നു.

### 9. മത്സ്യം, കപ്പൽ, ക്രിസ്റ്റോഗ്രാം





മത്സ്യവും ക്രിസ്റ്റോഗ്രാമും ആൽഫയും ഒമേഗയും (A,Ω) ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. കപ്പൽ സഭയെ സൂചിപ്പിക്കുന്നു. ഞെരുക്കങ്ങളും പ്രയാസങ്ങളുമാകുന്ന തിരമാലകളുടെ മദ്ധ്യത്തിലൂടെ ക്രിസ്തു സഭയെ നയിക്കുന്നു എന്ന ആശയത്തിന്റെ ആവിഷ്കരണമാണ് ഈ പ്രതീകം.

www.malankaralibrary.com



### 10.സ്തംഭം,രത്നം,ആട്ടിൻകുട്ടി.

വിവിധ പ്രതീകങ്ങളുപയോഗിച്ച് രൂപപ്പെടുത്തിയിരിക്കുന്ന മനോഹരമായ ഒരു പ്രതീകാത്മക ചിത്രീകരണമാണിത്. ഇതിൽ ആട്ടിൻകുട്ടികൾ, പക്ഷികൾ, സ്തംഭം, സ്തംഭത്തിൽ പതിച്ചിരിക്കുന്ന രത്നങ്ങൾ, ഈന്തലിന്റെ ഇലകൾ,മഴവില്ല്, ക്രിസ്റ്റോഗ്രാം വഹിച്ചിരിക്കുന്ന ആട്ടിൻകുട്ടി, വൃത്തം എന്നീ പ്രതീകങ്ങൾ കാണാം. സ്തംഭം സഭയേയും അതിൽ പതിച്ചിരിക്കുന്ന പന്ത്രണ്ട് രത്നങ്ങൾ പന്ത്രണ്ട് അപ്പസ്തോലന്മാരേയും സൂചിപ്പിക്കുന്നു. സ്തംഭത്തിനു മുകളിൽ കാണുന്ന ഈന്തലിന്റെ ഇലകൾ നിത്യജീവനെ സൂചിപ്പിക്കുന്നു. അതിനു മുകളിൽ കാണുന്ന മഴവില്ലും ക്രിസ്റ്റോഗ്രാം വഹിച്ചു നില്ക്കുന്ന ആട്ടിൻകുട്ടിയും സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. ഈ മഴവില്ലിനേയും സിംഹാസനത്തേയും ക്രിസ്തുവിനേയും കുറിച്ച് വെളിപാടു പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. ''പെട്ടെന്നു ഞാൻ ആത്മീയാനുഭൂതിയിൽ




ലയിച്ചു. അതാ സ്വർഗ്ഗത്തിൽ ഒരു സിംഹാസനം ഒരുക്കപ്പെട്ടിരിക്കുന്നു. സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നു. സിംഹാസനസ്ഥൻ കാഴ്ചയിൽ സൂര്യകാന്തം പോലെയും മാണിക്യം പോലെയും ആയിരുന്നു. സിംഹാസനത്തിനു ചുറ്റും മരതകം പോലെയുള്ള ഒരു മഴവില്ലും കാണപ്പെട്ടു'' (വെളി.4:2-3) വൃത്തം നിത്യതയെ സൂചിപ്പിക്കുന്നതാണ്. പക്ഷികളും ആട്ടിൻകുട്ടികളും വിശ്വാസികളെയാണ് സൂചിപ്പിക്കുന്നത്. വിശ്വാസികൾ നിത്യജീവനുവേണ്ടി സഭയിലേക്കും ക്രിസ്തുവിങ്കലേക്കും ഉറ്റുനോക്കുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.





### 11. കപ്പൽ, ക്രിസ്റ്റോഗ്രാം, ഒലിവിൻ ചില്ല.



ഓളങ്ങളിലൂടെ സഞ്ചരിക്കുന്ന കപ്പൽ സഭയുടെ പ്രതീകമാണ്. ചതുരാകൃതിയിലുള്ള പ്രകാശവലയത്തിനുള്ളിൽ കാണുന്ന ക്രിസ്റ്റോഗ്രാം ക്രിസ്തുവിന്റെ പ്രതീകമാണ്. ഈന്തൽച്ചില്ല സ്വർഗ്ഗീയ പ്രതിഫലത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ സംരക്ഷണയിൽ, ക്രിസ്തുവിലൂടെ, സഭ സ്വർഗ്ഗീയ പ്രതിഫലം വിശ്വാസികൾക്കായി കൊണ്ടു വരുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.


### 12.ജീവജലപ്രവാഹം

സഭയെ സംബന്ധിക്കുന്ന പരിപൂർണ്ണവും അർത്ഥസമ്പുഷ്ടവുമായ ഒരു പ്രതീകമാണിത്. പ്രാവ്,പരിശുദ്ധാത്മാവിനെയും കുരിശും ക്രിസ്റ്റോഗ്രാമും ക്രിസ്തുവിനേയും പാറ സഭയേയും നദികൾ രക്ഷക്ക് നിദാനമായ കൃപാവരങ്ങളേയും ആട്ടിൻ കുട്ടികളും കലമാനുകളും വിശ്വാസികളേയും പാറക്ക് അടിയിൽ കാണുന്ന സ്ഥലം പറുദീസയേയും സൂചിപ്പിക്കുന്നു.

മനോഹരമായ ഒരു ആശയമാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവിൽ നിന്ന് കൃപാവരങ്ങൾ ഒഴുകുന്നു. അത് ക്രിസ്തുവിലൂടെ സഭയിൽ എത്തിച്ചേരുന്നു. സഭയിൽ നിന്നും പുറപ്പെടുന്ന കൃപാവരങ്ങളാകുന്ന ജീവജലനദിയിൽ നിന്ന് വിശ്വാസികൾ മതിയാകുവോളം പാനം ചെയ്യുന്നു. വിശ്വാസികൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന പ്രതിഫലമായ പറുദീസയിൽ എത്തിച്ചേരുന്ന ആത്മാക്കളെ ദൈവദൂതൻ സംരക്ഷിക്കുന്നു.

ദൈവത്തിൽ നിന്ന് പുറപ്പെടുന്ന കൃപാവരങ്ങൾ ക്രിസ്തുവിലൂടെ വിശ്വാസികൾക്ക് നല്കുകയും അവർ മരണശേഷം പറുദീസയിൽ എത്തിച്ചേരുകയും ദൈവദൂതന്മാരാൽ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്ന ഉത്കൃഷ്ടമായ ആശയമാണ് ഈ പ്രതീകം ആവിഷ്ക്കരിക്കുന്നത്.

www.malankaralibrary.com







# II. പരിശുദ്ധ ത്രിത്വം

ക്രൈസ്തവ വിശ്വാസസംഹിതയിൽ വിശുദ്ധ ത്രിത്വത്തിനുള്ള സ്ഥാനം പരിഗണിക്കുമ്പോൾ, ആദിമക്രൈസ്തവരുടെയിടയിൽ വിശുദ്ധ ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങൾ വിരളമായിപ്പോയത് ആശ്ചര്യജനകമായിരിക്കുന്നു. ഒരു പക്ഷെ ആദ്യനൂറ്റാണ്ടുകളിൽ വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ആധികാരിക വിശകലനങ്ങളുടെ അഭാവമായിരിക്കണം ഇതിനു കാരണം. നവോത്ഥാന കാലഘട്ടമായപ്പോഴേക്കും മേൽപ്പറഞ്ഞ കുറവ് പരിഹരിക്കുമാറ് വിശുദ്ധ ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളും പ്രചാരത്തിൽ വന്നു. സമഭുജത്രികോണം, മൂവിലച്ചെടി,പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നതും ഒരേ മാതൃകയിലുള്ളതുമായ മൂന്ന് വൃത്തങ്ങൾ തുടങ്ങിയവ വിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്.

### 1. സമഭുജ ത്രികോണം.

പ്രാചീന കാലം മുതൽ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണ് സമഭുജത്രികോണം. വിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്ന ആദ്യത്തെ പ്രതീകം ഇതാണെന്ന് കരുതപ്പെടുന്നു. ത്രികോണം സമഭുജമായതുകൊണ്ട് ത്രിത്വത്തിലെ ഓരോ വ്യക്തിയും സാരാംശത്തിൽ സമന്മാരാണെന്നുള്ളതിനേയും ത്രികോണത്തിലെ ഭുജങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ത്രിത്വത്തിന്റെ ഏകത്വത്തേയും സൂചിപ്പിക്കുന്നു.



### 2.മൂവിലത്തണ്ട്

വിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. ഒരു തണ്ടിൽ

www.malankaralibrary.com




ഒരേ മാതൃകയിലുള്ള മൂന്ന് ഇലകൾ. തണ്ട് ത്രിത്വത്തിന്റെ ഏകത്വത്തേയും മൂന്ന് ഇലകൾ ഏകദൈവത്തിലുള്ള മൂന്ന് ആളുകളേയും സൂചിപ്പിക്കുന്നു.




### 3. മൂന്ന് മത്സ്യങ്ങൾ

മൂന്ന് മത്സ്യങ്ങളെക്കൊണ്ട് രൂപം നൽകിയിരിക്കുന്ന ഒരു സമഭുജത്രികോണം. വിശുദ്ധത്രിത്വത്തെ സൂചിപ്പിക്കുന്നതിന് വളരെ പ്രാചീന കാലം മുതൽ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണിത്. ജ്ഞാനസ്നാനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങളിലാണ് സാധാരണ ഈ പ്രതീകം കാണപ്പെടുന്നത്. ജ്ഞാനസ്നാനത്തിൽ നാം നമ്മുടെ രക്ഷകനായ യേശുവിന് അനുരൂപരായിത്തീരുന്നു എന്നും മത്സ്യത്തെ വെള്ളത്തിൽ നിന്നും വലിച്ചെടുക്കുന്നതുപോലെ ത്രിത്വത്തിന്റെ നാമത്തിലുള്ള ജ്ഞാനസ്നാനം പാപമാകുന്ന വെള്ളത്തിൽ നിന്ന് നമ്മെ വലിച്ചെടുക്കുന്നു എന്നുമുള്ള ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.



### 4. മൂന്ന് വൃത്തങ്ങൾ

മദ്ധ്യകാലയുഗത്തിന്റെ സംഭാവനയാണ് ഈ പ്രതീകം എന്ന് കരുതപ്പെടുന്നു. വിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. ഏകരൂപം ഉണ്ടാകത്തക്കവണ്ണം ഒരു പോലെയുള്ള മൂന്ന് വൃത്തങ്ങൾ പരസ്പരം ചേർത്തുവയ്ക്കുന്നു. ആദ്യന്തവിഹീനരും സാരാംശത്തിൽ തുല്യരുമായ ത്രിത്വത്തെയാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.









### 5. മൂന്ന് ശിഖരങ്ങളിൽ ഉറപ്പിച്ച മെഴുകുതിരി

കത്തുന്ന മെഴുകുതിരി മൂന്ന് ശിഖരങ്ങളുള്ള മെഴുകുതിരിത്തണ്ടിൽ ഉയർത്തിക്കാണിക്കുന്നു മൂന്ന് ശിഖരങ്ങൾ ത്രിത്വത്തിലെ മൂന്ന് ആളുകളേയും കത്തുന്ന തിരി ത്രിത്വത്തിന്റെ ഏകതത്തെയും സൂചിപ്പിക്കുന്നു.




### 6. മൂന്ന് ഇലകളുടെ ആകൃതി

ത്രിത്വത്തെ സൂചിപ്പിക്കുന്ന ഈ പ്രതീകം ഏകരൂപവും ഒരു സമഭുജത്രികോണത്തിന്റെ ആകൃതിയും ലഭിക്കത്തക്കവിധമാണ് ചിത്രീകരിക്കുന്നത് മൂന്ന് ഇലകളുടെ ആകൃതി ത്രിത്വത്തിലെ മൂന്ന് ആളുകളേയും ഏകരൂപം ഏകദൈവത്തേയും സൂചിപ്പിക്കുന്നു.



### 7. ത്രിത്വത്തിലെ മൂന്ന് ആളുകൾ

മദ്ധ്യകാലയുഗത്തിൽ സർവസാധാരണമായിരുന്നതും ഇന്നും ധാരാളമായി ഉപയോഗിക്കുന്നതുമായ, ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകമാണിത്. ഈ പ്രതീകത്തിൽ ത്രിത്വത്തിലെ മൂന്ന് ആളുകളേയും പ്ര




www.malankaralibrary.com



ത്യേകം പ്രത്യേകം ചിത്രീകരിച്ചിരിക്കുന്നു. രാജകീയ കിരീടം ധരിച്ച് സിംഹാസനത്തിലിരിക്കുന്ന പിതാവായ ദൈവവും ക്രൂശിതനായ ക്രിസ്തുവും ക്രിസ്തുവിന്റെ ശിരസ്സിനു മുകളിൽ ചുറ്റിത്തിരിയുന്ന പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവും ത്രിത്വത്തെ പ്രതിനിധീകരിക്കുന്ന പ്രചോദനാത്മകമായ ഒരു ദൃശ്യമാണ്.


### 8. വൃത്തവും മൂന്ന് ഇലകളുടെ ആകൃതിയും




ഒരു രേഖയിൽ തുടങ്ങി അവസാനിക്കുന്നതും ഇലയുടെ ആകൃതിയുള്ളതുമായ ഒരു രേഖാചിത്രമാണിത്. ഇത് ത്രിത്വത്തെ സൂചിപ്പിക്കുന്നു. ഒരു വൃത്തത്താൽ ഇവ പരസ്പരം യോജിപ്പിച്ചിരിക്കുന്നു. മൂന്ന് ഇലകൾ ത്രിത്വത്തിലെ മൂന്ന് ആളുകളേയും വൃത്താകൃതി ത്രിത്വത്തിന്റെ ഏകത്വം, അനന്തത ഇവയേയും സൂചിപ്പിക്കുന്നു.

### 9.ഒരു തണ്ടിൽ മൂന്ന് മെഴുകുതിരികൾ

ഏക ദൈവത്തിലെ മൂന്ന് ആളുകളെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. കത്തുന്ന മൂന്ന് തിരികൾ ഒരു തണ്ടിൽ ഉരുക്കിച്ചേർത്ത് ഉറപ്പിച്ചിരിക്കുന്നു. തണ്ട് ത്രിത്വത്തിന്റെ ഏകത്വത്തെയും കത്തുന്ന മൂന്ന് തിരികൾ ത്രിത്വത്തിലെ മൂന്ന് ആളുകളേയും സൂചിപ്പിക്കുന്നു.



### 10. ചെടി



പരിശുദ്ധ ത്രിത്വത്തെ പ്രതീകാത്മകമായി ആവിഷ്കരിക്കുന്നതാണ് ചെടിയുടെ ചിത്രം. ചെടിയുടെ വേര് പിതാവായ ദൈവത്തേയും തണ്ട് പുത്രനായ ദൈവത്തേയും ഇല പരിശുദ്ധാത്മാവായ ദൈവത്തേയും സൂചിപ്പിക്കുന്നു. വേരും തണ്ടും ഇലയും തമ്മിലുള്ള ആഭേദ്യമായ ബന്ധം ത്രിത്വത്തിന്റെ അഭേദ്യമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. വേരിനോ തണ്ടിനോ ഇലയ്ക്കോ ചെടിയിൽ നിന്ന്





വേർപെട്ട് തനതായ അസ്തിത്വമില്ല. വേരിനും തണ്ടിനും ഇലയ്ക്കും പ്രത്യേകം പ്രത്യേകം വ്യാപാരങ്ങളുണ്ടെങ്കിലും ചെടിയുടെ അസ്തിത്വം വേരിന്റേയും തണ്ടിന്റേയും ഇലയുടേയും വ്യാപാരങ്ങളിൽ അധിഷ്ഠിതമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ ഏകത്വത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

www.malankaralibrary.com

# III. പിതാവായ ദൈവം

പിതാവായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളുടെ ആശയം അധികവും സ്വീകരിച്ചിരിക്കുന്നത് പഴയ നിയമത്തിൽ നിന്നാണ്. പിതാവായ ദൈവമാണ് തന്നെത്തന്നെ യഹൂദർക്ക് വെളിപ്പെടുത്തിയിരുന്നത്. ദൈവത്തിന്റെ വലതുകരം, എല്ലാം കാണുന്ന കണ്ണ്, പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്ന ദൈവത്തിന്റെ പേരുകൾ തുടങ്ങിയവയാണ് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നതിനുപയോഗിക്കുന്ന പ്രതീകങ്ങൾ. പിതാവായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന പൂർണ്ണ മനുഷ്യരൂപത്തിലുള്ള പ്രതീകങ്ങൾ കാണുന്നില്ല.

## 1. ഞാൻ ഞാൻ തന്നെ

പിതാവായ ദൈവത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. പിതാവായ ദൈവത്തിന്റെ, ഗ്രീക്ക് മാതൃകയിലുള്ള പേരാണ് ഇവിടെ ചിത്രീകരി





ച്ചിരിക്കുന്നത്. ഈ പ്രതീകത്തിന്റെ ആശയം പുറപ്പാടു പുസ്തകം 3-ാം അദ്ധ്യായം 14-ാം വാക്യത്തിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്. ''ദൈവം മോ





ശയോട് അരുളിച്ചെയ്തു; ഞാൻ ഞാൻ തന്നെ. ഇസ്രായേൽ മക്കളോട് നീ പറയുക, ഞാനാകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു.''

## 2. കൈപ്പത്തി



വിശുദ്ധ ലിഖിതങ്ങളിൽ പലപ്പോഴും പരാമർശിക്കപ്പെടുന്ന ദൈവത്തിന്റെ വലതുകരം എന്ന പ്രയോഗത്തിൽ നിന്നാണ് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്ന ഈ പ്രതീകം രൂപം കൊണ്ടത്. മനുഷ്യരൂപത്തിലെ ഇതരഭാഗങ്ങൾ ഗോപനം ചെയ്തിരിക്കുന്നതായി തോന്നിക്കുന്ന മേഘത്തിൽ നിന്നാണ് ഈ കൈപ്പത്തി കാണപ്പെടുന്നത്. കൈപ്പത്തിയിൽ നിന്ന് പുറപ്പെടുന്ന രശ്മികൾ അനുഗ്രഹങ്ങളെ സൂചിപ്പിക്കുന്നതാണ്.

## 3. പ്രകാശവലയിതമായ വൃത്തം.

''യാഹ്‌വേ'' എന്ന പേര് ഹീബ്രു ലിപികളിൽ ആലേഖനം ചെയ്തിരിക്കുന്ന ഈ ചിത്രീകരണം പിതാവായ ദൈവത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ്. വിശുദ്ധിയുടെ പ്രതീകമായ പരിവേഷമാണ് വൃത്തത്തിനു ചുറ്റും കാണുന്നത്. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ ഈ പ്രതീകം അത്ഭുതസിദ്ധിയുള്ളതായി കരുതിയിരുന്നു.




## 4.അദോനായ്





ഒരു വൃത്തത്തിനുള്ളിൽ 'അദോനായ്' എന്ന് യഹോവയുടെ പേര് ഹീബ്രു ലിപികളിൽ ആലേഖനം ചെയ്തിരിക്കുന്ന ഈ പ്രതീകം പിതാവായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു. പഴയനിയമത്തിൽ യഹോവയ്ക്ക് 'അദോനായ്' എന്ന പേര് ഉപയോഗിച്ചു കാണുന്നുണ്ട്. ''എന്റെ ദൈവമേ'' എന്നാണ് ഈ പേരിന്റെ അർത്ഥം. വൃത്തം ദൈവത്തിന്റെ ആദ്യന്തവിഹീനതയേയും പ്രകാശവലയം വിശുദ്ധിയേയും സൂചിപ്പിക്കുന്നു.

www.malankaralibrary.com



### 5. കണ്ണ്



എല്ലാം കാണുന്ന കണ്ണ് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ്. ദൈവത്തിന്റെ കണ്ണിനെക്കുറിച്ച് സദൃശവാക്യത്തിലും പത്രോസ്സിന്റെ ലേഖനത്തിലും പരാമർശമുണ്ട്. "കർത്താവിന്റെ കണ്ണുകൾ ജ്ഞാനത്തെ കാത്തുസൂക്ഷിക്കുന്നു."(സദൃ.22:12) "കർത്താവിന്റെ കണ്ണുകൾ നീതിമാന്മാരുടെ നേരെയും അവിടുത്തെ ചെവികൾ അവരുടെ പ്രാർത്ഥനകളുടെ നേരേയും തുറന്നിരിക്കുന്നു."(1പത്രോ.3:12) ഈ പ്രതീകം പതിനാറാം നൂറ്റാണ്ടു മുതൽ ഉപയോഗിക്കുവാൻ തുടങ്ങിയെന്ന് കരുതപ്പെടുന്നു. ഒരു ത്രികോണമദ്ധ്യത്തിലാണ് കണ്ണ് ചിത്രീകരിച്ചിരിക്കുന്നത്. ത്രികോണം സമഭുജത്രികോണമായിരിക്കണമെന്ന് നിർബന്ധമില്ല. ത്രികോണത്തിന്റെ വശങ്ങളിൽ നിന്ന് വിശുദ്ധിയുടെ പ്രതീകമായ രശ്മികൾ പുറപ്പെടുന്നു.

### 6. ദാവീദിന്റെ നക്ഷത്രം.

ഹീബ്രു ലിപികളിൽ "യാഹ്വേ" എന്ന് മുദ്രണം ചെയ്തിരിക്കുന്ന ദാവീദിന്റെ നക്ഷത്രം, ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചേരുന്ന യഹോവയുടെ ശക്തിയുടെ പ്രതീകമാണ്.




### 7. മലർത്തിപ്പിടിച്ചിരിക്കുന്ന കൈപ്പത്തി


പിതാവായ ദൈവത്തെ സൂചിപ്പിക്കുന്ന പ്രതീകമാണിത്. കൈപ്പത്തി മുഴുവനും തുറന്നു പിടിച്ചിരിക്കുന്ന രീതിയിൽ സാധാരണ ചിത്രീകരിക്കാറില്ല. തള്ളവിരലും ആദ്യത്തെ രണ്ടു വിരലുകളും നീട്ടിപ്പിടിച്ചിരിക്കുന്ന മാതൃകയിലാണ് ചിത്രീകരിക്കുന്നത്. കൈപ്പത്തിക്കു ചുറ്റിലും കാ





ണുന്ന കുരിശാകൃതിയിലുള്ള പ്രകാശവലയം ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു.





### 8 യാഹ്വേയുടെ കൈയ്

ആശീർവദിക്കാനായി നീട്ടിയിരിക്കുന്ന യഹോവയുടെ കൈയ്. കുരിശുരൂപത്തിലുള്ള കിരണങ്ങളാൽ ഈ കൈയ് വലയം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പ്രതീകവും പ്രാതിനിധ്യവുമാണ് ഈ പരിവേഷം.

### 9. എൽശാദായ്



ഒരു വൃത്തത്തിനുള്ളിൽ സർവശക്തനെന്ന് അർത്ഥമുള്ള 'എൽശാദായ്'എന്ന ഹീബ്രു പദം ആലേഖനം ചെയ്തിരിക്കുന്നു. ഇത് യഹോവയെ സൂചിപ്പിക്കുന്നതാണ്. വിശുദ്ധിയുടെ പ്രതീകമായ പരിവേഷമാണ് വൃത്തത്തിനു ചുറ്റും കാണുന്നത്.

### 10. സാക്ഷ്യപേടകം

യഹോവ ഇസ്രായേൽ ജനത്തിനു നല്കിയ ഉടമ്പടിപത്രിക സൂക്ഷിച്ചിരുന്ന സാക്ഷ്യപേടകം പിതാവായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകമാണ്. പേടകത്തിനു മുകളിലുള്ള കൃപാസനത്തിൽ ഖെരുബുകളുടെ മദ്ധ്യത്തിലിരുന്നുകൊണ്ട് യഹോവ



www.malankaralibrary.com



ഇസ്രായേൽ ജനത്തെ നയിച്ചിരുന്നു. ഈ പ്രതീകത്തിന്റെ ആശയം പുറപ്പാടു പുസ്തകം 25-ാം അദ്ധ്യായം 10മുതൽ 22വരെയുള്ള വാക്യങ്ങളിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്.

### 11. എരിയുന്ന മുൾപ്പടർപ്പ്



ഈ ചിത്രം പിതാവായ ദൈവത്തിന്റെ പ്രതീകാത്മകമായ ആവിഷ്കരണമാണ്. എരിയുന്ന മുൾപ്പടർപ്പിന്റെ മദ്ധ്യത്തിൽ കാണുന്ന ആൽഫയും (A) ഒമേഗയും (Ω) അനാദ്യന്തവിഹീനനായ ദൈവത്തെ സൂചിപ്പിക്കുന്നു. പുറപ്പാടു പുസ്തകം 3-ാം അദ്ധ്യായം ഒന്നുമുതൽ ആറുവരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്ന സംഭവമാണ് ഈ പ്രതീകത്തിനാധാരം.




# IV. പുത്രനായ ദൈവം.

മനുഷ്യഭാവന അതിന്റെ ഉദാത്തമായ മണ്ഡലത്തിലേക്ക് ഉയർന്നു കാണുന്നത് ക്രിസ്തുവിനെ സംബന്ധിച്ചുള്ള പ്രതീകാത്മക ചിത്രീകരണങ്ങളിലാണെന്നു പറയുന്നതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ക്രിസ്തുവിനെ ആധാരമാക്കി വിവിധ രൂപഭാവങ്ങളിൽ നിരവധി പ്രതീകങ്ങൾ ആദ്യനൂറ്റാണ്ടു മുതൽ തന്നെ നിലവിൽ വന്നിട്ടുണ്ട്. അവയിലധികവും ദൈവപുത്രൻ, ലോകരക്ഷകൻ,നല്ല ഇടയൻ, ഗുരു, മനുഷ്യസ്നേഹി, കപ്പിത്താൻ, സമാധാന ദാതാവ് തുടങ്ങിയ ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന പ്രതീകങ്ങളാണ്. മത്സ്യം, ആട്ടിൻകുട്ടി, പെലിക്കൻ പക്ഷി, ക്രിസ്റ്റോഗ്രാം തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്.

### 1. ക്രിസ്റ്റോഗ്രാം

പ്രാചീന കാലങ്ങളിൽ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണ് ക്രിസ്റ്റോഗ്രാം എന്ന പേരിൽ അറിയപ്പെടുന്ന ഗ്രീക്ക് മോണോഗ്രാം. ഇത് ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകാത്മക ആവിഷ്ക്കരണമാണ്. മറ്റു ചില പ്രതീകങ്ങളോടു ചേർത്തും ഇത് ചിത്രീകരിക്കാറുണ്ട്. ആ പ്രതീകം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു എന്ന് കാണിക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്.



"Christ" എന്ന ഹീബ്രു നാമത്തിന്റെ ഗ്രീക്ക് വിവർത്തനം "XPICTOC" എന്നീ അക്ഷരങ്ങളിലും "Jesus" എന്ന ഹീബ്രു നാമത്തിന്റെ ഗ്രീക്ക് വിവർത്തനം "IHCOUC" എന്നീ അക്ഷരങ്ങളിലും എഴുതപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ വിവർത്തനങ്ങളിൽ നിന്നാണ് ക്രിസ്റ്റോഗ്രാമിന്റെ ഉത്ഭവം. Christ എന്ന പദത്തിന്റെ ഗ്രീക്കു വിവർത്തനത്തിലെ ആദ്യത്തെ രണ്ടക്ഷരങ്ങൾ, അതായത് X,P എന്നിവ സംയോജിപ്പിച്ച് ☧ ക്രിസ്റ്റോഗ്രാം രൂപപ്പെടുത്തി.

www.malankaralibrary.com



മറ്റൊരു വിധത്തിലുമാകാം. Christ, Jesus എന്നീ പദങ്ങളുടെ ഗ്രീക്കു വിവർത്തനത്തിലെ ആദ്യക്ഷരങ്ങൾ അതായത്, X,Iഎന്നിവ സംയോജിപ്പിച്ച് ക്രിസ്റ്റോഗ്രാം രൂപപ്പെടുത്തുന്നു. ഈ രണ്ടു വിധത്തിലും ക്രിസ്റ്റോഗ്രാം ചിത്രീകരിക്കാറുണ്ട്.

ചിലപ്പോൾ ക്രിസ്റ്റോഗ്രാമിനോടൊപ്പം ഗ്രീക്കു ഭാഷയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളായ ആൽഫയും(A) ഒമേഗയും(Ω) ചേർത്ത് ചിത്രീകരിക്കുന്നുണ്ട്. ക്രിസ്തു ആദ്യന്തവിഹീനനായ ദൈവമാകുന്നു എന്ന് സൂചിപ്പിക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. ഈ ആശയത്തിനാധാരം വെളിപാടു പുസ്തകം ഒന്നാം അദ്ധ്യായം 8–ാം വാക്യമാണ്. "ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനുമായ ദൈവം അരുളിച്ചെയ്യുന്നു; ഞാൻ ആദിയും അന്തവുമാണ്."

## 2. മത്സ്യം

ക്രൈസ്തവ വിശ്വാസങ്ങളും സന്ദേശങ്ങളും ആവിഷ്ക്കരിക്കുന്നതിന് ആദിമ ക്രൈസ്തവർ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണ് മത്സ്യത്തിന്റെ ചിത്രം. പ്രാചീന ദേവാലയങ്ങളുടെ ഭിത്തികളിലും മറ്റും ഈ ചിത്രം സർവസാധാരണമായി കാണാമായിരുന്നു. "യേശു ക്രിസ്തു ദൈവത്തിന്റെ പുത്രനും രക്ഷിതാവുമാണ്" എന്ന ആശയം ആവിഷ്ക്കരിക്കുന്നതിനുള്ള പ്രതീകമായിട്ടാണ് ആദിമക്രൈസ്തവർ മത്സ്യത്തിന്റെ ചിത്രം ഉപയോഗിച്ചിരുന്നത്. ഇക്ത്തൂസ് (Ichthys) എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം മത്സ്യം എന്നാണ്. ഈ പദത്തിലെ ഓരോ അക്ഷരവും അതായത് I-ch-th-y-s അഞ്ചു പദങ്ങളുടെ ആദ്യക്ഷരങ്ങളാണ്. (IHCOYC, XPICTOC, OEOY, YIOC, CΩTHP) ഈ അഞ്ചു പദങ്ങൾ ഒരുമിച്ചു ചേരുമ്പോൾ "യേശു ക്രിസ്തു ദൈവത്തിന്റെ പുത്രൻ, രക്ഷിതാവ്" (Jesus Christ, Son of God, Savior) എന്ന അർത്ഥമാണ് ലഭിക്കുന്നത്.


IXΘYC

## 3.മയിൽ




ക്രിസ്തുവിനേയും ക്രിസ്തുവിന്റെ ദൈവസ്വഭാവത്തെയും സൂചിപ്പിക്കുന്ന പ്രതീകമാണ് മയിൽ. പ്രാചീന കാലത്ത് അവിശ്വാസികൾക്ക് നിത്യതയേയും ദിവ്യത്വത്തേയും സൂചിപ്പിക്കുന്ന പ്രതീകമായിരുന്നു ഇത്.





പിൽക്കാലത്ത് ക്രൈസ്തവർ ഇതിനെ ക്രിസ്തുവിനേയും ക്രിസ്തുവിന്റെ ദൈവസ്വഭാവത്തേയും സൂചിപ്പിക്കുന്ന പ്രതീകമായി സ്വീകരിച്ചു.

## 4 നങ്കൂരം



യുഗങ്ങളായി പ്രത്യാശയുടെ പ്രതീകമായിരുന്നു നങ്കൂരം. ഈ പ്രത്യാശയേയും നങ്കൂരത്തേയും ബന്ധപ്പെടുത്തി പൗലോസ് പരാമർശിക്കുന്നുണ്ട്, "ഈ പ്രത്യാശ നമ്മുടെ ആത്മാവിന്റെ സുരക്ഷിതവും സുസ്ഥിരവുമായ നങ്കൂരം പോലെയാണ്."(എബ്രാ.6:19)

ക്രൈസ്തവർക്ക് പ്രത്യാശയുടെ അടിസ്ഥാനം യേശുക്രിസ്തുവാണ്. അതുകൊണ്ട് നങ്കൂരം ക്രിസ്തുവിന്റെ പ്രതീകമായിത്തീർന്നു. അതിന്റെ മുകളിലേക്കുള്ളതും കുറുകെയുള്ളതുമായ തണ്ടുകൾ ചേർന്നു കുരിശുരൂപമായിത്തീരുന്നു.

## 5.ഒരു തണ്ടിൽ രണ്ടു തിരികൾ



യേശുക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങളെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നതാണ് ഈ പ്രതീകം.

## 6.നല്ല ഇടയൻ

നല്ല ഇടയനായ യേശു ക്രിസ്തുവിനേയും വിശ്വാസികളേയും സൂചിപ്പിക്കുന്ന പ്രതീകമാണിത്. മുട്ടാടുകളും പെണ്ണാടുകളും ആട്ടിൻകുട്ടിയും വിശ്വാ




www.malankaralibrary.com



സികളെയും ആട്ടിൻകുട്ടിയെ തോളിൽ വഹിച്ചുകൊണ്ടു നില്ക്കുന്നയാൾ ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായം 11-ാം വാക്യമാണ് ഈ പ്രതീകത്തിനാധാരം. ''ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.''

## 7.വൃത്തത്തിനുള്ളിൽ മോണോഗ്രാമും കുരിശും

ക്രൂശിതനായ യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. യേശു ക്രിസ്തുവിനെ സൂചിപ്പിക്കുന്ന സൂചനാക്ഷരമുദ്ര(മോണോഗ്രാം) ഒരു കുരിശിന്മേൽ പതിച്ച് എല്ലാം കൂടി ഒരു വൃത്തത്തിനുള്ളിൽ ക്രമീകരിച്ചിരിക്കുന്നു. മോണോഗ്രാം യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ✱ ഇത് കുരിശിന്മേൽ പതിക്കുമ്പോൾ ✳ ക്രൂശിതനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ഇത് ഒരു വൃത്തത്തിനുള്ളിൽ നിബന്ധിക്കുമ്പോൾ ⊛ അനാദ്യന്തദൈവവും ക്രൂശിക്കപ്പെട്ടവനുമായ യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. വൃത്തം അനാദ്യന്തദൈവത്തെയാണ് സൂചിപ്പിക്കുന്നത്.



## 8.ഫീനിക്സ് പക്ഷി

അറേബ്യൻ മരുഭൂമിയിൽ ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന ഒരു സാങ്കല്പിക പക്ഷിയാണ് ഫീനിക്സ്. ക്രിസ്തുവിന്റെ മരണമില്ലായ്മയെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. ഈ പക്ഷി മരണമടുക്കുമ്പോൾ സ്വയം അഗ്നിയിൽ പ്രവേശിക്കുകയും പിന്നീട് അതിന്റെ തന്നെ ചാരത്തിൽ നിന്ന് പുനർജനിക്കുകയും അങ്ങനെ അതിന്റെ ജീവചക്രം മുന്നോട്ടു നീങ്ങുകയും ചെയ്യുന്നു എന്നാണ് സങ്കല്പം. ഒന്നാം നൂറ്റാണ്ടിലാണ് ഈ പ്രതീകം ക്രൈസ്തവ ചിത്രകലയിൽ സ്ഥാനം പിടിക്കുന്നത്. പുനരുത്ഥാനത്തിലുള്ള വിശ്വാസം പ്രതീകാത്മകമായി ചിത്രീകരിക്കുന്നതിനുവേണ്ടി ഭൂഗർഭഗുഹയിലുള്ള ശവകുടീരങ്ങളിൽ ഫീനിക്സ് പക്ഷിയുടെ ചിത്രം ആലേഖനം ചെയ്തിരുന്നു.




## 9.കുരിശും പിത്തളസർപ്പവും

ഇസ്രായേൽ ജനത്തെ ശിക്ഷിക്കുന്നതിനായി ദൈവം അയച്ച അഗ്നി





സർപ്പങ്ങളുടെ കടിയേറ്റവർക്ക് നോക്കി സൗഖ്യം പ്രാപിക്കുവാനായി മോശ മരുഭൂമിയിൽ ഉയർത്തിയ പിത്തള സർപ്പം ക്രിസ്തുവിന്റെ പ്രതീകമായി ചിത്രീകരിക്കാറുണ്ട്.






## 10.ഈന്തലിന്റെ ഇലകൊണ്ടുള്ള ക്രിസ്റ്റോഗ്രാം

വിജയ ചിഹ്നമായ ഈന്തലിന്റെ ഇലകൾകൊണ്ടാണ് ഈ ക്രിസ്റ്റോഗ്രാമിലെ **X** രൂപപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തു ജേതാവ് എന്ന ആശയമാണ് ഈ പ്രതീകം ആവിഷ്ക്കരിക്കുന്നത്.

## 11. നങ്കൂരവും മത്സ്യവും




ഒരു പ്രാചീന മോതിരക്കല്ലിൽ കൊത്തിയിട്ടുള്ളതാണ് ഈ ചിത്രം. കുരിശു രൂപത്തിലുള്ള നങ്കൂരവും അതിൽ ചുറ്റിപ്പിണഞ്ഞു കിടക്കുന്ന മത്സ്യവും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്നതാണ്.

www.malankaralibrary.com



### 12. കുഞ്ഞാടും ഈന്തൽച്ചെടിയും



ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. കുഞ്ഞാട് നല്ല ഇടയനായ ക്രിസ്തുവിനേയും അതിന്റെ പാർശ്വത്തിൽ കാണുന്ന ഈന്തൽച്ചെടി ഇടയന്റെ പുഷ്പിച്ച വളഞ്ഞ വടിയേയും നിത്യജീവനേയും അതിൽ തൂക്കിയിട്ടിരിക്കുന്ന പാത്രത്തിൽ കാണുന്ന ദ്രാവകം കുഞ്ഞാടിന്റെ രക്തത്തേയും സൂചിപ്പിക്കുന്നു. നല്ല ഇടയനായ ക്രിസ്തു വിശ്വാസികൾക്കായി തന്റെ രക്തം കൊണ്ടു വരുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

### 13. ക്രിസ്റ്റോഗ്രാം, കൊടി, സർപ്പം




കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് പ്രചാരത്തിലിരുന്ന ഒരു നാണയത്തിൽ കൊത്തിയിട്ടുള്ളതാണ് ഈ ചിത്രം. ക്രിസ്റ്റോഗ്രാം ക്രിസ്തുവിനേയും കൊടി ക്രിസ്തുവിന്റെ ശരീരത്തെയും സൂചിപ്പിക്കുന്നു. ക്രിസ്തു കുരിശുമരണത്തിലൂടെ പാപത്തെ ജയിച്ചു എന്ന ആശയമാണ് സർപ്പം സൂചിപ്പിക്കുന്നത്. ക്രിസ്തു ജനതയുടെ പ്രത്യാശ എന്ന വിശ്വാസത്തിന്റെ പ്രതീകാത്മക ചിത്രീകരണം കൂടിയാണ് ഈ പ്രതീകം.


### 14. അരുവി, ആട്ടിൻകുട്ടി, കുരിശ്, പക്ഷികൾ


വിവിധ ചിത്രങ്ങൾകൊണ്ട് രൂപപ്പെടുത്തിയിരിക്കുന്നതാണ് ഈ പ്രതീകം. കുന്നിൽ നിന്ന് പ്രവഹിക്കുന്ന നാല് അരുവികൾ നാല് സുവിശേഷങ്ങളേയും കുന്നിൻ മുകളിൽ കാണുന്ന കുഞ്ഞാടും കുരിശും ക്രിസ്തുവിനേയും പക്ഷികൾ വിശ്വാസികളേയും പ്രതിനിധാനം ചെയ്യുന്നു. സുവിശേഷങ്ങൾ ഉയർത്തിക്കാണിക്കുന്ന ക്രൂശിതനായ ക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിന് രക്ഷ ലഭിച്ചു എന്ന ആശയത്തിന്റെ ആവിഷ്ക്കരണമാണ് ഈ പ്രതീകം. ഭൂ





ഗർഭഗുഹയിലുള്ള ശവകുടീരങ്ങളിൽ ഈ ചിത്രം കാണപ്പെടുന്നുണ്ട്.





### 15. മുദ്രിത ഗ്രന്ഥവും കുഞ്ഞാടും

സപ്തമുദ്രകൾ പതിച്ച പുസ്തകത്തിനു മുകളിൽ കിടക്കുന്ന കുഞ്ഞാട്. വിശുദ്ധ യോഹന്നാന്റെ ദർശനത്തിൽ ഈ കുഞ്ഞാടിനേയും സപ്തമുദ്രകളേയും കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. (വെളിപാട്, 5-ാം അദ്ധ്യായം) ഈ കുഞ്ഞാട് ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. കുഞ്ഞാടിനെക്കുറിച്ച് യോഹന്നാൻ ഇപ്രകാരം പറയുന്നു. ''ഇതാ യൂദാവംശത്തിൽ നിന്നുള്ള സിംഹവും ദാവീദിന്റെ വേരും ആയവൻ വിജയിച്ചിരിക്കുന്നു. അവന് ചുരുൾ നിവർക്കാനും സപ്തമുദ്രകൾ പൊട്ടിക്കാനും കഴിയും.'' സപ്തമുദ്രകൾ പൊട്ടിച്ച് ചുരുൾ നിവർക്കാൻ കഴിവുള്ള ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെക്കുറിച്ചാണ് യോഹന്നാൻ പറയുന്നത്.

### 16. മത്സ്യം, കുരിശ്, പക്ഷി




ക്രിസ്തു കുരിശിലൂടെ വിശ്വാസികൾക്ക് രക്ഷ നല്കുന്നു എന്ന ആശയം സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. ഇതിൽ കാണുന്ന മത്സ്യം ക്രിസ്തുവിനേയും കുരിശ് രക്ഷയേയും പക്ഷി വിശ്വാസികളേയും സൂചിപ്പിക്കുന്നു. ക്രിസ്തു എന്ന് പൂർണ്ണമായ പേരും ആലേഖനം ചെയ്തിട്ടുണ്ട്.

www.malankaralibrary.com



### 17. ആട്ടിൻകുട്ടി, കുരിശ്, കൊടി

ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രതീകമാണ് ഈ ചിത്രീകരണം.ആട്ടിൻകുട്ടി ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനേയും കുരിശ് ക്രിസ്തുവിന്റെ കുരിശുമരണത്തേയും കൊടി ക്രിസ്തുവിന്റെ പുനരുത്ഥാനത്തേയും സൂചിപ്പിക്കുന്നു.





### 18. മത്സ്യവും മോണോഗ്രാമും

ഈ പ്രതീകത്തിൽ കാണുന്ന ക്രിസ്തുവിനെ സൂചിപ്പിക്കുന്ന മോണോഗ്രാം (സൂചനാക്ഷര മുദ്ര) മത്സ്യത്തെ മുറിക്കുന്നു. ഇത് ക്രിസ്തുവിന്റെ മരണത്തെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെയുള്ള ത്യാഗമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.


### 19. അലംകൃതമായ കുരിശ്

സെന്റ്.ജോൺ ക്രിസോസ്റ്റം, നാലാം നൂറ്റാണ്ടിൽ, ആരിയൻ ഉപദേശങ്ങൾക്ക് എതിരായി കാതോലിക വിശ്വാസം പഠിപ്പിച്ചിരുന്ന കാലഘട്ടത്തിൽ ഈ പ്രതീകത്തിൽ കാണുന്ന വിധത്തിലുള്ള അലംകൃതമായ കുരിശ് ഉയർത്തിപ്പിടിച്ചിരുന്നു. കുരിശിന്റെ ഭുജങ്ങളിൽ കാണുന്ന കത്തുന്ന തിരികൾ ക്രിസ്തു ലോകത്തിന്റെ പ്രകാശമാകുന്നു എന്നും ഭുജങ്ങളിൽ തൂക്കിയിട്ടിരിക്കുന്ന ആൽഫയും ഒമേഗയും(A,Ω) ക്രിസ്തു ആദ്യന്തവിഹീനനാണെന്നും സൂചിപ്പിക്കുന്നു. ലോകത്തിന്റെ പ്രകാശവും ആദ്യന്തവിഹീനനുമായ യേശുക്രി





സ്തുവാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.




### 20. നങ്കൂരം, കുരിശ്

ക്രിസ്റ്റോഗ്രാമിലെ I,X എന്നീ അക്ഷരങ്ങൾകൊണ്ട് രൂപം കൊടുത്തിരിക്കുന്ന നങ്കൂരാകൃതിയിലുള്ള ഒരു കുരിശാണിത്. ഇത് ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.



### 21. ചിറകുള്ള സാങ്കല്പിക മൃഗം

പകുതി മൃഗത്തിന്റെയും പകുതി പക്ഷിയുടേയും ആകൃതിയിലുള്ള ഒരു സാങ്കല്പിക ജീവിയാണിത്. ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളെ- ദൈ

www.malankaralibrary.com



വ സ്വഭാവത്തേയും മനുഷ്യസ്വഭാവത്തേയും- സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം.





## 22 ആട്ടിൻകുട്ടി

ക്രൈസ്തവ ചിത്രകലയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ആട്ടിൻകുട്ടിയുടെ ചിത്രം. ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന പ്രതീകമാണ് ആട്ടിൻകുട്ടി. ഈ ആശയം ആവിഷ്ക്കരിച്ചിരിക്കുന്നത് വിശുദ്ധഗ്രന്ഥത്തിൽ നിന്നുതന്നെയാണ്. പഴയ നിയമത്തിൽ ഏശായാ പ്രവചനത്തിൽ 53-ാം അദ്ധ്യായം 7-ാം വാക്യത്തിൽ ക്രിസ്തുവിനെ കുഞ്ഞാടായും ചെമ്മരിയാടായും ചിത്രീകരിക്കുന്നുണ്ട്. ''കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു.'' പഴയനിയമ പെസഹായിലെ ഊനമില്ലാത്ത കുഞ്ഞാടിന് സദൃശനാണ് കാൽവരിയാഗത്തിലെ പാപരഹിതനായ ക്രിസ്തു. പുതിയനിയമത്തിലും പലഭാഗങ്ങളിലും ക്രിസ്തുവിനെ കുഞ്ഞാടായി ചിത്രീകരിക്കുന്നുണ്ട്. സ്നാനം ഏൽക്കുന്നതിനായി വരുന്ന യേശുവിനെ യോഹന്നാൻ തന്റെ ശിഷ്യന്മാർക്ക് പരിചയപ്പെടുത്തുന്നത് 'ദൈവത്തിന്റെ കുഞ്ഞാട്' എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണ്. ''ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്''(യോഹ.1:29) ലോകരക്ഷാർത്ഥം ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടാണ് ക്രിസ്തു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്. ഭൂഗർഭഗുഹയിലുള്ള ശവകുടീരങ്ങളിൽ ഈ ചിത്രം കാണുന്നുണ്ട്. ആട്ടിൻകുട്ടിയുടെ ശിരസ്സിൽ കാണുന്ന ക്രിസ്റ്റോഗ്രാമാണ് ഇത് ക്രിസ്തുവിന്റെ പ്രതീകമാണെന്ന് തിരിച്ചറിയാൻ സഹായിക്കുന്നത്. യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്ന പ്രതീകങ്ങളിൽ പ്രകാശവലയത്തിനു പകരം ക്രിസ്റ്റോഗ്രാമാണ് ഉപയോഗിക്കുന്നത്.






## 23. പെലിക്കൻ പക്ഷി



ക്രിസ്തുവിന്റെ കാൽവരിയാഗത്തെ അനുസ്മരിപ്പിക്കുന്ന ഹൃദയസ്പൃക്കായ ഒരു പ്രതീകമാണ് പെലിക്കൻ പക്ഷി. സ്വന്തം ഹൃദയം കൊത്തിത്തുളച്ച് രക്തം നല്കി കുഞ്ഞുങ്ങളെ സംതൃപ്തരാക്കുന്ന പെലിക്കൻ പക്ഷിയിലൂടെ സ്വന്തം രക്തം ചിന്തി മനുഷ്യരാശിയെ രക്ഷിച്ച ക്രിസ്തുവിന്റെ ആത്മപരിത്യാഗത്തെയാണ് സൂചിപ്പിക്കുന്നത്. കൂടാതെ ക്രൈസ്ത പ്രമാണങ്ങളുടെ കേന്ദ്രബിന്ദുവായ സ്നേഹത്തിന്റെ സന്ദേശം ആവിഷ്ക്കരിക്കുന്നതിനും പെലിക്കൻ പക്ഷിയുടെ ചിത്രം ഉപയോഗിക്കാറുണ്ട്.

## 24. ഓസ്തിയിൽ മുദ്രിതമായ കുരിശ്

യേശു ക്രിസ്തു വിജയിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകം ആവിഷ്ക്കരിക്കുന്നത്. ബൈസന്റൈൻ ആരാധനാക്രമത്തിൽ കത്തോലിക്കരും ഓർത്തഡോക്സ്കാരും ഒരുപോലെ ഉപയോഗിക്കുന്ന ഓസ്തിയിൽ പതിച്ചിരിക്കുന്നതാണ് ഈ പ്രതീകം. വൃത്തം നിത്യതയെ സൂചിപ്പിക്കുന്നു. പദങ്ങളുടെ സംക്ഷിപ്തരൂപമായ ICXCയും NIKA എന്ന പദവും യേശുക്രിസ്തു ജയിക്കുന്നു എന്ന് കാണിക്കുന്നു.




## 25. ജെസ്സെയുടെ വേര്



ക്രിസ്തുവിന്റെ പ്രതീകാത്മക ചിത്രീകരണമാണ് ഈ പ്രതീകം. ഇതിന്റെ ആശയം ഏശായാ 11-ാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്. ''ജെസ്സെയുടെ കുറ്റിയിൽ നിന്ന് ഒരു മുള കിളിർത്തു വരും. അവന്റെ വേരിൽ നിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും.'' ഏശായയുടെ ഈ പ്രവചനം ക്രിസ്തുവിനെക്കുറിച്ചാണ്. പ്രകാശവലയത്തോടു കൂടിയ നക്ഷത്രം ക്രിസ്തുവിനേയാണ് സൂചിപ്പിക്കുന്നത്.

www.malankaralibrary.com



## 26. വാക്കുകൾ കൊണ്ടുള്ള കുരിശ്





രണ്ട് പദങ്ങൾ(ΦWC, ZWH) കൊണ്ട് രൂപപ്പെടുത്തിയിട്ടുള്ളതാണ് ഈ പ്രതീകം. ഈ പദങ്ങളുടെ അർത്ഥം വെളിച്ചമെന്നും ജീവനെന്നുമാണ്. ''ക്രിസ്തു ലോകത്തിന്റെ പ്രകാശവും ജീവനുമാണ്'' എന്ന ആശയം സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം.

## 27. സൂചനാക്ഷരമുദ്ര

ക്രിസ്തു വിജയിക്കുന്നു എന്ന ആശയത്തിന്റെ ആവിഷ്ക്കരണമാണ് ഈ സൂചനാക്ഷരമുദ്ര. ഇതിൽ കാണുന്നത് X,P,N എന്നീ ഗ്രീക്ക് അക്ഷരങ്ങളാണ്. N എന്ന അക്ഷരത്തെ P എന്ന അക്ഷരത്തിന്റെ ലംബഭുജം കൊണ്ട് ഛേദിച്ചാണ് X എന്ന അക്ഷരം രൂപീകൃതമായിരിക്കുന്നത്. ഈ അക്ഷരങ്ങൾ എടുത്തിരിക്കുന്നത് XPICTOC (Christos-Christ)NIKA (Nika-Conquers) എന്നീ ഗ്രീക്കു പദങ്ങളിൽ നിന്നാണ്. ഈ പദങ്ങളുടെ അർത്ഥം ക്രിസ്തു വിജയിക്കുന്നു എന്നാണ്.





## 28. ഉദയസൂര്യൻ

ക്രിസ്തുവിന്റെ പ്രതീകമായി ഉദയസൂര്യൻ കരുതപ്പെടുന്നുണ്ട്. ഉദയസൂര്യൻ അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്യുന്നതുപോലെ നീതിസൂര്യനായ ക്രിസ്തുവിന്റെ രക്തം പാപാന്ധകാരത്തെ നീക്കി നിത്യരക്ഷ പ്രദാനം ചെയ്യുന്നു. മലാഖിയുടെ പ്രവചനത്തിൽ ഈ നീതി സൂര്യനെക്കുറിച്ച് പ്രവചിക്കുന്നുണ്ട്. ''എന്നാൽ എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും.'' (മാലാഖി 4:2)

## 29. പീഠം,ക്രിസ്റ്റോഗ്രാം, ഈന്തൽച്ചില്ല

ഈന്തൽച്ചില്ലകളാൽ പാർശ്വഭാഗം അലങ്കരിച്ചിരിക്കുന്നതും മൂന്ന് പടി






കളുള്ളതുമായ ഒരു പീഠത്തിൽ ഉറപ്പിച്ചിരിക്കുന്ന ക്രിസ്റ്റോഗ്രാം. ഈന്തൽ ചില്ലകൾ വിജയത്തേയും ക്രിസ്റ്റോഗ്രാം ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. വിജയം വിളംബരം ചെയ്തുകൊണ്ട് സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്ന ക്രിസ്തുവിനേയാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.



## 30. ക്രിസ്തുവിന്റെ തിരുമുറിവുകൾ

ക്രിസ്തുവിന്റെ പീഢാനുഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രതീകം. 1670ലെ ഒരു മെഡലിൽ നിന്നും എടുത്തതാണ് ഈ ചിത്രം. ക്രിസ്തുവിനെ പീഡിപ്പിക്കുന്നതിനുപയോഗിച്ച ഉപകരണങ്ങൾ അഞ്ച് തിരുമുറിവുകൾക്കു ചുറ്റുമായി ചിത്രീകരിച്ചിരിക്കുന്നു.



www.malankaralibrary.com



### 31.ആട്ടിൻകുട്ടി, ക്രിസ്റ്റോഗ്രാം, പ്രാവ്



ആട്ടിൻകുട്ടിയും കുരിശിലുള്ള ക്രിസ്റ്റോഗ്രാമും ക്രൂശിതനായ ക്രിസ്തുവിനേയും പ്രാവ് വിശ്വാസിയേയും സൂചിപ്പിക്കുന്നു. ക്രൂശിതനായ ക്രിസ്തു വിശ്വാസികൾക്ക് ഒരു വിശ്രമസ്ഥലം വാഗ്ദാനം ചെയ്യുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

### 32. മോണോഗ്രാം

ഇത് യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഒരു സൂചനാക്ഷരമുദ്രയാണ്.

**IHC**

"Jesus" എന്ന് അർത്ഥമുള്ള IHCOUC എന്ന ഗ്രീക്കുപദത്തിലെ ആദ്യത്തെ രണ്ട് അക്ഷരങ്ങളും (IH) അവസാനത്തെ അക്ഷരവും (C)ചേർത്ത് രൂപപ്പെടുത്തിയതാണ് ഈ മോണോഗ്രാം. മദ്ധ്യകാല യുഗത്തിൽ പ്രചാരത്തിലിരുന്ന ഒരു പ്രതീകമാണിത്.

### 33. ക്രിസ്റ്റോഗ്രാമും ഈന്തലിന്റെ ഇലകളും

ക്രിസ്റ്റോഗ്രാം ക്രിസ്തുവിനേയും ഈന്തലിന്റെ ഇലകൾ വിജയത്തേയും സൂചിപ്പിക്കുന്നു. ക്രിസ്തു ജേതാവ് എന്ന ആശയമാണ് ഈ പ്രതീകം ആവിഷ്ക്കരിക്കുന്നത്.







### 34.കുഞ്ഞാട്, കുരിശ്, കാസ

കുഞ്ഞാട് ക്രിസ്തുവിനേയും കുരിശ് ക്രിസ്തുവിന്റെ ക്രൂശാരോഹണത്തേയും കാസയിലേക്ക് ഒഴുകുന്ന ദ്രാവകം ക്രിസ്തുവിന്റെ അമൂല്യരക്തത്തേയും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു ക്രൂശിൽ ബലിയായിത്തീരുകയും മനുഷ്യരക്ഷക്കായി തന്റെ തിരുരക്തം നല്കുകയും ചെയ്യുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്. ഇത് മദ്ധ്യകാല യുഗത്തിലുള്ള ഒരു പ്രതീകമാണ്.



### 35. സൂചനാക്ഷര മുദ്ര



ഇത് ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന ഒരു സൂചനാക്ഷരമുദ്രയാണ്. IHC എന്ന സൂചനാക്ഷരമുദ്രയെക്കുറിച്ച് മുമ്പ് പറഞ്ഞിട്ടുണ്ട്. കാലം കഴിഞ്ഞതോടെ ഗ്രീക്കുഭാഷ ലുപ്ത പ്രചാരമായിത്തീർന്നു. അപ്പോൾ ഗ്രീക്കു പദത്തിലെ "C"യ്ക്കു പകരം ലാറ്റിൻ ഭാഷയിലെ "S" ചേർത്ത് ഉപയോഗിക്കുവാൻ തുടങ്ങി. IHS എന്ന സൂചനാക്ഷരമുദ്രക്ക് ലാറ്റിൻഭാഷയിൽ വ്യാഖ്യാനമുണ്ടായി. ലാറ്റിൻ ഭാഷയിലുള്ള "IESUS HOMINUM SALVATOR" എന്നീ പദങ്ങളുടെ ആദ്യക്ഷരങ്ങളാണ് IHS. ഇതിന്റെ അർത്ഥം "യേശു മനുഷ്യരുടെ രക്ഷകനാണ്" (Jseus the Savior of Men) എന്നാണ്.

### 36. സൂചനാക്ഷരമുദ്ര

ഈ നാല് അക്ഷരങ്ങൾ നാല് ലാറ്റിൻ പദങ്ങളുടെ ആദ്യക്ഷരങ്ങളാണ്.

**INRI**

"IESUS NAZARENUS REX IUDAEORUM" ഈ പദങ്ങളുടെ അർത്ഥം "നസ്രായനായ യേശു യഹൂദന്മാരുടെ രാജാവ്" (Jesus of Nazareth King of Jews) എന്നാണ്. യേശുവിനെ കുരിശിൽ തറച്ചപ്പോൾ പീലാത്തോസ് കുരിശിൽ എഴുതിവച്ച മേലെഴുത്താണിത്. (യോഹ.19:19)

### 37. കൂടിനുള്ളിലെ പ്രാവ്

കന്യകാമറിയത്തിന്റെ ഉദരത്തിൽ സ്ഥിതിചെയ്യുന്ന രക്ഷകനായ

www.malankaralibrary.com



ക്രിസ്തുവിനെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം.





### 38.ഹൃദയം


ക്രിസ്തുവിന്റെ തിരുഹൃദയത്തെ പ്രതിനിധാനം ചെയ്യുന്ന മനോഹരമായ ഒരു ആധുനിക പ്രതീകമാണിത്. ദൈവാത്മാവിന്റെ അധിവാസസ്ഥാനമാണ് മനുഷ്യഹൃദയം എന്ന ആശയവും ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നുണ്ട്.

### 39. വൃക്ഷം, പക്ഷി,നക്ഷത്രം.



വൃക്ഷം പറുദീസയേയും ഇലകൾക്കുള്ളിലിരിക്കുന്ന ഫീനിക്സ് പക്ഷി ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. വിശുദ്ധിയുടെ പ്രതീകമായ പ്രകാശവലയമാണ് നക്ഷത്രരൂപത്തിൽ കാണുന്നത്.

### 40. മുൾച്ചെടികൾക്കിടയിലെ മുട്ടാട്




ഇത് ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. ചിത്രത്തിൽ കാണുന്ന ക്രിസ്റ്റോഗ്രാം, മുട്ടാട് ക്രിസ്തുവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഉല്പത്തി 22-ാം അദ്ധ്യായം 13-ാം വാക്യത്തിൽ നിന്നാണ് ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത്. ''അബ്രഹാം തലപൊക്കി നോക്കിയപ്പോൾ തന്റെ പിന്നിൽ മുൾച്ചെടികളിൽ കൊമ്പുടക്കി കിടക്കുന്ന ഒരു മുട്ടാടിനെ കണ്ടു. അവൻ അതിനെ മകനു






പകരം ദഹന ബലിയർപ്പിച്ചു. ജനനത്തിരുനാളിന്റെ ശുശ്രൂഷാക്രമത്തിൽ പിതാക്കന്മാരും ഈ ആശയം വ്യക്തമാക്കുന്നുണ്ട്. "വംശത്തലവനായ അബ്രാഹം മുട്ടാടിനെ വഹിച്ചിരുന്ന വൃക്ഷത്താൽ നിന്നെ മുൻകൂട്ടി ദൃഷ്ടാന്തപ്പെടുത്തി.''

### 41. നീതി സൂര്യൻ




കതിരുകളാൽ സമ്പന്നമായ സൂര്യൻ ക്രിസ്തുവിന്റെ പ്രതീകമാണ്. ജനനത്തിരുനാളിന്റെ ശുശ്രൂഷാക്രമത്തിൽ പിതാക്കന്മാർ ക്രിസ്തുവിനെ ''നീതിയുടെ സൂര്യനും നിർണ്ണയിപ്പാൻ പാടില്ലാത്ത കതിരുമായവൻ'' എന്നാണ് വിശേഷിപ്പിക്കുന്നത്.

### 42. മേഘത്തിനുള്ളിലെ മഹാസൂര്യൻ



ഇത് ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. സൂര്യൻ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു എന്ന് ക്രിസ്റ്റോഗ്രാം സൂചിപ്പിക്കുന്നു. ''പ്രകാശമുള്ള ഒരു മേഘത്തിൽ മഹാസൂര്യൻ സംക്ഷിപ്തമായി ഒതുങ്ങി'' എന്ന് പിതാക്കന്മാർ വിശദീകരിക്കുന്നുണ്ട്.

### 43. മത്സ്യത്തിൽ നിന്നുള്ള നാണയം



മത്സ്യത്തിന്റെ വായിലെ നാണയം ക്രിസ്തുവിനെ സൂചിപ്പിക്കുന്ന പ്രതീകമാണ്. മത്തായിയുടെ സുവിശേഷം 17-ാം അദ്ധ്യായം 27-ാം വാക്യമാണ് ഈ പ്രതീകത്തിനാധാരം. ''എങ്കിലും അവർക്ക് ഇടർച്ചയുണ്ടാകാതിരിക്കാൻ നീ കടലിൽ പോയി ചൂണ്ടയിടുക., ആദ്യം ലഭിക്കുന്ന മത്സ്യത്തിന്റെ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത്

www.malankaralibrary.com



എനിക്കും നിനക്കും വേണ്ടി അവർക്കു കൊടുക്കുക'' വൃക്ഷത്തിൽ നിന്നുള്ള മുട്ടാടിനേയും പാറയിൽ നിന്നുള്ള വെള്ളത്തേയും ക്രിസ്തുവിന്റെ ദൃഷ്ടാന്തമായി ദർശിക്കുന്ന പിതാക്കന്മാർ മത്സ്യത്തിൽ നിന്നുള്ള നാണയത്തെ ക്രിസ്തുവിന്റെ ദൃഷ്ടാന്തമായി ദർശിക്കുന്നുണ്ട്. (ദൈവമാതാവിന്റെ പുകഴ്ചയുടെ തിരുനാൾ, പ്രഭാത പ്രാർത്ഥന)

## 44. സപ്ത പീഠാവൃതൻ



ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത് വെളിപാടു പുസ്തകം രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നിന്നാണ്. ''എഫേസോസിലുള്ള സഭയുടെ ദൂതന് എഴുതുക; വലതു കൈയിൽ ഏഴ് നക്ഷത്രങ്ങൾ വഹിച്ചുകൊണ്ട് ഏഴ് സ്വർണ്ണ ദീപ പീഠങ്ങൾക്കു മദ്ധ്യേ നടക്കുന്നവൻ ഇപ്രകാരം പറയുന്നു.'' പീഠങ്ങളുടെ മദ്ധ്യത്തിൽ കാണുന്ന ക്രിസ്റ്റോഗ്രാം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

## 45. കുഞ്ഞാടും വിശുദ്ധരുടെ സമൂഹവും



വെളിപാടു പുസ്തകം 7–ാം അദ്ധ്യായം 9മുതൽ 17 വരെയുള്ള വാക്യങ്ങളാണ് ഈ പ്രതീകത്തിനാധാരം. ശിരസ്സിൽ ക്രിസ്റ്റോഗ്രാം വഹിച്ചു നില്ക്കുന്നത് ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവാണ്. ചുറ്റിലും കാണുന്നത് വിശുദ്ധരുടെ സമൂഹവും.

## 46. വെൺമേഘത്തിലെ മനുഷ്യപുത്രൻ

വെൺമേഘത്തിൽ ആരൂഢനായിരിക്കുന്ന സ്വർഗ്ഗീയ രാജാവായ ക്രിസ്തുവിന്റെ പ്രതീകാത്മക ആവിഷ്കരണമാണ് ഈ ചിത്രം. വെളിപാടു








പുസ്തകം 14–ാം അദ്ധ്യായം 14–ാം വാക്യമാണ് ഈ പ്രതീകത്തിനാധാരം. ''ഇതാ ഒരു വെൺമേഘം. മേഘത്തിൽ മനുഷ്യപുത്രനെപ്പോലെയുള്ള ഒരുവൻ. അവന്റെ ശിരസ്സിൽ സ്വർണ്ണക്കിരീടമുണ്ട്.'' ചിത്രത്തിൽ കാണുന്ന ക്രിസ്റ്റോഗ്രാമും കിരീടവും സ്വർഗ്ഗീയ രാജാവായ ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്.


## 47. പ്രഭാപൂർണ്ണനായ പ്രഭാതനക്ഷത്രം.



വെളിപാടു പുസ്തകം 22–ാം അദ്ധ്യായം 16–ാം വാക്യമാണ് ഈ പ്രതീകത്തിനാധാരം. ''യേശുവായ ഞാൻ സഭകളെക്കുറിച്ച് നിങ്ങൾക്ക് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടി എന്റെ ദൂതനെ അയച്ചു. ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്; പ്രഭാപൂർണ്ണനായ പ്രഭാതനക്ഷത്രം'' ചിത്രത്തിൽ കാണുന്ന ക്രിസ്റ്റോഗ്രാം ക്രിസ്തുവിനെ സൂചിപ്പിക്കുന്ന പ്രതീകമാണ്.

## 48. കൊടിൽത്തുമ്പിലെ തീക്കനൽ

അഗ്നിസദൃശ്യനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം.



ഏശാ.6:6–7 വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സംഭവമാണ് ഈ പ്രതീകത്തിനാധാരം. ''അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലുമായി എന്റെ അടുത്തേക്ക് പറന്നുവന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ട് പറഞ്ഞു; ഇത് നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു, നിന്റെ മാലിന്യം നീക്കപ്പെട്ടു; നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു.'' ക്രിസ്റ്റോഗ്രാം പതിച്ചിരിക്കുന്ന തീക്കനൽ ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. പെസഹാത്തിരുനാളിൽ

www.malankaralibrary.com



ഈ സംഭവം അനുസ്മരിച്ചുകൊണ്ടാണ് വിശ്വാസികൾ ദിവ്യകാരുണ്യം സ്വീകരിക്കുന്നത്.

"ഏശായനബിക്കു ദൂതൻ കൊടുത്ത പാവനമാം തീക്കനലുമിതുതാൻ"

### 49. അന്ധകാരത്തിലെ പ്രകാശം.

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകമാണിത്. ഏശായ 9-ാം അദ്ധ്യായം 2-ാം വാക്യത്തിന്റെ ആശയമാണ് ഈ പ്രതീകത്തിനാധാരം.



"അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു." പ്രകാശം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു എന്ന് കാണിക്കുന്നതാണ് ചിത്രത്തിലെ ക്രിസ്റ്റോഗ്രാം. പൗരസ്ത്യസുറിയാനിക്കാർ, വിശുദ്ധ ബലിയിൽ ഒരുക്കത്തിന്റെ ശുശ്രൂഷാസമയത്ത് ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്.

"വെളിവുനിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം വെളിവും നീ
കാന്ത്യാഞങ്ങളെനീ-താ-തൻ
കതിരേ ശോഭിപ്പി-ക്കെ-ന്നും."



# V. പരിശുദ്ധാത്മാവായ ദൈവം.

പരിശുദ്ധാത്മാവിന്റെ പ്രതീകമായി പൊതുവെ അംഗീകരിച്ചിരിക്കുന്നത് പ്രാവിന്റെ ചിത്രമാണ്. മറ്റു പ്രതീകങ്ങളിലെന്നപോലെ തന്നെ ഇതിലും വിവിധ മാതൃകകളിലുള്ള പ്രതീകങ്ങൾ ഉണ്ടായിട്ടുണ്ട്. വിവിധ കലാരൂപങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം മിക്കവാറും പ്രാവിനെ ആധാരമാക്കിയുള്ളതാണ്. ചിറകുവിടർത്തി പറന്നിറങ്ങുന്ന രൂപത്തിലാണ് പ്രാവ് ചിത്രീകരിക്കപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ ഏഴ് ദാനങ്ങളെ പ്രതിനിധീകരിച്ചും പ്രതീകങ്ങൾ ഉണ്ടായിട്ടുണ്ട്. ഏഴ് അഗ്നിജ്വാലകളും കത്തിക്കൊണ്ടിരിക്കുന്ന ഏഴ് ദീപങ്ങളും പരിശുദ്ധാത്മാവിന്റെ ഏഴ് ദാനങ്ങളെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നതിന് ഉപയോഗിച്ചിരുന്നു.

### 1. പ്രാവ്


പ്രതീകം എന്ന നിലയിൽ പ്രാവിന്റെ ചിത്രം സർവസാധാരണമായി ഉപയോഗിക്കുന്ന ഒന്നാണ്. പരിശുദ്ധിയുടെയും സമാധാനത്തിന്റെയും പ്രതീകമായിട്ടാണ് പ്രാവ് കരുതപ്പെടുന്നതെങ്കിലും പരിശുദ്ധാത്മാവിന്റെ പ്രതീകം എന്ന നിലയിലാണ് ക്രൈസ്തവ ചിത്രകലയിൽ പ്രാവിന്റെ ചിത്രം ഉപയോഗിക്കുന്നത്. ക്രിസ്തു യോർദ്ദാൻ നദിയിൽ വച്ച് യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ച അവസരത്തിൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങിയ സംഭവം ബൈബിളിൽ വിവരിക്കുന്നുണ്ട്. "സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്ന് കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു." (മത്താ.3:16) ദൈവപുത്രനും രക്ഷിതാവുമായ ക്രിസ്തുവിന്റെ കാൽവരിയാഗത്താൽ രക്ഷിക്കപ്പെട്ട ദൈവജനത്തെ വിശുദ്ധിയിലും സമാധാനത്തിലും നയിക്കുന്നത് പരിശുദ്ധാത്മാവാണ്.



www.malankaralibrary.com



### 2.ഏഴ് ദീപങ്ങൾ




ഏഴ് ജ്വാലകൾ അഥവാ ദീപങ്ങൾ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. ജ്വാലകളിലൂടെ അഥവാ ദീപങ്ങളിലൂടെ പരിശുദ്ധാത്മാവിനെ പ്രതീകവൽക്കരിക്കുന്നതിനുള്ള ആശയം സ്വീകരിച്ചത് അപ്പസ്തോല പ്രവൃത്തികൾ 2-ാംഅദ്ധ്യായം 3-ാം വാക്യമാകാം. ''അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടേയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു.''



# VI. കന്യകാ മറിയം

പ്രാചീന ക്രൈസ്തവചിത്രകലയിൽ കന്യകാമറിയത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതീകാത്മക ചിത്രീകരണങ്ങൾ പ്രായേണ വിരളമായിരുന്നു. അതുകൊണ്ട് ഒന്നും ഇല്ലായിരുന്നു എന്ന് അർത്ഥമില്ല. പ്രാചീന ഭൂഗർഭഗുഹകളിലെ ശവകുടീരങ്ങളിൽ കന്യകാമറിയത്തെ പ്രതിനിധാനം ചെയ്യുന്ന പല ചിത്രങ്ങളുമുണ്ട്. ശിശുവിനെ വഹിച്ചുകൊണ്ടു നില്ക്കുന്ന രൂപത്തിലും കൈകൾ വിടർത്തി പ്രാർത്ഥിക്കുന്ന രൂപത്തിലുമുള്ള ചിത്രങ്ങളാണ് അവയിലധികവും. ചില ചിത്രങ്ങളിൽ "MAPIA MHTHPΘEOY" (Maria Meter Theou) "Mother of God" (ദൈവമാതാവ്) എന്ന മേലെഴുത്തും കാണുന്നുണ്ട്. പ്രാചീന ചിത്രകലയിലെ വൈരള്യം പരിഹരിക്കുമാറ് മദ്ധ്യയുഗങ്ങളിൽ കന്യകാമറിയത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളുടെ ഒരു പ്രവാഹം തന്നെയുണ്ടായി എന്നു പറയാം. അവയിലെ ആശയങ്ങളിൽ ഏറിയ പങ്കും കന്യകാമറിയത്തിന്റെ ലുത്തിനിയാ പ്രാർത്ഥനകളിൽ നിന്നുമാണ് സ്വീകരിച്ചിരിക്കുന്നത്.

### 1.മാതള നാരകം




പുഷ്പങ്ങളും ഫലങ്ങളുമുള്ള ഒരു മാതളനാരകമാണിത്. കന്യകാമറിയത്തിന്റെ കന്യകാത്വം പരിരക്ഷിച്ചുകൊണ്ടുള്ള മാതൃത്വത്തെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. ഈ ചെടിയിൽ ഒരേ സമയം തന്നെ പുഷ്പങ്ങളും കായ്കളും കാണുന്നു. മറിയം ദൈവപുത്രനെ ഉദരത്തിൽ വഹിച്ചിരിക്കെ അവൾ കന്യകയായി സ്ഥിതിചെയ്തു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

www.malankaralibrary.com



### 2. ദന്തഗോപുരം

ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത് കന്യകാമറിയത്തിന്റെ ലുത്തിനിയായിൽ നിന്നാണ്. ലുത്തിനിയായിൽ ''നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയേ'' എന്ന് കന്യകാമറിയത്തെ അഭിസംബോധന ചെയ്യുന്നുണ്ട്.





### 3. ഉദയനക്ഷത്രം

ഉദയനക്ഷത്രം കന്യകാമറിയത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. കന്യകാമറിയത്തിന്റെ ലുത്തിനിയായിൽ നിന്നുമാണ് ഈ ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ കന്യകാമറിയത്തെ ''ഉദയകാലത്തിലെ നക്ഷത്രമേ'' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. നക്ഷത്രത്തിനു ചുറ്റുമുള്ള പ്രകാശവലയം വിശുദ്ധിയേയും നക്ഷത്രത്തിൽ നിന്ന് പുറപ്പെടുന്ന രശ്മികൾ അനുഗ്രഹങ്ങളേയും സൂചിപ്പിക്കുന്നു.

### 4. ഒലിവിൻ ശാഖ കൊണ്ടുള്ള മോണോഗ്രാം

സമാധാനത്തിന്റെ ചിഹ്നമായ ഒലിവിൻ ശിഖരങ്ങളാൽ രൂപപ്പെടുത്തിയിട്ടുള്ളതാണ് ഈ മോണോഗ്രാം. 18-ാം നൂറ്റാണ്ടു മുതൽ പ്രചാരത്തിൽ വന്ന ഒരു പ്രതീകമാണിത്. പ്രാചീനകാലങ്ങളിൽ മുറിവുകൾ സുഖപ്പെടുത്തുന്നതിന് ഒലിവെണ്ണ ഉപയോഗിച്ചിരുന്നു എന്ന കാര്യം ശിഖരങ്ങളിൽ പറ്റിപ്പിടിച്ചു നില്ക്കുന്ന ഒലിവിൻ കായ്കൾ നമ്മെ ഓർമ്മിപ്പിക്കുന്നു. കന്യകാമറിയത്തിൽ നിന്ന് ജനിച്ച ക്രിസ്തു, പാപത്താൽ ഉളവാക്കപ്പെട്ട ലോകത്തിന്റെ മുറിവുകൾ







സുഖപ്പെടുത്തുന്നു എന്ന സൂചനയാണ് ഇത് നല്കുന്നത്.

### 5. ദർപ്പണം



കന്യകാമറിയത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ് ദർപ്പണം. ലുത്തിനിയായിൽ നിന്നുമാണ് ഈ പ്രതീകത്തിന് ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ കന്യകാമറിയത്തെ ''നീതിയുടെ ദർപ്പണമേ'' എന്ന് സംബോധന ചെയ്യുന്നുണ്ട്.

### 6. സ്വർണ്ണഭവനം

കന്യകാമറിയത്തെ സൂചിപ്പിക്കുന്ന ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത് ലുത്തിനിയായിൽ നിന്നാണ്. ലുത്തിനിയായിൽ കന്യകാമറിയത്തെ ''സ്വർണ്ണാലയമേ'' എന്ന് സംബോധന ചെയ്യുന്നുണ്ട്.



### 7. ക്രിസ്ത്യാനികളുടെ സഹായം



നങ്കൂരം ക്രിസ്ത്യാനികളുടെ സഹായത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ്. കന്യകാമറിയത്തിന്റെ ലുത്തിനിയായിൽ നിന്നാണ് ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ ''ക്രിസ്ത്യാനികളുടെ സഹായമേ'' എന്ന് കന്യകാമറിയത്തെ സംബോധന ചെയ്യുന്നുണ്ട്.

www.malankaralibrary.com



### 8.സൂചനാക്ഷരമുദ്ര

കന്യകാമറിയത്തെ സൂചിപ്പിക്കുന്ന ഒരു സൂചനാക്ഷര മുദ്രയാണ് ഈ പ്രതീകം.ഇതിൽ മറിയം എന്ന് പൂർണ്ണമായ പേരുണ്ട്. കന്യകാമറിയം സ്വർഗ്ഗീയ രാജ്ഞിയാണെന്ന് സൂചിപ്പിക്കുന്നതാണ് കിരീടം.







### 9. മുള്ളുകൾക്കിടയിലെ ലില്ലിപുഷ്പം

കന്യകാമറിയം അനുഭവിച്ച വേദനകളെ അനുസ്മരിപ്പിക്കുന്നതാണ് മുള്ളുകൾക്കിടയിലെ ലില്ലിപുഷ്പം. മദ്ധ്യകാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണിത്.

### 10. ബഹുമാനത്തിന്റെ പാത്രം

കന്യകാമറിയത്തെ സൂചിപ്പിക്കുന്ന മറ്റൊരു പ്രതീകമാണിത്. "ബഹുമാനത്തിന്റെ പാത്രമേ" എന്നുള്ള ലുത്തിനിയായിലെ പരാമർശമാണ് ഈ പ്രതീകത്തിനാധാരം.











### 11. ജ്ഞാനത്തിന്റെ സിംഹാസനം

കന്യകാമറിയത്തെ "ബോധജ്ഞാനത്തിന്റെ സിംഹാസനമേ" എന്ന് ലുത്തിനിയായിൽ വിശേഷിപ്പിക്കുന്നുണ്ട്. ഈ ആശയത്തിന്റെ പ്രതീകാത്മക ചിത്രീകരണമാണ് ഈ പ്രതീകം.

### 12. വിമലഹൃദയം

കന്യകാമറിയത്തിന്റെ നിർമ്മല ഹൃദയത്തെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം."നിർമ്മല കന്യകയായ മാതാവേ" എന്നുള്ള ലുത്തിനിയായിലെ വിശേഷണമാണ് ഈ പ്രതീകത്തിനാധാരം.






### 13.സ്രഷ്ടാവിന്റെ മാതാവ്

"സ്രഷ്ടാവിന്റെ മാതാവേ" എന്നുള്ള ലുത്തിനിയായിലെ വിശേഷണത്തിന്റെ പ്രതീകാത്മക ചിത്രീകരണമാണ് ഈ പ്രതീകം.

### 14.വാൾ കടന്ന ഹൃദയം



കന്യകാമറിയത്തിന്റെ വിമലഹൃദയത്തെ ചിത്രീകരിക്കുന്ന ഒരു പ്രതീകമാണിത്. യേശുവിന്റെ ജനനശേഷം നാല്പതാം ദിവസം ഉണ്ണിയെ കാഴ്ചവയ്ക്കുന്നതിനായി ദേവാലയത്തിൽ ചെന്നപ്പോൾ വൃദ്ധനായ ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞവാക്കുകളാണ് ഈ പ്രതീകത്തിനാധാരം. "ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട് അവന്റെ അമ്മയായ മറിയത്തോടു

www.malankaralibrary.com




പറഞ്ഞു..... അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും.''(ലൂക്കാ.2:34-35)

### 15. പനിനീർ പുഷ്പവും മാതാവും

കന്യകാമറിയത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. ലുത്തിനിയായിൽ നിന്നാണ് ഈ പ്രതീകത്തിന്റെയും ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ ''ദിവ്യരഹസ്യം നിറഞ്ഞ പനിനീർ പുഷ്പമേ'' എന്ന് കന്യകാമറിയത്തെ വിശേഷിപ്പിക്കുന്നുണ്ട്.





### 16. പുഷ്പവും കിരീടവും

ലുത്തിനിയായിൽ കന്യകാമറിയത്തെ ''കന്യകകളുടെ രാജ്ഞി'' എന്ന് അഭിസംബോധന ചെയ്യുന്നുണ്ട്. ഈ ആശയമാണ് ഈ പ്രതീകത്തിനാധാരം. കന്യകാമറിയം സ്വർഗ്ഗീയരാജ്ഞിയാണ് എന്ന് കിരീടം സൂചിപ്പിക്കുന്നു.

### 17.നങ്കൂരം, ക്രിസ്റ്റോഗ്രാം,കിരീടം



കന്യകാമറിയം ക്രിസ്ത്യാനികളുടെ സഹായമാണ് എന്ന് സൂചിപ്പിക്കുന്ന മറ്റൊരു പ്രതീകമാണിത്. ലുത്തിനിയായിൽ നിന്നാണ് ഇതിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ കന്യകാമറിയത്തെ ''ക്രിസ്ത്യാനികളുടെ സഹായമേ'' എന്ന് വിശേഷിപ്പിക്കുന്നുണ്ട്.






### 18.സ്ത്രീരൂപം,വൃക്ഷങ്ങൾ, പക്ഷികൾ



ശിരസ്സിനുചുറ്റും പ്രകാശവലയത്തോടു കൂടി നില്ക്കുന്ന സ്ത്രീരൂപം കന്യകാമറിയത്തേയും ഒരു വശത്തുള്ള സ്തംഭത്തിനു മുകളിൽ കാണുന്ന പ്രാവ് വിശ്വാസിയേയും വേർപെട്ടു നില്ക്കുന്ന ശിഖരത്തിൽ കാണുന്ന പ്രാവ് അവിശ്വാസിയേയും വൃക്ഷങ്ങൾ പറുദീസയേയും സൂചിപ്പിക്കുന്നു. വിശ്വാസികൾക്കും അവിശ്വാസികൾക്കും വേണ്ടി കന്യകാമറിയം പ്രാർത്ഥിക്കുന്നു. കന്യകാമറിയത്തിന്റെ പ്രാർത്ഥനയാൽ ഇരുകൂട്ടരും പറുദീസയിൽ എത്തിച്ചേരുമെന്നുള്ള ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.

### 19. സ്വർഗ്ഗവാതിൽ




കന്യകാമറിയത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. ഇതിൽ കാണുന്ന മോണോഗ്രാം ക്രിസ്തുവിനെ സൂചിപ്പിക്കുന്നതാണ്. ലുത്തിനിയായിൽ നിന്നാണ് ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ കന്യകാമറിയത്തെ ''സ്വർഗ്ഗരാജ്യത്തിന്റെ വാതിലേ'' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. സ്വർഗ്ഗീയ പ്രതിഫലം പ്രാപിച്ച വിശ്വാസികളും ക്രിസ്തുവും തമ്മിലുള്ള ഐക്യമാണ് ഈ പ്ര

www.malankaralibrary.com


തീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

## 20. ലില്ലിപുഷ്പവും കന്യകാമറിയവും



കന്യകകളുടെ രാജ്ഞിയായ കന്യകാമറിയത്തെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. കന്യകാത്വത്തിന്റെ പ്രതീകമായ ലില്ലിപുഷ്പത്തിൽ നിന്നും മറിയം ഉയർന്നു വരുന്നു. ലുത്തിനിയായിൽ നിന്നാണ് ഇതിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ കന്യകാമറിയത്തെ ''കന്യകകളുടെ രാജ്ഞി'' എന്നു വിശേഷിപ്പിക്കുന്നുണ്ട്.

## 21.കന്യകാമറിയവും ഉണ്ണിയേശുവും

കന്യകാമറിയം രക്ഷയുടെ ഉറവിടമാണ് എന്ന ആശയമാണ് ഈ പ്രതീകം ആവിഷ്കരിക്കുന്നത്. മറിയം തന്റെ പുത്രനായ ഉണ്ണിയേശുവിനോടൊപ്പം നാല് ബഹിർഗമനനാളികളുള്ള ഒരു പാത്രത്തിൽ നില്ക്കുന്നു. പാത്രത്തിന്റെ രണ്ട് നാളികളിലൂടെ രക്ഷ ലോകത്തിലേക്ക് ഒഴുകുന്നു. ''ദൈവമാതാവ് നീരുറവ'' എന്ന ലിഖിതം മറിയം രക്ഷയുടെ ഉറവിടമാണെന്ന് സുചിപ്പിക്കുന്നു.








## 22. ഹൃദയം, ലില്ലിപുഷ്പം, വാൾ



കന്യകാമറിയത്തിന്റെ വിമലഹൃദയത്തെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. ലില്ലിപുഷ്പം വിശുദ്ധിയേയും നൈർമ്മല്യത്തേയും സൂചിപ്പിക്കുന്നു. മറിയം അനുഭവിച്ച വേദനകളെ അനുസ്മരിപ്പിക്കുന്നതാണ് വാൾ. യേശുവിന്റെ ജനനശേഷം നാല്പതാം ദിവസം ഉണ്ണിയെ കാഴ്ചവയ്ക്കുന്നതിനായി ദേവാലയത്തിൽ ചെന്നപ്പോൾ വൃദ്ധനായ ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞ വാക്കുകളാണ് ഈ പ്രതീകത്തിനാധാരം. ''ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട് അവന്റെ അമ്മയായ മറിയത്തോടു പറഞ്ഞു. ....അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും.'' (ലൂക്കാ.2:34–35)

## 23. കന്യകാമറിയവും ഉണ്ണിയേശുവും




കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്ന രൂപത്തിലാണ് കന്യകാമറിയത്തെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഉണ്ണിയേശു മറിയത്തിന്റെ ഉദരത്തിൽ സ്ഥിതി ചെയ്യുന്ന രൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. ''പരിശുദ്ധ മറിയം'' എന്നാണ് ഈ ചിത്രത്തിന് നാമകരണം ചെയ്തിരിക്കുന്നത്.

www.malankaralibrary.com




### 24. പ്രാവും പാത്രവും




കന്യകാമറിയത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകമാണിത്. ഇതിന്റെ ആശയം ലുത്തിനിയായിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്. ലുത്തിനിയായിൽ "അദ്ധ്യാത്മിക പാത്രമേ" എന്ന് കന്യകാമറിയത്തെ അഭിസംബോധന ചെയ്യുന്നുണ്ട്.

### 25. ശ്രീഭണ്ഡാരങ്ങൾ വഹിച്ചിരിക്കുന്ന കപ്പൽ



ഇത് കന്യകാമറിയത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകമാണ്. സ്വർഗ്ഗീയ ധനവാനായ യേശുവിനെ ഉദരത്തിൽ വഹിച്ചവളും അനുഗ്രഹങ്ങളുടെ ഉറവിടവുമാണ് കന്യകാമറിയം. പിതാവിന്റെ ശ്രീഭണ്ഡാരങ്ങൾ വഹിച്ചിരിക്കുന്ന കപ്പലായിട്ടാണ് പിതാക്കന്മാർ കന്യകാമറിയത്തെ വിശേഷിപ്പിക്കുന്നത്.

### 26. കറയില്ലാത്ത മാണിക്യം




നിർമ്മലയും വിശുദ്ധയുമായ കന്യകാമറിയത്തെ സൂചിപ്പിക്കുന്ന മറ്റൊരു പ്രതീകമാണിത്. മാണിക്യം കന്യകാമറിയത്തേയും ചുറ്റും കാണുന്ന പരിവേഷം കന്യകാമറിയത്തിന്റെ വിശുദ്ധിയേയും സൂചിപ്പിക്കുന്നു. ജനനത്തിരുനാളിലെ പ്രാർത്ഥനകളിൽ കറയില്ലാത്ത മാണിക്യമെന്ന വിശേഷണത്താലാണ് പിതാക്കന്മാർ കന്യകാമറിയത്തെ അഭിസംബോധന ചെയ്യുന്നത്.


### 27. അലംകൃത നൗക

വ്യാപാരിയെപ്പോലെ മിശിഹാ കയറി വസിച്ച അലങ്കരിക്കപ്പെട്ട കപ്പലിനോടാണ് പിതാക്കന്മാർ യേശുവിന്റെ മാതാവായ കന്യകാമറിയത്തെ സാദൃശ്യപ്പെടുത്തുന്നത്. കപ്പൽ കന്യകാമറിയത്തെയും ക്രിസ്റ്റോഗ്രാമും കിരീടവും ക്രിസ്തുവിനെയും പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളാണ്.










### 28. പണിക്കുറവില്ലാത്ത കൊട്ടാരം

ഇത് കന്യകാമറിയത്തെ പ്രതീകാത്മകമായി ആവിഷ്കരിക്കുന്ന ഒരു പ്രതീകമാണ്. കൊട്ടാരം കന്യകാമറിയത്തെയും ക്രിസ്റ്റോഗ്രാമും കിരീടവും സ്വർഗ്ഗീയരാജാവും ശില്പിയുമായ ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. "സ്വർഗ്ഗീയ ശില്പിയെ കൈക്കൊണ്ടവളായി പണിക്കുറവു തീർന്ന കൊട്ടാര"മെന്നാണ് പിതാക്കന്മാർ കന്യകാമറിയത്തെ വിശേഷിപ്പിക്കുന്നത്. (ബുധനാഴ്ച പ്രഭാത പ്രാർത്ഥന)

### 29. സ്വർണ്ണച്ചെപ്പ്



സമാഗമകൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന നിയമപ്പേടകത്തിൽ മന്ന സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണച്ചെപ്പ് കന്യകാ മറിയത്തിന്റെ പ്രതീകമാണ്. സ്വർണ്ണച്ചെപ്പിൽ കാണുന്ന മന്നാ ക്രിസ്തുവിന്റെ പ്രതീകമാണ്. കാനോനിക പ്രാർത്ഥനാ ക്രമത്തിൽ ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച പ്രഭാത പ്രാർത്ഥനയിൽ നിന്നാണ് ഈ പ്രതീകത്തിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത്.

### 30. മുന്തിരിത്തണ്ട്

മുന്തിരിക്കുലയെ പുറപ്പെടുവിച്ച മുന്തിരിത്തണ്ടായി കന്യകാമറിയത്തെ ചിത്രീകരിക്കുന്നുണ്ട്. ഈ പ്രതീകത്തിന്റേയും ആശയം സ്വീകരിച്ചിരിക്കുന്നത് കാനോനിക പ്രാർത്ഥനാ ക്രമത്തിൽ നിന്നാണ്. ദൈവമാതാവിനോടുള്ള

www.malankaralibrary.com



അറിയിപ്പിന്റെ ഞായറാഴ്ച പ്രഭാത പ്രർത്ഥനയിൽ ''ജീവന്റെ മുന്തിരിക്കുലയെ പുറപ്പെടുവിച്ച വാഴ്ത്തപ്പെട്ട മുന്തിരിത്തണ്ട്.'' എന്ന് കന്യകാമറിയത്തെ വിശേഷിപ്പിക്കുന്നുണ്ട്. മുന്തിരിക്കുല ക്രിസ്തുവിനേയും മുന്തിരിത്തണ്ട് കന്യകാമറിയത്തേയും സൂചിപ്പിക്കുന്നു.





# VII. അപ്പസ്തോലൻമാർ

അപ്പസ്തോലന്മാരെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങൾ പ്രായേണ വിരളമാണ്. കാണപ്പെടുന്ന പ്രതീകങ്ങളെ രണ്ട് വിഭാഗത്തിൽ ഉൾപെടുത്താം. ഒറ്റക്കുള്ള പ്രതീകങ്ങളും ക്രിസ്തു തലവനായുള്ള അപ്പസ്തോലസമൂഹത്തിന്റെ കൂട്ടായ പ്രതീകവും. ഇവയിൽ ഒന്നാമത്തെ വിഭാഗത്തിലുള്ള പ്രതീകങ്ങൾ അറിയപ്പെടുന്നവയായി ഒന്നുമില്ല. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട വിവിധ രൂപത്തിലുള്ള പ്രതീകങ്ങളുണ്ടെങ്കിലും കുഞ്ഞാടും പന്ത്രണ്ട് ആട്ടിൻകുട്ടികളുമാണ് സർവസാധാരണയായി കാണപ്പെടുന്നത്. സഭയെ സൂചിപ്പിക്കുന്ന സ്തംഭത്തിൽ പതിച്ചിരിക്കുന്ന പന്ത്രണ്ട് രത്നങ്ങളും ലേവിഗോത്രത്തിന്റെ പ്രതീകമായ മാർപ്പതക്കത്തിൽ ഇസ്രായേൽ ഗോത്രങ്ങളുടെ സ്മരണക്കായി പതിച്ചിരിക്കുന്ന പന്ത്രണ്ട് രത്നക്കല്ലുകളും പന്ത്രണ്ട് അപ്പസ്തോലന്മാരെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായി പരിഗണിക്കുന്നുണ്ട്.

## 1 ദൈവത്തിന്റെ കുഞ്ഞാടും കുഞ്ഞാടുകളും



ക്രിസ്തുവിനെയും പന്ത്രണ്ട് അപ്പസ്തോലന്മാരെയും പ്രതിനിധാനം

www.malankaralibrary.com



ചെയ്യുന്ന മനോഹരമായ ഒരു പ്രതീകമാണിത്. പ്രകാശവലയം, കുരിശ് എന്നിവയോട് കൂടി മദ്ധ്യത്തിൽ കാണുന്ന ആട്ടിൻകുട്ടി ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ആറുവീതം രണ്ടു വശങ്ങളിലും കാണുന്നത് പന്ത്രണ്ട് അപ്പസ്തോലന്മാരെ സൂചിപ്പിക്കുന്ന കുഞ്ഞാടുകളാണ്. അപ്പസ്തോലന്മാരെ കുഞ്ഞാടുകളായി ക്രിസ്തു തന്നെ ചിത്രീകരിക്കുന്നുണ്ട്.''ഇതാ ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയക്കുന്നു.'' (ലൂക്കാ.10:3)



# VIII. സുവിശേഷകൻമാർ

സുവിശേഷകൻമാരേയും സുവിശേഷഗ്രന്ഥങ്ങളേയും പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങൾ പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നവയാണ്. അതായത് സുവിശേഷഗ്രന്ഥങ്ങളെ സൂചിപ്പിക്കുന്ന പ്രതീകങ്ങളിൽ ചില മാറ്റങ്ങൾ വരുത്തി അതുതന്നെ സുവിശേഷകൻമാരുടെ പ്രതീകങ്ങളായും ഉപയോഗിക്കുന്നു. മനുഷ്യൻ, സിംഹം, കാള, കഴുകൻ എന്നീ പ്രതീകങ്ങളിലൂടെയാണ് സുവിശേഷകൻമാരെ ചിത്രീകരിക്കുന്നത്. ഈ പ്രതീകങ്ങൾക്ക് ചിറകുകളും ശിരസ്സിനു ചുറ്റും പ്രകാശവലയവും ഉണ്ടായിരിക്കും. പ്രാചീനകാലം മുതൽ തന്നെ ഇപ്രകാരമുള്ള പ്രതീകാത്മക ചിത്രീകരണങ്ങൾ ക്രൈസ്തവ ചിത്രകലയിൽ സ്ഥാനം പിടിച്ചിരുന്നു. സുവിശേഷകന്മാരുടെ പ്രതീകങ്ങൾക്ക് അവർ എഴുതിയ സുവിശേഷ ഗ്രന്ഥങ്ങളിലെ പ്രധാന ആശയങ്ങളുമായും ബന്ധമുണ്ട്.

## 1. ചിറകുള്ള മനുഷ്യരൂപം



സുവിശേഷകനായ വി.മത്തായിയെ സൂചിപ്പിക്കുന്ന പ്രതീകമാണ് ചിറകുള്ള പൂർണ്ണ മനുഷ്യരൂപം. വിശുദ്ധിയുടെ പ്രതീകമായ പ്രകാശവലയമാണ് ശിരസ്സിനുചുറ്റും കാണുന്നത്. മനുഷ്യൻ എന്ന നിലയിൽ യേശുവിന്റെ വംശാവലിയെക്കുറിച്ച് വിവരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ സുവിശേഷം ആരംഭിക്കുന്നത്. (മത്താ.1:1) ക്രിസ്തുവിന്റെ മനുഷ്യത്വത്തിനാണ് ഈ സുവിശേഷത്തിൽ ഊന്നൽ കൊടുത്തിട്ടുള്ളത്.

www.malankaralibrary.com



### 2. ചിറകുള്ള പൂർണ്ണ മനുഷ്യരൂപം.

സുവിശേഷകനായ വി.മത്തായിയെ സൂചിപ്പിക്കുന്ന മറ്റൊരു പ്രതീകമാണിത്. പ്രതീകാത്മക സ്വഭാവം വ്യക്തമാക്കുന്നതിന് ശിരസ്സിനു ചുറ്റും പ്രകാശവലയമുണ്ട്.



പ്രതീകം തിരിച്ചറിയുന്നതിന് സുവിശേഷത്തിലെ ഏതാനും വാക്കുകൾ ആലേഖനം ചെയ്തിട്ടുള്ള കടലാസ് ചുരുൾ സഹായിക്കുന്നു. നവോത്ഥാനത്തിന്റെ ആദ്യകാലഘട്ടത്തിൽ ഇപ്രകാരമുള്ള പ്രതീകങ്ങൾ കണ്ടിരുന്നു.

### 3. ചിറകുള്ള സിംഹരൂപം

സുവിശേഷകനായ വി.മർക്കോസിനെ സൂചിപ്പിക്കുന്നതാണ് ചിറകുള്ള സിംഹത്തിന്റെ പൂർണ്ണരൂപം. വിശുദ്ധിയുടെ പ്രതീകമായ പ്രകാശവലയമാണ് ശിരസ്സിനു ചുറ്റും കാണുന്നത്. മരുഭൂമിയിൽ ഗർജ്ജിക്കുന്ന








സിംഹത്തിന്റെ ശബ്ദമുള്ള സ്നാപക യോഹന്നാനെ അവതരിപ്പിച്ചു കൊണ്ടാണ് മർക്കോസ് തന്റെ സുവിശേഷം ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ രാജത്വത്തിനാണ് ഈ സുവിശേഷത്തിൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്.

### 4. ചിറകുള്ള സിംഹവും മനുഷ്യനും ചേർന്നരൂപം

മർക്കോസിനെ സൂചിപ്പിക്കുന്ന മറ്റൊരു പ്രതീകമാണിത് ശിരസ്സ് സിംഹത്തിന്റെയും ശിരസ്സിനു താഴെയുള്ള ഭാഗം ചിറകുകളോടു കൂടിയ മനുഷ്യന്റെയും രൂപം.



പ്രതീകാത്മക സ്വഭാവം വ്യക്തമാക്കുന്നതിന് ശിരസ്സിനുചുറ്റും പ്രകാശവലയമുണ്ട്. പ്രതീകം തിരിച്ചറിയുന്നതിന് സുവിശേഷത്തിലെ ഏതാനും വാക്കുകൾ ആലേഖനം ചെയ്തിട്ടുള്ള കടലാസ് ചുരുൾ സഹായിക്കുന്നു. നവോത്ഥാനത്തിന്റെ ആദ്യകാലഘട്ടത്തിൽ ഇപ്രകാരമുള്ള പ്രതീകങ്ങൾ കണ്ടിരുന്നു.

www.malankaralibrary.com



### 5. ചിറകുള്ള കാളയുടെ രൂപം



ചിറകുള്ള, ബലിമൃഗമായ, കാളയുടെ രൂപം സുവിശേഷകനായ ലൂക്കോസിന്റെ പ്രതീകമാണ്. വിശുദ്ധിയുടെ പ്രതീകമായ പ്രകാശവലയമാണ് ശിരസ്സിനു ചുറ്റും കാണുന്നത്. സഖറിയായുടെ ധൂപാർപ്പണത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ലൂക്കോസ് തന്റെ സുവിശേഷം ആരംഭിക്കുന്നു. ബലിവസ്തുവായ ക്രിസ്തുവിന്റെ ദാസത്വം വെളിപ്പെടുത്തുന്ന രീതിയിലാണ് ഈ സുവിശേഷം വിരചിതമായിരിക്കുന്നത്.

### 6. ചിറകുള്ള കാളയും മനുഷ്യനും ചേർന്ന രൂപം



സുവിശേഷകനായ ലൂക്കോസിനെ പ്രതിനിധാനം ചെയ്യുന്ന മറ്റൊരു പ്രതീകമാണിത്. കാളയുടെ ശിരസ്സ്; ശിരസ്സിനു താഴെ ചിറകുകളോടു കൂടിയ മനുഷ്യന്റെ അർദ്ധകായ രൂപം. പ്രതീകാത്മക സ്വഭാവം വ്യക്തമാക്കുന്നതിന് ശിരസ്സിനു ചുറ്റും പ്രകാശവലയമുണ്ട്. പ്രതീകം തിരിച്ചറിയുന്നതിന് സുവിശേഷത്തിലെ ആദ്യത്തെ ഏതാനും വാക്കുകൾ ആലേഖനം ചെയ്തിട്ടുള്ള കടലാസ് ചുരുൾ സഹായിക്കുന്നു. നവോത്ഥാനത്തിന്റെ ആദ്യകാലഘട്ടത്തിൽ ഇപ്രകാരമുള്ള പ്രതീകങ്ങൾ കണ്ടിരുന്നു.

### 7. കഴുകന്റെ പൂർണ്ണരൂപം

ഇത് സുവിശേഷകനായ യോഹന്നാനെ സൂചിപ്പിക്കുന്ന പ്രതീകമാണ്. ശിരസ്സിനു ചുറ്റും കാണുന്നത് വിശുദ്ധിയെ സൂചിപ്പിക്കുന്ന പ്രകാശവലയമാണ്. ഉയരത്തിൽ പറക്കുന്ന ഒരു കഴുകനെപ്പോലെയാണ് യോഹന്നാന്റെ ആത്മാവ് ദൈവസിംഹാസനമായ സ്വർഗ്ഗത്തിലേക്കുയരുന്നത്. ക്രിസ്തുവിന്റെ ദൈവത്വത്തിനാണ് ഈ സുവിശേഷത്തിൽ പ്രാധാന്യം കൊടുക്കുന്നത്.









### 8. കഴുകനും മനുഷ്യനും ചേർന്ന രൂപം

സുവിശേഷകനായ യോഹന്നാനെ പ്രതിനിധാനം ചെയ്യുന്ന മറ്റൊരു പ്രതീകമാണിത്. കഴുകന്റെ ശിരസ്സ്; ശിരസ്സിനു താഴെ ചിറകുകളോടു കൂടിയ മനുഷ്യന്റെ അർദ്ധകായ രൂപം. പ്രതീകാത്മക സ്വഭാവം വ്യക്തമാക്കുന്നതിന് ശിരസ്സിനു ചുറ്റും പ്രകാശവലയമുണ്ട്. സുവിശേഷത്തിലെ ആദ്യത്തെ ഏതാനും വാക്കുകൾ ആലേഖനം ചെയ്തിട്ടുള്ള കടലാസ്സ് ചുരുൾ പ്രതീകം തിരിച്ചറിയുന്നതിന് സഹായിക്കുന്നു. നവോത്ഥാനത്തിന്റെ ആദ്യകാലഘട്ടത്തിൽ ഇപ്രകാരമുള്ള പ്രതീകങ്ങൾ ഉണ്ടായിരുന്നു.

### 9. നാലു ശിരസ്സുകളും ആറ് ചിറകുകളുമുള്ള ഏകരൂപം

ഒരു പ്രതിരൂപത്തിൽ നാല് സുവിശേഷകന്മാരേയും സൂചിപ്പിക്കുന്ന പ്രതീകാത്മക ശിരസ്സുകൾ ഒരുമിച്ചു ചേർത്തിരിക്കുന്ന മനോഹരമായ ഒരു പ്രതീകമാണിത്. ഈ പ്രതിരൂപത്തിൽ കാണുന്ന മനുഷ്യശിരസ്സ്, സിംഹശിരസ്സ്, കാളയുടെ ശിരസ്സ്, കഴുകന്റെ ശിരസ്സ്, എന്നിവ യഥാക്രമം മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷകരെ സൂചിപ്പിക്കുന്നു. പറന്നിറങ്ങുന്ന പ്രാവിന്റെ രൂപം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. സുവിശേഷങ്ങൾ പരിശുദ്ധാത്മനിവേശിതങ്ങളാണ് എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.

www.malankaralibrary.com






# IX. സുവിശേഷങ്ങൾ

സുവിശേഷങ്ങളേയും സുവിശേഷകരേയും സൂചിപ്പിക്കുന്ന പ്രതീകങ്ങൾ പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നവയാണെന്ന് മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. സുവിശേഷകരെ സൂചിപ്പിക്കുന്ന പ്രതീകങ്ങൾ, പ്രകാശവലയിതമായ ശിരസ്സും അതിനുതാഴെ രണ്ട് ചിറകുകളോടുകൂടിയ മനുഷ്യന്റെ അർദ്ധകായരൂപവും ചിലപ്പോൾ പൂർണ്ണരൂപവും കൊണ്ട് ചിത്രീകരിക്കുമ്പോൾ, സുവിശേഷങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങൾ ആറ് ചിറകുകളോടു കൂടിയ, പ്രകാശവലയിതമായ ശിരസ്സുകൊണ്ടു മാത്രം ചിത്രീകരിക്കുന്നു. വളരെ പ്രാചീനകാലത്ത് ഏദനിലെ നാലു നദികൾ സുവിശേഷങ്ങളുടെ പ്രതീകങ്ങളായി ചിത്രീകരിക്കപ്പെട്ടിരുന്നു. ഗീഹോൻ എന്ന നദി മത്തായിയുടെ സുവിശേഷത്തെയും യൂഫ്രട്ടീസ് മർക്കോസിന്റെ സുവിശേഷത്തെയും ടൈഗ്രീസ് ലൂക്കോസിന്റെ സുവിശേഷത്തേയും പീശോൺ യോഹന്നാന്റെ സുവിശേഷത്തെയും പ്രതിനിധാനം ചെയ്തിരുന്നു. ഈ നദികൾ പാറകളിൽ നിന്നോ കുന്നുകളിൽ നിന്നോ ഒഴുകുന്ന രൂപത്തിലായിരിക്കും ചിത്രീകരിക്കപ്പെടുന്നത്. ചില അവസരങ്ങളിൽ ഒരു പുരുഷരൂപത്തിന്റെ കൈയിലിരിക്കുന്ന വലിയ പാത്രത്തിൽ നിന്ന് ഒഴുകുന്നതായും ചിത്രീകരിക്കപ്പെടാറുണ്ട്. നദിയുടെ പേരും ആലേഖനം ചെയ്തിരിക്കും.

## 1. ആറ് ചിറകുള്ള മനുഷ്യശിരസ്സ്

സുവിശേഷകനായ വി.മത്തായിയുടെ സുവിശേഷത്തെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. അദ്ദേഹം ക്രിസ്തുവിന്റെ മനുഷ്യത്വത്തിനാണ് തന്റെ സുവിശേഷത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. മനുഷ്യൻ എന്ന നിലയിൽ യേശുവിന്റെ വംശാവലിയെക്കുറിച്ച് വിവരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ സുവിശേഷം ആരംഭിക്കുന്നത്.

## 2. ആറ് ചിറകുള്ള സിംഹശിരസ്സ്

വി.മർക്കോസിന്റെ സുവിശേഷത്തെ പ്രതിനിധാനംചെയ്യുന്ന പ്രതീക

www.malankaralibrary.com







മാണ് സിംഹശിരസ്സ്. മരുഭൂമിയിൽ ഗർജ്ജിക്കുന്ന സിംഹത്തിന്റെ ശബ്ദമുള്ള സ്നാപക യോഹന്നാനെ അവതരിപ്പിച്ചു കൊണ്ടാണ് മർക്കോസ് തന്റെ സുവിശേഷം ആരംഭിക്കുന്നത്. മാത്രവുമല്ല, മർക്കോസ് തന്റെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ രാജത്വത്തിനാണ് പ്രാധാന്യം കല്പിക്കുന്നത്. സിംഹം മൃഗരാജാവാണല്ലോ.

### 3.ആറ് ചിറകുള്ള കാളയുടെ ശിരസ്സ്

ബലിമൃഗമായ കാളയുടെ ശിരസ്സ് വി.ലൂക്കോസിന്റെ സുവിശേഷത്തിന്റെ പ്രതീകമാണ്. ദേവാലയത്തിൽ ബലിയർപ്പണത്തിനും ധൂപാർപ്പണത്തിനുമായി എത്തുന്ന സഖറിയാ പുരോഹിതനെ അവതരിപ്പിച്ചുകൊണ്ടാണ് ലൂക്കോസ് തന്റെ സുവിശേഷം ആരംഭിക്കുന്നത്. സ്വയം ബലിയായിത്തീർന്ന് മനുഷ്യരക്ഷ സാധിക്കുവാനായി വന്ന ക്രിസ്തുവിന്റെ ദാസത്വത്തിനാണ് ഈ സുവിശേഷത്തിൽ പ്രാധാന്യം കല്പ്പിക്കുന്നത്.







### 4. ആറ് ചിറകുള്ള കഴുകന്റെ ശിരസ്സ്



സുവിശേഷകനായ വി.യോഹന്നാന്റെ സുവിശേഷത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ് ആറ് ചിറകുള്ള കഴുകന്റെ ശിരസ്സ്. ക്രിസ്തുവിന്റെ ദൈവത്വത്തിനാണ് യോഹന്നാന്റെ സുവിശേഷത്തിൽ പ്രാധാന്യം കല്പ്പിക്കുന്നത്. വചനമായ ക്രിസ്തുവിനെ ദൈവമായി അവതരിപ്പിച്ചുകൊണ്ടാണ് യോഹന്നാൻ അദ്ദേഹത്തിന്റെ സുവിശേഷം ആരംഭിക്കുന്നത്.

### 5.നാലു നദികൾ, ആട്ടിൻകുട്ടി, ക്രിസ്റ്റോഗ്രാം

സുവിശേഷങ്ങളേയും സുവിശേഷങ്ങൾ ഉയർത്തിക്കാണിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനേയും സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. ഒരു പാറയിൽ നിന്ന് ഒഴുകുന്ന നാലുനദികൾ. ക്രിസ്റ്റോഗ്രാം വഹിച്ചുകൊണ്ട് പാറയിൽ നില്ക്കുന്ന ആട്ടിൻകുട്ടി. ഗീഹോൻ ,യുഫ്രട്ടീസ്,ടൈഗ്രീസ്, പീശോൺ എന്നീ പേരുകളോടു കൂടിയ നാലു നദികൾ (ഉല്പ.2:10–15) നാലു സുവിശേഷങ്ങളുടെ പ്രതീകമാണ്. ക്രിസ്റ്റോഗ്രാം വഹിച്ചുകൊണ്ടു നില്ക്കുന്ന ആട്ടിൻകുട്ടി ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.




### 6. വൃത്തത്തിനുള്ളിലെ കുരിശും പുസ്തകവും

ഒരു വൃത്തം. അതിന്റെ മദ്ധ്യത്തിൽ ഒരു കുരിശ്. നാലു കോണുകളിലായി ഓരോ പുസ്തകം. ഇത് ഒരു പ്രാചീന പ്രതീകാത്മക ചിത്രീകരണമാണ്. പുസ്തകങ്ങൾ നാലു സുവിശേഷങ്ങളേയും കുരിശ് ക്രിസ്തുവി

www.malankaralibrary.com



നേയും വൃത്തം നിത്യതയേയും സൂചിപ്പിക്കുന്നു. ആദ്യന്തവിഹീനനായ ക്രിസ്തു സുവിശേഷങ്ങളിലൂടെ വെളിപ്പെടുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.



### 7.ജലം ഒഴുകുന്ന പാത്രവും മനുഷ്യനും




ഒരു മനുഷ്യൻ വഹിച്ചിരിക്കുന്ന പാത്രത്തിൽ നിന്ന് ജലം ഒഴുകുന്നതായി ചിത്രീകരിച്ചിരിക്കുന്ന ഈ പ്രതീകം സുവിശേഷത്തെ സൂചിപ്പിക്കുന്നതാണ്. 'പീശോൺ' എന്ന ആലേഖനം ഇത് യോഹന്നാന്റെ സുവിശേഷമാണെന്ന് സൂചിപ്പിക്കുന്നു.



# X. കൂദാശകൾ

ക്രൈസ്തവ വിശ്വാസ സംഹിതയിൽ കൂദാശകൾ എന്ന പേരിൽ അറിയപ്പെടുന്ന തിരുക്കർമ്മങ്ങൾക്ക് അതീവ പ്രാധാന്യമുണ്ട്. അദൃശ്യങ്ങളായ ദൈവിക നൽവരങ്ങൾ വിശ്വാസികൾക്ക് പ്രദാനം ചെയ്യുന്ന ദൃശ്യകർമ്മങ്ങളാണ് കൂദാശകൾ. ജ്ഞാനസ്നാനം,സ്ഥൈര്യലേപനം, വി.കുർബാന, കുമ്പസാരം,പൗരോഹിത്യം, വിവാഹം, തൈലാഭിഷേകം എന്നീ ഏഴു കൂദാശകളിലൂടെ ഒരു വിശ്വാസിയുടെ ജനനം മുതൽ മരണം വരെ അവന് ദൈവിക നൽവരങ്ങൾ പ്രദാനം ചെയ്യുന്നു. അതിപ്രാചീനകാലം മുതൽ തന്നെ ഈ ഏഴ് കൂദാശകളെയും പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങൾ ക്രൈസ്തവ ചിത്രകലയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ആദിമ ക്രൈസ്തവരെ സംസ്ക്കരിച്ചിരുന്ന ഭൂഗർഭഗുഹകൾ ഈദൃശങ്ങളായ പ്രതീകങ്ങളുടെ ഒരു ഭണ്ഡാഗാരമാണ്. ഭൂഗർഭ ഗുഹകളിലുള്ള ശവകുടീരങ്ങളിൽ ക്രൈസ്തവ വിശ്വാസങ്ങളെ പ്രതിനിധാനം ചെയ്യുന്ന ധാരാളം പ്രതീകങ്ങൾ കാണാം. ആദ്യകാല ക്രൈസ്തവർ ശവസംസ്കാരത്തിനു മാത്രമല്ല ഭൂഗർഭഗുഹകളിൽ സമ്മേളിച്ചിരുന്നത്. ഒരു പരിധിവരെ അവരുടെ രഹസ്യാരാധനാസ്ഥലം കൂടിയായിരുന്നു ഈ ഭൂഗർഭ ഗുഹകൾ.

## A. ജ്ഞാനസ്നാനം

### 1.കഴുകനും മത്സ്യവും



ജ്ഞാനസ്നാനം എന്ന കൂദാശയെ സുചിപ്പിക്കുന്ന പ്രതീകമാണിത്. ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ സ്വഭാവത്തിലേക്ക് എടുക്കപ്പെട്ട ആത്മാവിനെ സൂചിപ്പിക്കുന്നതാണ് മത്സ്യം. കഴുകൻ പരിശുദ്ധാത്മാവിനെ സുചിപ്പിക്കുന്നു. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പരിശുദ്ധാത്മാവ് ഒരു വിശ്വാസിയുടെ ആത്മാവിനെ സ്വർഗ്ഗത്തിലേക്ക് ആന

www.malankaralibrary.com



യിക്കുന്നു. ഒരു മൊസെയ്ക് ചിത്രത്തിൽ നിന്ന് എടുത്തതാണ് ഈ ചിത്രീകരണം.

### 2. മൂന്ന് മത്സ്യങ്ങളും ഒരു പാത്രവും

ജ്ഞാനസ്നാനത്തോട് ബന്ധപ്പെട്ടതാണ് ഈ പ്രതീകം. ഈ ആവിഷ്ക്കരണം ഒരു മോതിരക്കല്ലിൽ നിന്ന് എടുത്തതാണ്. ഒരു മത്സ്യത്തെ ഉൾക്കൊള്ളുന്ന ഒരു പാത്രം. മറ്റ് രണ്ടു മത്സ്യങ്ങൾ ആ പാത്രത്തെ സമീപിക്കുന്നു. ഈ പ്രതീകത്തിനാധാരം വി.മത്തായിയുടെ സുവിശേഷം 4-ാം അദ്ധ്യായം 18മുതൽ 19വരെയുള്ള വാക്യങ്ങളാകാം. മീൻ പിടുത്തക്കാരെ മനുഷ്യരെ പിടിക്കുന്നവരാക്കുമെന്നുള്ള യേശുവിന്റെ വാഗ്ദാനമാണ് ഇവിടെ സൂചിതമാകുന്നത്.



## B.സ്ഥൈര്യലേപനം

### 1. ഏഴ് ജ്വാലകളോടു കൂടിയ പ്രാവ്



സ്ഥൈര്യലേപനത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. ഈ പ്രതീകത്തിൽ കാണുന്ന പ്രാവ് പരിശുദ്ധാത്മാവിനെയും ഏഴ് ജ്വാലകൾ പരിശുദ്ധാത്മാവിന്റെ ഏഴ് ദാനങ്ങളേയും സൂചിപ്പിക്കുന്നു. സ്ഥിരീകരണ കൂദാശയിലൂടെ ഈ ദാനങ്ങൾ ഒരു വിശ്വാസിക്ക് ലഭിക്കുന്നു.


## C. വി.കുർബാന അഥവാ ദിവ്യരഹസ്യം.

### 1. കതിർക്കറ്റ

ഗോതമ്പ് കതിർക്കറ്റ ദിവ്യരഹസ്യങ്ങളെ സൂചിപ്പിക്കുന്ന പ്രസിദ്ധമായ ഒരു പ്രതീകമാണ്.. ഇതിന്റെ ധാന്യം ഭാരമുള്ളതാണ്. ദിവ്യരഹസ്യങ്ങളിൽ നിന്നൊഴുകുന്ന ധാരാളമായ അനുഗ്രഹങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത്.









### 2. ഗോതമ്പ് ചെടി

യേശുക്രിസ്തുവിന്റെ തിരുശരീരത്തിന്റെ പ്രതീകമായി ഗോതമ്പ് ചിത്രീകരിക്കപ്പെടാറുണ്ട്. വിശുദ്ധ കുർബാനയിൽ വാഴ്ത്തി ശുദ്ധീകരിച്ച് മുറിച്ച് യേശുവിന്റെ തിരുശരീരമായി രൂപാന്തരപ്പെടുത്തുന്ന അപ്പം ഗോതമ്പുമാവു കൊണ്ടാണ് ഉണ്ടാക്കുന്നത്.

### 3. കാസയും കുരിശുവഹിച്ച കുഞ്ഞാടും

ക്രൂശിതനായ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. കുഞ്ഞാട് ക്രിസ്തുവിന്റെ തിരുശരീരത്തെയും കാസ തിരുരക്തത്തെയും പ്രതിനിധാനം ചെയ്യുന്നു.





www.malankaralibrary.com



### 4. മുന്തിരിക്കുലകൾ

രക്ഷകനായ യേശുവിന്റെ തിരുരക്തത്തിന്റെ പ്രതീകമാണ് മുന്തിരിക്കുലകൾ. മുന്തിരിവള്ളി, മുന്തിരിക്കുലകൾ ഇവയെല്ലാം സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. യേശുവിന്റെ തിരുരക്തത്തിലൂടെ ലഭ്യമാകുന്ന ആത്മീയഫലങ്ങളാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

### 5. മുന്തിരിക്കുലയും പക്ഷികളും

വേദേതിഹാസകാലം മുതൽ തന്നെ കാണപ്പെടുന്ന ഒരു പ്രതീകമാണ് മുന്തിരിക്കുലയും പക്ഷികളും. ക്രൈസ്തവ ചിത്രകലയിൽ മുന്തിരിക്കുലകൾ ക്രിസ്തുവിന്റെ തിരുരക്തത്തേയും പക്ഷികൾ വിശ്വാസികളേയും സൂചിപ്പിക്കുന്നു. മുന്തിരിപ്പഴങ്ങൾ തിന്നുന്ന പക്ഷി ക്രിസ്തുവിന്റെ രക്തം പാനം ചെയ്യുന്ന വിശ്വാസിയേയാണ് സൂചിപ്പിക്കുന്നത്.






### 6. മത്സ്യവും, അപ്പവും, വീഞ്ഞും

ദിവ്യരഹസ്യങ്ങളെ സൂചിപ്പിക്കുന്ന ഒരു പ്രാചീന പ്രതീകമാണിത്. മത്സ്യം ക്രിസ്തുവിനേയും പാത്രത്തിലുള്ള അപ്പവും വീഞ്ഞും ദിവ്യരഹസ്യങ്ങളേയും സൂചിപ്പിക്കുന്നു. ക്രിസ്തു തന്നെ തന്റെ തിരുശരീരരക്തങ്ങൾ വിശ്വാസികൾക്കായി കൊണ്ടു വരുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.





### 7. അപ്പവും മത്സ്യങ്ങളും




ഒരു പ്രാചീന മോതിരക്കല്ലിലുള്ള ചിത്രീകരണമാണിത്. പാത്രത്തിലുള്ള അപ്പം ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിന്റെ തിരുശരീരത്തെയും മത്സ്യങ്ങൾ വിശ്വാസികളേയും സൂചിപ്പിക്കുന്നു. ജീവന്റെ അപ്പത്തിനു വേണ്ടി വിശന്നു വലയുന്ന വിശ്വാസികളെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം.

### 8. ഗോതമ്പുകതിർ, മുന്തിരിവള്ളി, കാസ, അപ്പം

ദിവ്യരഹസ്യങ്ങളെ സൂചിപ്പിക്കുന്ന ഒരു ആധുനിക പ്രതീകമാണിത്. ഗോതമ്പുകതിരും അപ്പവും ക്രിസ്തുവിന്റെ തിരുശരീരത്തെയും മുന്തിരിയും കാസയും തിരുരക്തത്തേയും സൂചിപ്പിക്കുന്നു.



### 9. പാത്രവും മത്സ്യവും


ദിവ്യരഹസ്യങ്ങളുടെ ഇരുസാദൃശ്യത്തിലുമുള്ള ഒരു പ്രതീകാത്മക ചിത്രീകരണമാണ് ഈ പ്രതീകം. മത്സ്യം തിരുശ്ശരീരത്തെയും പാത്രം തിരു രക്തത്തേയും സൂചിപ്പിക്കുന്നു. ഏഴാം നൂറ്റാണ്ടിലുള്ള ഒരു വിളക്കിൽ കാണുന്നതാണ് ഈ ചിത്രീകരണം.

www.malankaralibrary.com



# D. കുമ്പസാരം


### 1.ചാട്ടവാർ



പാപങ്ങൾക്ക് ക്ഷമ നൽകുന്ന ഒരു കൂദാശയാണ് കുമ്പസാരം. ചാട്ടവാർ പ്രായശ്ചിത്തത്തേയും തദ്വാരാ ലഭിക്കുന്ന പാപമോചനത്തേയും സൂചിപ്പിക്കുന്നു. ഈ പ്രതീകത്തിൽ ചാട്ടവാറിൽ നിന്ന് രണ്ട് ചാട്ടകൾ വേർപെട്ടു കിടക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന സൂചനയാണ് ഇത് നൽകുന്നത്. നാലാം നൂറ്റാണ്ടു മുതൽ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണിത്.

### 2. താക്കോലും ചാട്ടവാറും

താക്കോൽ അധികാരത്തിന്റെ ചിഹ്നമാണ്. സ്വർഗ്ഗത്തിന്റെ താക്കോൽ പത്രോസിനു നല്കുന്നതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്താ.16:19). ഭൗമികസഭയിൽ പത്രോസിനുള്ള അധികാരമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈ പ്രതീകത്തിൽ താക്കോലും ചാട്ടവാറും സമന്വയിച്ച് ചിത്രീകരിച്ചിരിക്കുന്നു. കുമ്പസാരത്തിലൂടെയും പ്രായശ്ചിത്തത്തിലൂടെയും പാപമോചനം പ്രാപിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.




# E. പൗരോഹിത്യം

### 1.പുസ്തകം, സ്റ്റോൾ,കാസ, ഓസ്തി

പല പ്രതീകാത്മക വസ്തുക്കൾ ഒരുമിച്ചു ചേർത്ത് ആവിഷ്ക്കരിക്കുന്ന ഒരു പ്രതീകമാണിത്. പൗരോഹിത്യത്തിന്റെ ത്രിവിധാധികാരങ്ങളെ ഇത് സൂചിപ്പിക്കുന്നു. കാസയും ഓസ്തിയും ബലിയർപ്പണാധികാരത്തെയും








പുസ്തകം പഠിപ്പിക്കുന്നതിനുള്ള അധികാരത്തെയും സ്റ്റോൾ പ്രബോധനാധികാരത്തെയും സൂചിപ്പിക്കുന്നു.

# F.വിവാഹം

### 1. വളയങ്ങൾ




വിവാഹത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. വളയങ്ങൾക്ക് മുകളിൽ കാണുന്ന മോണോഗ്രാം ക്രിസ്തുവിനെയും വളയങ്ങൾ വിവാഹത്തെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പരിരക്ഷയിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള അനന്തമായ ഐക്യമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

### 2. കൈകൾ, സ്റ്റോൾ, മോണോഗ്രാം

വിവാഹ കൂദാശയെ സൂചിപ്പിക്കുന്ന പ്രത്യക്ഷമായ ഒരു പ്രതീകമാണിത്. പരസ്പരം യോജിച്ചിരിക്കുന്ന കൈകൾ വധൂവരന്മാരെ സൂചിപ്പി


www.malankaralibrary.com


ക്കുന്നു. സ്റ്റോൾ കൂദാശയേയും മോണോഗ്രാം ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പരിരക്ഷയിൽ വിവാഹം എന്ന കൂദാശയിലൂടെ വധൂവരന്മാർ പരസ്പരം ബന്ധിതരാകുന്നു എന്ന ആശയത്തിന്റെ ആവിഷ്കരണമാണ് ഈ പ്രതീകം.

## G. തൈലാഭിഷേകം

### 1. മണൽ ഘടികാരം, എണ്ണപ്പാത്രം, തിരികൾ



ഇത് തൈലാഭിഷേക കൂദാശയെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. മുകൾത്തട്ടിലെ മണൽ മിക്കവാറും തീർന്നിരിക്കുന്ന മണൽഘടികാരം ജീവിതാന്ത്യത്തോടടുത്തിരിക്കുന്ന വിശ്വാസിയേയും പാത്രത്തിലെ എണ്ണയും തിരികളും തൈലാഭിഷേക കൂദാശയേയും സൂചിപ്പിക്കുന്നു.

## H. മഴവില്ല്




ഇത് ഏഴ് കൂദാശകളെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. ദൈവവും





മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ ചിഹ്നം കൂടിയാണ് മഴവില്ല്. മഴവില്ലിൽ കാണുന്ന ഏഴ് നിറങ്ങൾ ഏഴ് കൂദാശകളെ സൂചിപ്പിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

www.malankaralibrary.com

# XI. വിശ്വാസികൾ

ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനതയായിരുന്നു പഴയനിയമ ഇസ്രായേൽ. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനമാണ് പുതിയനിയമ ഇസ്രായേലായ ക്രൈസ്തവർ. പ്രാചീന കാലം മുതൽ തന്നെ ക്രിസ്തുവിൽ വിശ്വസിക്കുന്ന വിശ്വാസികളെ സൂചിപ്പിക്കുന്ന പ്രതീകങ്ങളും നിലവിൽ വന്നിരുന്നു. അവരുടെ വിശ്വാസം പരസ്പരം കൈമാറുന്നതിനുള്ള രഹസ്യഭാഷയായും ഈ പ്രതീകങ്ങൾ ആദിമക്രൈസ്തവർ ഉപയോഗിച്ചിരുന്നു. മത്സ്യം, കലമാൻ, പക്ഷി, ആട്ടിൻകുട്ടി തുടങ്ങിയവ വിശ്വാസികളെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളാണ്. ക്രിസ്തുവിൽ വിശ്വസിച്ച് പരിശുദ്ധാത്മനൽവരം പ്രാപിച്ചുകൊണ്ട് സത്യത്തിലും നീതിയിലും ജീവിച്ച് പുനരുത്ഥാനത്തിലുള്ള പ്രത്യാശയോടു കൂടി നിദ്ര പ്രാപിക്കുന്നു എന്ന ആശയം മുഴുവനായോ ഭാഗികമായോ ആവിഷ്ക്കരിക്കുന്നതാണ് പല പ്രതീകങ്ങളും.

### 1. സുഗന്ധച്ചെടി.(കൊഴുന്ത്)

റോമാക്കാരുടെ ഇതിഹാസത്തിൽ സ്നേഹത്തിന്റെ ദേവനായ ശുക്രന്റെ ചെടിയാണ് സുഗന്ധച്ചെടി. എപ്പോഴും പച്ചപിടിച്ച് തഴച്ചു വളരുന്ന ഒരു ചെടിയാണിത്. ഇതിനെ സ്നേഹത്തിന്റെ ചിഹ്നമായി സങ്കല്പിച്ചിരുന്നു. ക്രൈസ്തവ ചിത്രകലയിൽ യേശുവിൽ ഒന്നായി തീർന്ന, സ്നേഹത്തിന്റെ പ്രചാരകന്മാരായ ക്രൈസ്തവ വിശ്വാസികളെ സൂചിപ്പിക്കുന്ന പ്രതീകമാണിത്.


### 2. സ്തംഭം, ആട്ടിൻകുട്ടികൾ, പാത്രം

സ്തംഭം, ആട്ടിൻകുട്ടികൾ, പാത്രത്തിൽ ദ്രാവകം എന്നീ പ്രതീകങ്ങളെക്കൊണ്ട് ആവിഷ്ക്കരിച്ചിരിക്കുന്ന മനോഹരമായ ഒരു ചിത്രീകരണമാണിത്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ക്രൈസ്തവനേയും ക്രിസ്തുവിൽ വിശ്വസിക്കാത്ത യഹൂദനേയും സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. സ്തംഭം സഭയേയും പാത്രത്തിൽ കാണുന്ന ദ്രാവകം ക്രിസ്തുവിന്റെ രക്തത്തെയും സൂചിപ്പിക്കുന്നു. സ്തംഭത്തിനു വലതുവശത്ത് മുകളിലേക്ക് നോക്കിനില്ക്കുന്ന





ആട്ടിൻകുട്ടി ക്രിസ്തുവിന്റെ ദിവ്യരക്തം അതിയായി ആഗ്രഹിക്കുന്ന വിശ്വാസിയായ ക്രൈസ്തവനേയും ഇടതുവശത്ത് ശിരസ്സ് തിരിച്ചുനില്ക്കുന്ന ആട്ടിൻകുട്ടി അമൂല്യമായ ഈ അനുഗ്രഹം സ്വീകരിക്കാതെ സഭയിൽ നിന്ന് വിമുഖനായി നില്ക്കുന്ന യഹൂദനേയുമാണ് സൂചിപ്പിക്കുന്നത്.






### 3. കലമാനും കാസയും

ദിവ്യ രഹസ്യങ്ങൾക്കു വേണ്ടി ആർത്തിയോടെ പ്രതീക്ഷിച്ചു നില്ക്കുന്ന ഒരു വിശ്വാസിയേയാണ് ഈ പ്രതീകം പ്രതിനിധാനം ചെയ്യുന്നത്. കലമാൻ വിശ്വാസിയേയും കാസ ദിവ്യരഹസ്യങ്ങളേയും സൂചിപ്പിക്കുന്നു.

### 4. നാല് മത്സ്യങ്ങളും അപ്പവും




ജീവന്റെ അപ്പത്തെ സമീപിക്കുന്ന വിശ്വാസികളെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. മത്സ്യങ്ങൾ വിശ്വാസികളേയും അപ്പം ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. കാർത്തേജിലുള്ള ഒരു ജ്ഞാനസ്നാനദേവാലയത്തിലെ മാർബിളിൽ ആലേഖനം ചെയ്തിരിക്കുന്ന ഒരു പ്രതീകാത്മക ചിത്രമാണിത്.


www.malankaralibrary.com



## 5. അപ്പം ഭക്ഷിക്കുന്ന മത്സ്യങ്ങൾ

ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിന്റെ തിരുശരീരം ഭക്ഷിക്കുന്ന വിശ്വാസികളെയാണ് ഈ പ്രതീകം വരച്ചുകാണിക്കുന്നത്. മത്സ്യങ്ങൾ വിശ്വാസികളേയും അപ്പം ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിന്റെ തിരുശരീരത്തെയും സൂചിപ്പിക്കുന്നു.






## 6. നാല് അപ്പവും രണ്ട് മത്സ്യങ്ങളും

ജീവന്റെ അപ്പത്തിനായി വിശന്നു വലയുന്ന വിശ്വാസികളെയാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്. വിശുദ്ധ മത്തായിയുടെ സുവിശേഷം 14-ാം അദ്ധ്യായം 13മുതൽ 21വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന അത്ഭുതസംഭവമായിരിക്കാം ഈ പ്രതീകത്തിനാധാരം. നാല് അപ്പവും രണ്ട് മീനുമാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. നാലാം നൂറ്റാണ്ടിലുള്ള ഒരു മോതിരക്കല്ലിൽ കൊത്തിയിരിക്കുന്നതാണ് ഈ ചിത്രം.

## 7. ആട്ടിൻകുട്ടികൾ, ക്രിസ്റ്റോഗ്രാം


കുരിശ് വഹിച്ചുകൊണ്ട് നില്ക്കുന്ന ആട്ടിൻകുട്ടികൾ വിശ്വാസികളേയും ക്രിസ്റ്റോഗ്രാം ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. സ്വന്തം കുരിശ് വഹിച്ചുകൊണ്ട് യേശുവിനെ നോക്കി അനുയാത്ര ചെയ്യുന്ന വിശ്വാസികളെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. ഇതിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത് മത്തായിയുടെ സുവിശേഷത്തിൽ നിന്നാണ്. "യേശു ശിഷ്യൻമാരോട് അരുളി ചെയ്തു; ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ." (മത്താ.16:24).








## 8. ആടുകൾ, കുരിശ്, ഈന്തൽച്ചെടി




വിശ്വാസിയുടെ വളർച്ചയെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. ആടുകൾ വിശ്വാസികളേയും കുരിശും ആൽഫയും ഒമേഗയും, ക്രൂശിതനും അനാദ്യന്തനുമായ ക്രിസ്തുവിനേയും സൂചിപ്പിക്കുന്നു. ക്രൂശിതനായ ക്രിസ്തുവിന്റെ സംരക്ഷണയിൽ വിശ്വാസികൾ ക്രിസ്തുവിനെ നോക്കി ജീവിക്കുന്നു. അപ്രകാരം ജീവിക്കുന്ന വിശ്വാസികൾ ഈന്തൽച്ചെടി പോലെ തഴച്ചു വളരുന്നു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

## 9. നങ്കൂരവും മത്സ്യങ്ങളും




ഒരു നങ്കൂരവും അതുമായി ബന്ധപ്പെടുത്തിയിരിക്കുന്ന രണ്ട് മത്സ്യങ്ങളും. കുരിശിനാൽ വിശ്വാസികൾ രക്ഷ പ്രാപിച്ചു എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

www.malankaralibrary.com


### 10. കലമാനും നീരുറവയും

ജീവജലത്തിനായി ദാഹിക്കുകയും ക്രിസ്തുവിന്റെ രക്തത്താൽ പോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന വിശ്വാസിക്ക് സ്വർഗ്ഗീയ പ്രതിഫലം ലഭിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്. ഇതിന്റെ ആശയം സ്വീകരിച്ചിരിക്കുന്നത് 42-ാം സങ്കീർത്തനം ഒന്നാം വാക്യത്തിൽ നിന്നാണ്. "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു." കലമാനുകൾ വിശ്വാസികളേയും പാറ ക്രിസ്തുവിനെ അല്ലെങ്കിൽ സഭയേയും ഈന്തൽച്ചെടി സ്വർഗ്ഗീയ പ്രതിഫലത്തേയും സൂചിപ്പിക്കുന്നു.






### 11. പക്ഷികൾ, ക്രിസ്റ്റോഗ്രാം, പിത്തള സർപ്പം


രക്ഷ പ്രാപിക്കുവാനായി വിശ്വാസികൾ ക്രിസ്തുവിലേക്ക് നോക്കുന്നു എന്ന ആശയത്തിന്റെ ആവിഷ്കരണമാണ് ഈ പ്രതീകം. ഇതിൽ കാണുന്ന ക്രിസ്റ്റോഗ്രാമും ആൽഫയും ഒമേഗയും ക്രൂശിതനായ ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. പ്രാവുകൾ വിശ്വാസികളേയും സർപ്പം ഇസ്രായേൽ ജനത്തിന്റെ സൗഖ്യത്തിനുവേണ്ടി മോശ മരുഭൂമിയിൽ ഉയർത്തിയ പിത്തള സർപ്പത്തെയും സൂചിപ്പിക്കുന്നു. മോശ മരുഭൂമിയിൽ ഉയർത്തിയ പിത്തള സർപ്പത്തെ നോക്കി ഇസ്രായേൽ ജനം രക്ഷ പ്രാപിച്ചതു പോലെ വിശ്വാസികൾ രക്ഷ പ്രാപിക്കുന്നതിനുവേണ്ടി ക്രൂശിതനായ ക്രിസ്തുവിനെ നോക്കുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.



# XII. ഇസ്രായേൽ ഗോത്രങ്ങൾ

ദൈവജനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് കൽദയരുടെ ഊരിൽ നിന്ന് അബ്രഹാമിനെ ദൈവം വിളിച്ച് വേർതിരിക്കുന്നതോടു കൂടിയാണ്. അബ്രഹാം ഒരു വലിയ ജനതയുടെ പിതാവായിത്തീരുമെന്നുള്ള ദൈവത്തിന്റെ അനുഗ്രഹം വിശ്വസ്തനായ ആ ഭൃത്യനിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടു. അബ്രഹാം,ഇസ്സഹാക്ക്,യാക്കോബ് എന്നിവരിലൂടെ ആ ജനത്തെ ദൈവം നയിച്ചു. ഈ ജനതതിക്ക് ഇസ്രായേൽ എന്ന പേരു ലഭിക്കുന്നത് യാക്കോബിൽ നിന്നാണ്. യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരിൽ നിന്ന് പന്ത്രണ്ട് ഇസ്രായേൽ ഗോത്രങ്ങളുണ്ടായി. ഗോത്രത്തലവന്മാരുടെ പേരിലാണ് ആ ഗോത്രങ്ങൾ അറിയപ്പെടുന്നത്. ക്രൈസ്തവ ചിത്രകലയിൽ ഈ ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളും ഉണ്ട്. ചില പ്രതീകങ്ങൾ ഒന്നിലധികം ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

### 1. മാർഷതക്കം



യഹൂദ മഹാപുരോഹിതൻ അണിയുന്ന മാർപ്പതക്കത്തിന്റെ ചിത്രമാണിത്. പുരോഹിത ഗോത്രമായ ലേവി ഗോത്രത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ് മാർപ്പതക്കം. ഇതിൽ കാണുന്ന പന്ത്രണ്ടു കല്ലുകളിൽ ഓരോന്നിലും ഇസ്രായേൽ ഗോത്രത്തിലെ ഓരോ ഗോത്രത്തിന്റെയും പേര് കൊത്തിയിട്ടുണ്ടായിരിക്കും. ഈ മാർപ്പതക്കത്തെ സംബന്ധിച്ച് ദൈവം മോശക്കു നല്കുന്ന നിർദ്ദേശങ്ങൾ പുറപ്പാടു പുസ്തകം വിവരിക്കുന്നുണ്ട്. (പുറ.28:15-30)

### 2. ചെന്നായ

ബെഞ്ചമിൻ ഗോത്രത്തിന്റെ പ്രതീകമാണ് ചെന്നായ. ഈ പ്രതീകത്തി

www.malankaralibrary.com

നാധാരം ഉത്പത്തി 49-ാം അദ്ധ്യായം 27-ാം വാക്യമാണ്. ''ആർത്തിയുള്ള ഒരു ചെന്നായാണ് ബെഞ്ചമിൻ. അവൻ രാവിലെ ഇര വിഴുങ്ങുകയും വൈകുന്നേരം കവർച്ച മുതൽ പങ്കിടുകയും ചെയ്യും.''








### 3. മാതള നാരകം

രൂബേൻ ഗോത്രത്തിന്റെ പ്രതീകമാണ് മാതള നാരകം. ഹീബ്രു ലിപിയിലുള്ള എഴുത്ത് രൂബേൻ ഗോത്രത്തെ സൂചിപ്പിക്കുന്നു.

### 4. കാളക്കൂറ്റനും കാട്ടുപോത്തും

ജോസഫ് ഗോത്രത്തിന്റെ പ്രതീകം കാളക്കൂറ്റനും കാട്ടുപോത്തുമാണ്. മനാസ്സെ, എഫ്രയിം എന്നീ ഗോത്രങ്ങളുടെ പ്രതീകവും ഇതു തന്നെയാണ്. ഓരോ ഗോത്രത്തിന്റെയും പ്രതീകം തിരിച്ചറിയുന്നതിന് ഹീബ്രു ലിപിയിലുള്ള എഴുത്ത് സഹായിക്കുന്നു. ഈ പ്രതീകത്തിനാധാരം നിയമാവർത്തനം 33-ാം അദ്ധ്യായം 17-ാം വാക്യമാണ്. ''അവന്റെ കരുത്ത് കടിഞ്ഞൂൽ കൂറ്റന്റേത്. അവന്റെ കൊമ്പുകൾ കാട്ടുപോത്തിന്റേത്. ആ കൊമ്പുകൾ കൊണ്ട് അവൻ ജനതകളെയെല്ലാം ഭൂമിയുടെ അതിർത്തിയിലേക്ക് തള്ളിമാറ്റും. അവരാണ് എഫ്രയീമിന്റെ പതിനായിരങ്ങൾ. അവരാണ് മനാസ്സെയുടെ ആയിരങ്ങൾ''







### 5. കൂടാരങ്ങൾ

ഗാദ്ഗോത്രത്തിന്റെ പ്രതീകം കൂടാരങ്ങളാണ്. ഈ പ്രതീകത്തിന് ആധാരം സംഖ്യ 32-ാം അദ്ധ്യായമാണ്.

### 6. കോട്ട

ശിമയോൻ ഗോത്രത്തിന്റെ പ്രതീകമാണ് കോട്ട. ഗോത്രപിതാവായ ശിമയോൻ ഷെക്കെമിന്റെ കോട്ട പിടിച്ചടക്കുകയും അതിലെ നിവാസികളെ വധിക്കുകയും ചെയ്തു. ഉത്പത്തി പുസ്തകം 34-ാം അദ്ധ്യായത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്.







### 7. സിംഹം

യൂദാ ഗോത്രത്തിന്റെ പ്രതീകമാണ് സിംഹം. ഈ പ്രതീകത്തിനാധാരം ഉത്പത്തിപ്പുസ്തകം 49-ാം അദ്ധ്യായം 9-ാം വാക്യമാണ്. ''യൂദാ ഒരു സിംഹക്കുട്ടിയാണ്. എന്റെ മകനേ, നീ ഇരയിൽ നിന്ന് മടങ്ങിയിരിക്കുന്നു. അവൻ ഒരു സിംഹത്തെപ്പോലെയും സിംഹിയെപ്പോലെയും പതുങ്ങിക്കിടന്ന് വിശ്രമിക്കുന്നു. അവനെ ഉണർത്താൻ ആർക്ക് ധൈര്യമുണ്ടാകും ?''

### 8. പേടമാൻ

നഫ്ത്താലി ഗോത്രത്തിന്റെ പ്രതീകമാണ് പേടമാൻ. ഈ പ്രതീകത്തിനാധാരം ഉത്പത്തിപ്പുസ്തകം 49-ാം അദ്ധ്യായം 21-ാം വാക്യമാണ്. ''സ്വച്ഛന്ദം ചരിക്കുന്ന ഒരു പേടമാനാണ് നഫ്ത്താലി.''






www.malankaralibrary.com



**9. കപ്പൽ**

സെബൂലൂൺ ഗോത്രത്തിന്റെ പ്രതീകമാണ് കപ്പൽ. "സെബുലൂണാ കട്ടെ കടൽത്തീരത്തു വസിക്കും. അവൻ കപ്പലുകൾക്ക് അഭയകേന്ദ്രമായിരിക്കും." (ഉത്പ.49:13)

**10. ഒട്ടകം**

ഇസ്സാഖാർ ഗോത്രത്തിന്റെ പ്രതീകം ഒട്ടകമാണ്. നവോത്ഥാന കാലത്തിലെ ചിത്രകലയിൽ ഈ പ്രതീകം സർവ്വസാധാരണമായിരുന്നു.





**11. സർപ്പം**

ദാൻ ഗോത്രത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ് സർപ്പം. ഈ പ്രതീകത്തിനാധാരം ഉത്പത്തി 49-ാം അദ്ധ്യായം 17-ാം വാക്യമാണ്. "ദാൻ വഴിവക്കിലെ സർപ്പവും പാതയിലെ അണലിയുമായിരിക്കും."

**12. ഗോതമ്പു ചെടി**

ആശേർ ഗോത്രത്തിന്റെ പ്രതീകം ഗോതമ്പു ചെടിയാണ്. ഈ പ്രതീകത്തിനാധാരം ഉത്പത്തി 49-ാം അദ്ധ്യായം 20-ാം വാക്യമാണ്. "ആശേറിന്റെ ആഹാരം സമ്പന്നമായിരിക്കും. അവൻ രാജകീയ വിഭവങ്ങൾ പ്രദാനം ചെയ്യും."






# XIII. പുനരുത്ഥാനം

നിദ്ര പ്രാപിക്കുന്ന വിശ്വാസി, ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പുനരുത്ഥാനം ചെയ്യുമെന്നുള്ള വിശ്വാസമാണ് ക്രൈസ്തവന്റെ പ്രത്യാശയുടെ നിദാനം. ഈ വിശ്വാസത്തെ ആവിഷ്ക്കരിക്കുന്ന പ്രതീകങ്ങൾ പ്രാചീനകാലം മുതൽ തന്നെ ക്രൈസ്തവ ചിത്രകലയിൽ സ്ഥാനം പിടിച്ചിരുന്നു. ഭൂഗർഭ ഗുഹയിലുള്ള ശവകുടീരങ്ങളിൽ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങൾ കാണുന്നുണ്ട്. ചിത്രശലഭം, മീവൽ പക്ഷി, മുട്ട തുടങ്ങിയവയാണ് പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നതിനുപയോഗിക്കുന്ന പ്രതീകങ്ങൾ.

**1. മീവൽ പക്ഷി**



പുനരുത്ഥാനത്തിന്റെ പ്രതീകമായിട്ടാണ് മീവൽ പക്ഷി ചിത്രീകരിക്കപ്പെടാറുള്ളത്. ഈ പക്ഷി ശൈത്യകാലം മുഴുവൻ ചെളിയിൽ കഴിച്ചുകൂട്ടുമെന്നും വസന്തകാലമാകുമ്പോൾ വീണ്ടും പ്രത്യക്ഷപ്പെടുമെന്നുമുള്ള ഐതിഹ്യത്തിൽ നിന്നായിരിക്കാം ഈ പ്രതീകം ഉടലെടുത്തത്.

**2. മുട്ട**

യേശുവിൽ വിശ്വസിച്ച് പുനരുത്ഥാനത്തിലുള്ള പ്രത്യാശയോടു കൂടി നിദ്രപ്രാപിക്കുന്ന വിശ്വാസികൾ ശവകുടീരങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുമെന്നുള്ള ക്രൈസ്തവവിശ്വാസത്തെ പ്രതീകാത്മകമായി ആവിഷ്ക്ക


www.malankaralibrary.com



രിക്കുന്നതാണ് മുട്ടയുടെ ചിത്രം. മുട്ടയിൽ നിന്ന് കുഞ്ഞുങ്ങൾ പുറത്തു വരുന്നതുപോലെ പരേതർ ശവകുടീരങ്ങളിൽ നിന്ന് ഉയർത്തെഴുന്നേൽക്കുന്നു. പ്രത്യാശയുടെയും ഉയർത്തെഴുന്നേൽപ്പിന്റേയും പ്രതീകമാണ് മുട്ട.

### 3. ചിത്രശലഭം

പ്രതീകാത്മക ചിത്രീകരണത്തിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു പ്രതിരൂപമാണ് ചിത്രശലഭം. ക്രൈസ്തവ ജീവിതത്തെ മൊത്തമായും ആവിഷ്ക്കരിക്കുന്നതാണ് ഈ പ്രതീകം. ഒരു ചിത്രശലഭത്തിന്റെ ജീവിതത്തിൽ മൂന്ന് അവസ്ഥകളുണ്ട്. ഒന്ന് പുഴു; രണ്ട് സമാധി; മൂന്ന് ചിത്രശലഭം.



ഇതുപോലെ ക്രൈസ്തവ ജീവിതത്തിലും മൂന്ന് അവസ്ഥകളുണ്ട്. ഒന്ന് ഐഹിക ജീവിതം; രണ്ട് മരണം; മൂന്ന് പുനരുത്ഥാനം. പുഴു ഐഹിക ജീവിതത്തേയും സമാധി മരണത്തേയും ചിത്രശലഭം പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു. പുനരുത്ഥാനത്തിലുള്ള പ്രത്യാശയുടെ പ്രതീകമായിട്ടാണ് ചിത്രശലഭം പരിഗണിക്കപ്പെടുന്നത്.



# XIV. വിജയം

ജീവിതം ഒരു പോരാട്ടമാണ്. അതിൽ വിജയം കൈവരിക്കുക എന്നുള്ളതാണ് എല്ലാവരുടെയും ലക്ഷ്യം. ലക്ഷ്യത്തിൽ എത്തിച്ചേരുന്നവരുണ്ട്; അല്ലാത്തവരുമുണ്ട്. ക്രൈസ്തവ ജീവിതത്തെ പോരാട്ടത്തോടും ഓട്ടപ്പന്തയത്തോടും പൗലോസ് സാദൃശ്യപ്പെടുത്തുന്നു. അതിൽ വിജയിക്കുന്നവർക്കുള്ള പ്രതിഫലത്തെക്കുറിച്ചും പറയുന്നുണ്ട്. 'Victory'എന്ന പദത്തിലെ ആദ്യക്ഷരമായ 'V' വിജയ ചിഹ്നമായി പരിഗണിക്കാറുണ്ട്. ഈന്തപ്പന, പതാക തുടങ്ങിയവയുടെ ചിത്രങ്ങളും വിജയത്തിന്റെ പ്രതീകമായി ചിത്രീകരിക്കുന്നു.

### 1. ഈന്തപ്പന




പാപത്തിന്മേലും മരണത്തിന്മേലുമുള്ള വിജയത്തെ സൂചിപ്പിക്കുന്നതാണ് ഈന്തപ്പനയുടെ കുരുത്തോല. രക്തസാക്ഷികളായ വിശുദ്ധരുടെ ശവകുടീരങ്ങളിൽ വിജയത്തിന്റെ പ്രതിരൂപമായി കുരുത്തോല ചിത്രീകരിച്ചിരുന്നു. യേശുവിന്റെ ജെറുസലേമിലേക്കുള്ള വിജയഘോഷയാത്രയിൽ അദ്ദേഹത്തെ അനുഗമിച്ചിരുന്നവർ ഒലിവിന്റെയും ഈന്തലിന്റെയും ചില്ലകൾ വഹിച്ചുകൊണ്ട് ദാവീദ് പുത്രന് ഓശാന പാടിയ സംഭവം ബൈബിളിൽ വിവരിക്കുന്നുണ്ട്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ദീർഘകാലം മരുഭൂമിയിൽ വളരുന്ന ഈന്തപ്പന ദീർഘായുസ്സിന്റെ പ്രതീകം കൂടിയാണ്.

### 2. പതാക

വിജയത്തിന്റെ പ്രതീകമാണ് പതാക. കുരിശടയാളത്തോടു കൂടിയ


www.malankaralibrary.com





പതാക, ക്രൈസ്തവ ചിത്രകലയിൽ ജീവിതത്തിന്റെ വിജയപതാകയായി കരുതപ്പെടുന്നു. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ ചിത്രത്തിലും സ്വർഗ്ഗാരോഹണത്തിന്റെ ചിത്രത്തിലും ക്രിസ്തു വിജയ പതാക ഉയർത്തിപ്പിടിച്ചിരിക്കുന്ന ചിത്രങ്ങളുണ്ട്. ക്രിസ്തു മരണത്തെയും സാത്താനേയും ജയിച്ചു എന്ന ആശയമാണ് ഈ ചിത്രങ്ങളിലൂടെ ആവിഷ്കൃതമാകുന്നത്.

### 3.കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ പതാക



കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ, റോമൻ നാണയങ്ങളാൽ അലംകൃതമായ, പതാകയുടെ ചിത്രമാണിത്. ഏറ്റവും മുകളിലായി കാണുന്നത് ക്രിസ്റ്റോഗ്രാം ആണ്. ഈ പതാകയുടെ ഉത്ഭവത്തിന് പിന്നിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. കോൺസ്റ്റന്റൈൻ ചക്രവർത്തി ഒരിക്കൽ യുദ്ധസന്നദ്ധനായിരിക്കുമ്പോൾ ക്രൈസ്തവർ വിശ്വസിക്കുന്ന ദൈവത്തിലേക്ക് അദ്ദേഹത്തെ തിരിക്കത്തക്ക ഒരു അനുഭവം അദ്ദേഹത്തിനുണ്ടായി. സ്വർഗ്ഗത്തിൽ ഒരു അടയാളവും "ഈ അടയാളത്താൽ നീ വിജയിക്കും" എന്ന എഴുത്തും അദ്ദേഹം കണ്ടു. താൻകണ്ട അടയാളം ഉള്ള ഒരു പതാക ഉണ്ടാക്കുവാൻ അദ്ദേഹം ഉത്തരവ് നല്കി. ഈ അടയാളം ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ക്രിസ്റ്റോഗ്രാം ആയിരുന്നു. അങ്ങനെ ക്രിസ്തുവിന്റെ കൊടിക്കീഴിൽ നിന്ന് യുദ്ധം ചെയ്ത് അദ്ദേഹത്തിന്റെ സൈന്യം വിജയം കൈവരിച്ചു. ഈ സംഭവത്തിനു ശേഷം അദ്ദേഹം ക്രൈസ്തവസഭക്കു സ്വാതന്ത്ര്യം നല്കി.



# XV. പ്രതിഫലം

ജീവിത വിജയത്തെക്കുറിച്ചും പ്രതിഫലത്തെക്കുറിച്ചും മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വിജയം കൈവരിക്കുന്നവർക്ക് പ്രതിഫലത്തിന് അർഹതയും അവകാശവുമുണ്ട്. മൽസരത്തിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നവർക്ക് നൽകുന്ന പ്രതിഫലമാണ് സമ്മാനങ്ങളും ബഹുമതിമുദ്രകളും സ്ഥാനമാനങ്ങളും മറ്റും. ക്രിസ്തുവിൽ വിശ്വസിച്ച് ജീവിക്കുന്ന ഒരുവന് ലഭിക്കുന്ന പ്രതിഫലം നിത്യജീവനാണ്. നിത്യജീവൻ ലഭിക്കുമെന്നുള്ള പ്രത്യാശയാണ് യേശുവിൽ വിശ്വസിക്കുന്നവരെ സഹനത്തിന് ശക്തരാക്കുന്നത്. അന്ത്യന്യായവിധിയിൽ ഓരോരുത്തനും ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് വി.മത്തായിയുടെ സുവിശേഷം 25–ാം അദ്ധ്യായം 31 മുതൽ 46 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ഇവിടെ നന്മ ചെയ്തവർക്കുള്ള പ്രതിഫലത്തെക്കുറിച്ചും തിന്മ ചെയ്തവർക്കുള്ള പ്രതിഫലത്തെക്കുറിച്ചും പറയുന്നുണ്ട്. ഈ രണ്ടു വിധത്തിലുള്ള പ്രതിഫലങ്ങളേയും ചിത്രീകരിക്കുന്ന പ്രതീകങ്ങൾ ക്രൈസ്തവ ചിത്രകലയിലുണ്ട്.

### 1.കുരിശ്, കിരീടം, ഈന്തൽച്ചില്ല



ക്രിസ്തുവിലുള്ള മരണം നിത്യജീവൻ പ്രദാനം ചെയ്യുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്. കുരിശ് ക്രിസ്തുവിലുള്ള മരണത്തേയും കിരീടം സ്വർഗ്ഗീയ പ്രതിഫലത്തേയും ഈന്തൽച്ചില്ലകൾ വിജയത്തേയും നിത്യജീവനേയും സൂചിപ്പിക്കുന്നു.


### 2. നങ്കൂരവും മത്സ്യങ്ങളും

ഒരു നങ്കൂരം. അതിന്റെ ഒരു വശത്ത് ഒരു മത്സ്യം തൂങ്ങിക്കിടക്കുന്നു. മറു

www.malankaralibrary.com



വശത്ത് വേറൊരു മത്സ്യം നങ്കൂരവുമായി ബന്ധപ്പെടാതെ നില്ക്കുന്നു. അതിന്റെ ശരീരത്തിൽ ''നീ എന്നെ രക്ഷിക്കും '' എന്ന് എഴുതിയിട്ടുണ്ട്. ലോകം കുരിശിലൂടെയുള്ള രക്ഷ ആഗ്രഹിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.






### 3. മത്സ്യം, കുരിശ്,ആട്ടിൻകുട്ടി, പക്ഷി

ഈ പ്രതീകസമുച്ചയത്തിൽ നാല് പ്രതീകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രക്ഷകന്റെ പ്രതീകമായ മത്സ്യവും കുരിശും. സമാധാനത്തിന്റെ ചിഹ്നമായ ഒലിവില വഹിച്ചിരിക്കുന്ന പ്രാവ്. വിശ്വാസികളുടെ പ്രതീകമായ ആട്ടിൻകുട്ടി. രക്ഷകനായ യേശുക്രിസ്തു വിശ്വാസികൾക്കു സമാധാനം നല്കുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.

### 4. വൃക്ഷങ്ങൾ, പക്ഷികൾ



കുരിശ് വിശ്വാസികളുടെ അഭയസ്ഥാനം എന്ന ആശയം ആവിഷ്ക്കരിക്കുന്ന ഒരു പ്രതീകമാണിത്. കുരിശിന്റെ മാതൃക സൃഷ്ടിക്കുന്ന രണ്ട് വൃക്ഷങ്ങൾ വിശ്വാസികളെ പ്രതിനിധാനം ചെയ്യുന്ന പക്ഷികൾക്ക് തണൽ നൽകുന്നു. ജീവജലത്തിന്റെ ഉറവ അതിന്





ആനന്ദം പ്രദാനം ചെയ്യുന്നു. ഭൂഗർഭഗുഹയിലുള്ള ശവകുടീരങ്ങളിൽ നിന്ന് ലഭ്യമായിട്ടുള്ള മനോഹരമായ ഒരു പ്രതീകാത്മക ചിത്രീകരണമാണിത്.

### 5. ആട്ടിൻകുട്ടി, പക്ഷി, നങ്കൂരം

വിശ്വാസിയുടെ ആത്മാവ് കുരിശിന്റെ തണലിൽ സമാധാനത്തോടെ വിശ്രമിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്. നങ്കൂരം കുരിശിനേയും ആട്ടിൻകുട്ടി വിശ്വാസിയുടെ ആത്മാവിനേയും ഒലിവിന്റെ കൊമ്പുമായി നില്ക്കുന്ന പ്രാവ് സമാധാനത്തേയും സൂചിപ്പിക്കുന്നു.






### 6.പ്രാവും ഒലിവിൻചില്ലയും

പ്രാവ് വിശ്വാസിയുടെ ആത്മാവിനേയും കിരീടം പ്രതിഫലത്തേയും ഒലിവിന്റെ ചില്ല നിത്യസമാധാനത്തേയും സൂചിപ്പിക്കുന്നു. വിശ്വാസിയുടെ ആത്മാവ് സ്വർഗ്ഗീയ പ്രതിഫലവും നിത്യസമാധാനവും പ്രാപിക്കുന്നു എന്ന ആശയം സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം.

### 7. നക്ഷത്രങ്ങളും കിരീടവും

നക്ഷത്രങ്ങളും കിരീടവും വിജയചിഹ്നമായ ഈന്തൽ ചില്ലകളും ഒരു വിശ്വാസിക്ക് ലഭിക്കുന്ന സ്വർഗ്ഗീയ പ്രതിഫലങ്ങളേയാണ് സൂചിപ്പിക്കുന്നത്.




### 8.വാളും ത്രാസ്സും

രക്തസാക്ഷികളുടെ വിശ്വാസദാർഢ്യത്തിന്റെ പ്രതീകമായി വാൾ കരുതപ്പെടുന്നു. ദൈവവചനം വാളിനു തുല്യമാണെന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ''ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും''

www.malankaralibrary.com



(എബ്രാ.4:12) ഈ പ്രതീകത്തിൽ വാളിൽ തൂക്കിയിട്ടിരിക്കുന്ന ത്രാസ്സ് ചിത്രീകരിച്ചിരിക്കുന്നു. ത്രാസ്സ് ന്യായവിധിയുടെയും സമത്വത്തിന്റെയും നീതിയുടെയും പ്രതിരൂപമാണ്. നീതിപൂർവ്വമുള്ള ന്യായവിധിയെ അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രതീകം.





**9.അഗ്നിജ്വാല, വാൾ, ചാട്ടവാർ**


അഗ്നിജ്വാലയും വാളും ചാട്ടവാറുമെല്ലാം നരകത്തിലെ പീഢനങ്ങളെയും ശിക്ഷകളെയും അനുസ്മരിപ്പിക്കുന്ന പ്രതീകങ്ങളാണ്.



# XVI. വിശുദ്ധി.

സമാദരണീയവും അംഗീകാരയോഗ്യവുമായ ഒരു വിശിഷ്ടഗുണമാണ് വിശുദ്ധി. ക്രൈസ്തവ ജീവിതത്തിൽ ഈ വിശിഷ്ടഗുണത്തിന് പരമ പ്രാധാന്യം കല്പിക്കുന്നുണ്ട്. ദൈവത്തിന്റെ ആത്മാവ് ശരീരത്തിൽ വസിക്കുന്നതിനാൽ ശരീരവും വിശുദ്ധമായിരിക്കണമെന്നുള്ള വിശ്വാസം വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിന് അവനെ പ്രേരിപ്പിക്കുന്നു. സദാ ഓർമ്മയിൽ സൂക്ഷിക്കേണ്ട ഈ ഗുണത്തെ ആധാരമാക്കിയുള്ള പ്രതീകങ്ങളും ക്രൈസ്തവ ചിത്രകലയിൽ ആദ്യനൂറ്റാണ്ടുമുതൽ തന്നെ സ്ഥാനം പിടിച്ചിരുന്നു. ലില്ലിപ്പുഷ്പം, പനിനീർപുഷ്പം, താമര, ഓറഞ്ച് മുതലായവയുടെ ചിത്രങ്ങളാണ് വിശുദ്ധിയുടെ പ്രതീകമായി ഉപയോഗിക്കുന്നത്. വൃത്താകൃതിയിലും നക്ഷത്രാകൃതിയിലുമുള്ള പരിവേഷങ്ങളും വിശുദ്ധിയെ സൂചിപ്പിക്കുന്ന പ്രതീകമായി ക്രൈസ്തവ ചിത്രകലയിൽ ഉപയോഗിക്കുന്നുണ്ട്.

**1.പരിവേഷം**



ക്രിസ്തു വർഷാരംഭകാലത്തിനു മുമ്പുതന്നെ പരിവേഷം അല്ലെങ്കിൽ പ്രകാശവലയം മഹത്വത്തിന്റെ അടയാളമായി പരിഗണിക്കപ്പെട്ടിരുന്നു. റോമൻ ചക്രവർത്തിമാരും ചക്രവർത്തിനിമാരും മറ്റ് മഹനീയ വ്യക്തികളും പ്രകാശവലയിതമായ ശിരോലങ്കാരങ്ങൾ അണിയുന്നവരായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. പരിവേഷത്തിനുണ്ടായിരുന്ന ഈ മഹത്വം പിൽക്കാലത്തും തുടർന്നുപോന്നു.ദൈവത്വത്തിന്റെയും ദൈവകൃപയാൽ മറ്റു


www.malankaralibrary.com


ള്ളവരിൽ നിന്ന് ഉയർത്തപ്പെട്ട വ്യക്തികളുടെ വിശുദ്ധിയുടെയും പ്രതീകമായിട്ടാണ് പരിവേഷം ഇന്ന് കണ്ക്കാക്കപ്പെടുന്നത്. പരിശുദ്ധ ത്രിത്വത്തിലുള്ള ആളുകളെ പ്രതിനിധാനം ചെയ്യുന്നതിന് മാത്രമല്ല, മാലാഖമാരേയും വിശുദ്ധരേയും പ്രതിനിധാനം ചെയ്യുന്നതിനും പരിവേഷം ഉപയോഗിക്കുന്നുണ്ട്. സാധാരണയായി വൃത്താകൃതിയിൽ സ്വർണ്ണനിറത്തിലാണ് പരിവേഷങ്ങൾ കാണപ്പെടുന്നതെങ്കിലും ചുവപ്പ്, പച്ച,നീല തുടങ്ങിയ മറ്റു നിറങ്ങളിലും അഷ്ടകോൺ, ചതുരം തുടങ്ങിയ ആകൃതിയിലും പ്രകാശവലയം ചിത്രീകരിക്കപ്പെടുന്നുണ്ട്.

## 2. ലില്ലിപ്പുഷ്പം

മദ്ധ്യകാലയുഗത്തിൽ ഉപയോഗിച്ചിരുന്ന ഒരു പ്രതീകമാണിത്. വിശുദ്ധിയുടെ പ്രതീകമാണ് ലില്ലിപ്പുഷ്പം. വിശുദ്ധിയുടെ വിളനിലമായ കന്യകാമറിയത്തെ സൂചിപ്പിക്കുന്നതിന് പലപ്പോഴും ഈ പ്രതീകമാണ് ഉപയോഗിക്കുന്നത്.






## 3.ഓറഞ്ച്


വിശുദ്ധി, പാതിവ്രത്യം,ഔദാര്യം എന്നീ ഗുണങ്ങളുടെ പ്രതീകമായി ഓറഞ്ച് കരുതപ്പെടുന്നു. വിശുദ്ധന്മാരുടേയും മറ്റും ചിത്രങ്ങളോടുകൂടി ഓറഞ്ചിന്റെ ചിത്രം കുടിവരയ്ക്കുന്നത് ഈ ആശയം വ്യക്തമാക്കുന്നതിന് വേണ്ടിയാണ്.



## 4. താമര

വിശുദ്ധിയുടെ പ്രതീകമായിട്ടാണ് താമര പരിഗണിക്കപ്പെടുന്നത്. മനുഷ്യഹൃദയത്തിന്റെ പവിത്രതയെയാണ് താമരപ്പുഷ്പം സൂചിപ്പിക്കുന്നത്.






## 5. പനിനീർപുഷ്പം

പ്രതീകം എന്ന നിലയിൽ ചുവന്ന റോസ രക്തസാക്ഷിത്വത്തേയും വെളുത്ത റോസ പരിശുദ്ധിയേയും സൂചിപ്പിക്കുന്നു. വിജയത്തിന്റേയും അന്തസ്സിന്റേയും പ്രേമത്തിന്റേയും പ്രതീകമായിട്ടും റോസാപ്പുഷ്പം ചിത്രീകരിക്കപ്പെടാറുണ്ട്.

www.malankaralibrary.com

# XVII. വിനയം,ആത്മസംയമനം

### 1. കുരുവി



വിനയത്തിന്റെയും താഴ്മയുടേയും പ്രതീകമാണ് കുരുവി. ഏറ്റവും ചെറിയ പക്ഷിയായ കുരുവിപോലും ദൈവതിരുമുമ്പാകെ അവഗണിക്കപ്പെടുന്നില്ല. അവയേയും ദൈവം കാത്തു സൂക്ഷിക്കുന്നു. " ഒരു നാണയതുട്ടിന് രണ്ടു കുരുവികൾ വില്ക്കപ്പെടുന്നില്ലേ? നിങ്ങളുടെ പിതാവിന്റെ അറിവു കൂടാതെ അവയിലൊന്നു പോലും നിലം പതിക്കുകയില്ല.'' (മത്താ. 10:29) ഏറ്റവും ചെറിയവർ എന്ന് കരുതപ്പെടുന്നവർ പോലും വിനയവും താഴ്മയും ഉള്ളവരായിരുന്നാൽ ദൈവതിരുമുമ്പാകെ വലിയവരാണ് എന്ന ആശയമാണ് ഈ പ്രതീകത്തിലൂടെ ആവിഷ്കൃതമാകുന്നത്.

### 2. ഒട്ടകം




ആത്മനിയന്ത്രണത്തിന്റെയും സഹനശക്തിയുടേയും പ്രതീകമാണ് ഒട്ടകം. വെള്ളം കുടിക്കാതെ മരുഭൂമിയിലൂടെ ദീർഘസമയം സഞ്ചരിക്കുന്നതിനുള്ള കഴിവ് ഒട്ടകത്തിന്റെ പ്രത്യേകതയാണ്. നവോത്ഥാനകാലത്തിലെ ചിത്രകലയിൽ ഈ പ്രതീകം സർവ്വസാധാരണമായിരുന്നു.

### 3. കഴുത

വിനയത്തേയും താഴ്മയേയും പ്രതിനിധാനം ചെയ്യുന്ന പ്രതീകമാണ്








കഴുത. കഴുതയെക്കുറിച്ച് ബൈബിളിൽ പലഭാഗത്തും പരാമർശിക്കുന്നുണ്ട്. ക്രിസ്തുവിന്റെ ജെറുസലേമിലേക്കുള്ള രാജകീയ ഘോഷയാത്രയിൽ വാഹനമായി ഉപയോഗിച്ചത് കഴുതക്കുട്ടിയെയാണ്. " പ്രവാചകൻ വഴി പറയപ്പെട്ട വചനം പൂർത്തിയാകാനാണ് ഇത് സംഭവിച്ചത്. സീയോൻ പുത്രിയോടു പറയുക, ഇതാ നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടേയും കഴുതക്കുട്ടിയുടേയും പുറത്ത് നിന്റെ അടുക്കലേക്ക് വരുന്നു.'' (മത്താ.21:4–5) പ്രവാചകനായ സഖറിയായും ഈ ഘോഷയാത്രയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ''സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജെറുസലേം പുത്രീ ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു.''(സഖ.9:9)

www.malankaralibrary.com

# XVIII. ജാഗ്രത




## 1. തേനീച്ച

ജാഗ്രതയുടെ പ്രതീകമാണ് തേനീച്ച. അദ്ധ്വാനശീലം, ചുറുചുറുക്ക്, ജാഗ്രത, അച്ചടക്കം തുടങ്ങിയ ഗുണങ്ങളുള്ള ഒരു പ്രാണിയാണിത്. തേനീച്ചയെ ക്രൈസ്തവ ജീവിതത്തോടും സാദൃശ്യപ്പെടുത്താറുണ്ട്. ''നിങ്ങൾ സദാ ജാഗരൂകരായിരിക്കുവിൻ'' എന്ന യേശുവിന്റെ വചനം ഇവിടെ സ്മരണീയമാണ്.

## 2. അരയന്നം.

ദൈവകടാക്ഷത്തിന്റെയും ജാഗരൂകതയുടേയും പ്രതീകമായി റോമാക്കാർ ഹംസത്തെ ചിത്രീകരിക്കാറുണ്ട്.






## 3. കൊക്ക്

വസന്തത്തിന്റെ ആഗമനത്തെ വിളിച്ചറിയിക്കുന്ന പക്ഷിയാണ് കൊക്ക്. ദീർഘദൃഷ്ടി, ജാഗരൂകത തുടങ്ങിയ ഗുണങ്ങളുടെ പ്രതീകമായി ഈ പക്ഷി ചിത്രീകരിക്കപ്പെടാറുണ്ട്.





## 4. പൂവൻകോഴി




ഉണർവിന്റെയും ജാഗരൂകതയുടേയും ജാഗരണത്തിന്റേയും പ്രതീകമാണ് പൂവൻകോഴി. പ്രഭാതത്തിന്റെ വരവ് കൃത്യമായി വിളിച്ചറിയിക്കുന്ന പൂവൻകോഴി അതോടൊപ്പം തന്നെ നമ്മെ നിദ്രയിൽ നിന്ന് ഉണർത്തുകയും ചെയ്യുന്നു.

www.malankaralibrary.com


# XIX. കപടഭക്തി,വഞ്ചന

### 1.മുദ്രിതഗ്രന്ഥം



അധരം കൊണ്ടു മാത്രം ദൈവത്തെ സമീപിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ജനത്തിന്റെ പ്രതീകമാണ് മുദ്രിതഗ്രന്ഥം. ഏശായാ 29–ാം അദ്ധ്യായം 11–ാംവാക്യമാണ് ഈ പ്രതീകത്തിന്റെ ആശയത്തിനാധാരം. "ഈ ദർശനം നിങ്ങൾക്ക് മുദ്രിതഗ്രന്ഥത്തിലെ വാക്കുകൾ പോലെയായിരിക്കുന്നു."

### 2. അത്തി



അത്തിയെ കപടഭക്തിയുടേയും ദുഷ്ടതയുടേയും പ്രതീകമായി ചിത്രീകരിക്കാറുണ്ട്. അത്തിയെക്കുറിച്ച് പഴയനിയമത്തിലും പുതിയ നിയമത്തിലും ധാരാളം പരാമർശങ്ങളുണ്ട്. അത്തി യഹൂദജനതയെ പ്രതിനിധാനം ചെയ്യുന്ന പ്രതീകമായും കരുതപ്പെടുന്നു.

### 3. തിത്തിരിപ്പക്ഷി

ഈ പക്ഷിയെ സംബന്ധിച്ച് ജെറമിയായുടെ വിശദീകരണമായിരിക്കാം ഈ പ്രതീകത്തിനാധാരം. അന്യായമായി സമ്പാദിക്കുന്നവരോടാണ് ജെറ





മിയ തിത്തിരിപ്പക്ഷിയെ സാദൃശ്യപ്പെടുത്തുന്നത്. " താനിടാത്ത മുട്ടയ്ക്ക് അടയിരിക്കുന്ന തിത്തിരിപ്പക്ഷിയെപ്പോലെയാണ് അന്യായമായി സമ്പത്തു സമ്പാദിക്കുന്നവൻ" (ജെറ.17:11)ചതിവിന്റെയും വഞ്ചനയുടെയും മറ്റും പ്രതീകമായിട്ടാണ് തിത്തിരിപ്പക്ഷി കരുതപ്പെടുന്നത്.

www.malankaralibrary.com


# XX. സാത്താൻ

### 1. കുക്കുടസർപ്പം



സാത്താനെ പ്രതിനിധാനം ചെയ്യുന്ന പ്രതീകമാണ് കുക്കുടസർപ്പം. പകുതി കോഴിയുടേയും പകുതി സർപ്പത്തിന്റെയും ആകൃതിയുള്ള ഉഗ്രരൂപിയായ ഒരു വിചിത്ര ജീവിയാണിത്.

### 2. സർപ്പം



ദൈവജനത്തിന്റെ ശത്രുവായ സാത്താന്റെ പ്രതീകമാണ് സർപ്പം. ആദിമാതാപിതാക്കളെ വഞ്ചിക്കുവാനായി സാത്താൻ ഏദനിൽ പ്രത്യക്ഷപ്പെടുന്നത് പാമ്പിന്റെ രുപത്തിലാണ്. (ഉത്പത്തി മൂന്നാം അദ്ധ്യായം) പാപത്തിന്റെ പ്രതീകമായും സർപ്പം ചിത്രീകരിക്കപ്പെടാറുണ്ട്.





### 3. മലങ്കാക്ക



സാത്താന്റെ പ്രതീകമായിട്ടാണ് ക്രൈസ്തവ കലാകാരന്മാർ കാക്കയെ ചിത്രീകരിച്ചിട്ടുള്ളത്. മലിനപദാർത്ഥങ്ങളും അഴുകിയ മാംസവും മറ്റും ഭക്ഷിക്കുന്ന പ്രകൃതവും കറുപ്പുനിറവുമുള്ള കാക്കയെ സാത്താന്റെ പ്രതീകമായി ചിത്രീകരിച്ചിട്ടുള്ളത് അർത്ഥവത്താണെന്ന് പറയേണ്ടതില്ലല്ലോ.

### 4. മൂങ്ങ



അന്ധകാര പ്രഭുവായ സാത്താനെ സൂചിപ്പിക്കുന്ന പ്രതീകമാണ് മൂങ്ങ. ഈ പക്ഷി പ്രകാശത്തെ ഭയന്ന് ഇരുട്ടിൽ സഞ്ചരിക്കുന്നു. സൂത്രത്തിൽ മറ്റു പക്ഷികളെ പിടിക്കുന്ന ഈ പക്ഷി, മനുഷ്യരെ ചതിക്കുകയും വഞ്ചിക്കുകയും ചെയ്യുന്ന സാത്താന് സദൃശമാണ്.

www.malankaralibrary.com


# XXI. മരണം.

### 1. കൂടുവിട്ടു പോകുന്ന പക്ഷി



മരണത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. കൂട് ശരീരത്തേയും പക്ഷി ആത്മാവിനേയും സൂചിപ്പിക്കുന്നു. ആത്മാവ് ശരീരത്തിൽ നിന്ന് വേർപെടുമ്പോൾ മരണം സംഭവിക്കുന്നു എന്ന ആശയമാണ് ഈ പ്രതീകം സൂചിപ്പിക്കുന്നത്.

### 2. നിശ്ചലമായ ജീവവണ്ടി



മരണത്തെ സൂചിപ്പിക്കുന്ന പ്രതീകമാണിത്. മനുഷ്യനാകുന്ന ജീവവണ്ടി ചലനരഹിതമായി നില്ക്കുന്നു. വണ്ടിയുടെ തണ്ട് കുരിശുരൂപത്തിലായി പുറകോട്ടു ചരിഞ്ഞു നില്ക്കുന്നു; ആത്മാവിനെ സംരക്ഷിക്കുകയും അതിന് സമാധാനം നല്കുകയും ചെയ്യുന്നതുപോലെ. വസ്ത്രം കൊണ്ട് മൂടിയിരിക്കുന്ന വസ്തുവാണ് ആത്മാവിനെ പ്രതിനിധാനം ചെയ്യുന്നത്.

### 3. അനെമൺ

ദു:ഖത്തിന്റെയും മരണത്തിന്റെയും പ്രതീകമാണ് അനെമൺചെടി. ക്രൈസ്തവ ചിത്രകലയിൽ ദുസ്സഹമായ ദു:ഖത്തിന്റെ പ്രതിരൂപമായിട്ടാണ്







ഇത് ചിത്രീകരിക്കപ്പെടുന്നത്. ഈ ചെടിയുടെ മൂന്ന് ഇതളുകളോടു കൂടിയ ഇലകൾ ത്രിത്വത്തെ സൂചിപ്പിക്കുന്നതായും കരുതപ്പെടുന്നുണ്ട്.

www.malankaralibrary.com


# XXII. പാപികൾ

## 1.കുരങ്ങ്



ചപല സ്വഭാവത്തോടുകൂടിയ ഒരു ജന്തുവാണ് കുരങ്ങ്. പാപിയായ ഒരു മനുഷ്യന്റെ പാപസ്വഭാവത്തെയും ആത്മാവിന്റെ ചപലാവസ്ഥയേയും സൂചിപ്പിക്കുന്ന ഒരു പ്രതീകമാണിത്. സാത്താന്റെ പ്രതിരൂപമായും കുരങ്ങ് ചിത്രീകരിക്കപ്പെടുന്നുണ്ട്.

## 2. അടയ്ക്കപ്പെട്ട ഉദ്യാനം




ഉത്പത്തി മൂന്നാം അദ്ധ്യായത്തിൽ വിവരിക്കുന്ന സംഭവമാണ് ഈ പ്രതീകത്തിനാധാരം. കല്പന ലംഘിച്ച ആദി മാതാപിതാക്കളെ ഏദനിൽനിന്ന് ബഹിഷ്ക്കരിക്കുകയും വാതിൽ അടച്ച് മാലാഖമാരെ കാവൽ നിർത്തുകയും ചെയ്തു. ഈന്തൽ ചെടികൾ പറുദീസയെ സുചിപ്പിക്കുന്നു.





## 3. ആപ്പിൾ




ആപ്പിൾ പാപത്തിന്റെ പ്രതീകമായി ചിത്രീകരിക്കപ്പെടുന്നുണ്ട്. ഏദൻ തോട്ടത്തിലെ വിലക്കപ്പെട്ട കനി ആപ്പിൾ ആയിരുന്നു എന്ന് ഐതിഹ്യമുണ്ട്. ഈ കനി തിന്നാണ് ആദം പാപത്തിന് വിധേയനായിത്തീർന്നത്.

www.malankaralibrary.com


# XXIII. പഴയനിയമം

### 1. ഏഴ് ശിഖരങ്ങളുള്ള വിളക്കുകാൽ



പഴയനിയമത്തിന്റെ പ്രതീകമാണ് എഴ് ശിഖരങ്ങളുള്ള വിളക്കുകാൽ. പുറപ്പാടു പുസ്തകം 25-ാം അദ്ധ്യായം 31മുതൽ 40വരെയുള്ള വാക്യങ്ങളിൽ ഈ വിളക്കുകാലിനെക്കുറിച്ച് വിവരിക്കുന്നുണ്ട്.

### 2. കൽഫലകങ്ങൾ



ദൈവം മോശക്കു നല്കിയ പത്തു കല്പനകൾ എഴുതിയ ഫലകങ്ങൾ പഴയനിയമത്തിന്റെ പ്രതീകമാണ്. ഇവിടെ അത് ഹീബ്രു സംഖ്യകൾ കൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. ഒന്നാമത്തെ ഫലകത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം നിയന്ത്രിക്കുന്നതിനുള്ള കല്പനകളാണ്. രണ്ടാമത്തേതിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പരാമർശിക്കുന്നു.



# XXIV. സപ്തവർണ്ണങ്ങൾ

### 1. ശുഭ്രവർണ്ണം

വിശുദ്ധ ജീവിതത്തേയും പരിശുദ്ധിയേയും സൂചിപ്പിക്കുന്നതാണ് ശുഭ്രവർണ്ണം. വെള്ള വസ്ത്രങ്ങൾ വിശുദ്ധജീവിതത്തെയാണ് സൂചിപ്പിക്കുന്നത്. സമാധാനത്തിന്റെ അടയാളമായും വെള്ളനിറം കരുതപ്പെടുന്നു.

### 2. പച്ചനിറം

ജീവന്റേയും വളർച്ചയുടേയും വർണ്ണമാണ് പച്ച. ഇത് ജീവനേയും പുരോഗതിയേയും സുചിപ്പിക്കുന്ന പ്രതീകമാണ്. വാഹനങ്ങളും മറ്റും യാത്രതുടരുന്നതിനുള്ള അടയാളമായി പച്ചക്കൊടി കാണിക്കുന്നത് നമുക്ക് സുപരിചിതമാണ്.

### 3. നീലനിറം.

സ്വർഗ്ഗത്തേയും സ്വർഗ്ഗീയസ്നേഹത്തേയും സൂചിപ്പിക്കുന്നതാണ് ആകാശത്തിന്റെ വർണ്ണമായ നീലനിറം.

### 4.സ്വർണ്ണനിറം.

ദൈവിക സാന്നിദ്ധ്യത്തേയും രാജകീയ സ്ഥാനമഹിമയേയും സൂചിപ്പിക്കുന്നതാണ് സ്വർണ്ണനിറം.

### 5.ചുവപ്പുനിറം.

ചുവപ്പുനിറം സാധാരണ അപകടസൂചന നല്കുന്ന വർണ്ണമാണെങ്കിലും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ അതുല്യസ്നേഹത്തേയും തന്റെ തിരുരക്തത്തിന്റെ പാവനസ്മരണയേയും സൂചിപ്പിക്കുന്നതാണ് ചുവപ്പുനിറം. രക്തസാക്ഷികളുടെ സ്മരണയും ഈ നിറം നല്കുന്നുണ്ട്.

www.malankaralibrary.com



6. ധൂമ്രവർണ്ണം.

രാജകീയ വേഷത്തിന്റെ നിറമാണ് ധൂമ്രവർണ്ണം. കറുപ്പും ചുവപ്പും ചേർന്ന ഈ നിറം പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നതായും കരുതപ്പെടുന്നു.

7. കറുപ്പുനിറം

ദു:ഖത്തിന്റെ പ്രതീകമായി കറുപ്പുനിറം ഉപയോഗിക്കാറുണ്ട്. മരണം, പാപചിന്ത,അനുതാപചിന്ത, തുടങ്ങിയ ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിന് ഉപയോഗിക്കുന്ന നിറം കറുപ്പാണ്.



# XXV. സംഖ്യകൾ

1. ഒന്ന്

പ്രതീകാത്മക ആശയാവിഷ്കരണത്തിന് ചിത്രങ്ങളും രൂപങ്ങളും മാത്രമല്ല സംഖ്യകളും ഉപയോഗിക്കുന്നുണ്ട്. ഒന്ന് എന്ന സംഖ്യ ഐക്യത്തിന്റെ അടയാളമായി പരിഗണിക്കപ്പെടുന്നു.

2. രണ്ട്

ക്രിസ്തുവിന്റെ മനുഷ്യത്വത്തേയും ദൈവത്വത്തേയും സൂചിപ്പിക്കുന്നതാണ് രണ്ട് എന്ന സംഖ്യ.

3. മൂന്ന്.

ക്രൈസ്തവ ചിത്രകലയിൽ മൂന്ന് എന്ന സംഖ്യ സർവ്വസാധാരണമായി ത്രിത്വത്തെയാണ് സൂചിപ്പിക്കുന്നത്.

4. നാല്

നാല് സുവിശേഷങ്ങളെ സൂചിപ്പിക്കുന്നതാണ് നാല് എന്ന സംഖ്യ.

5. അഞ്ച്

ക്രിസ്തുവിന്റെ അഞ്ച് തിരുമുറിവുകളെ സൂചിപ്പിക്കുന്നു.

6. ആറ്

ദൈവത്തിന്റെ സർവ്വശക്തി, രാജത്വം, സർവജ്ഞത, സ്നേഹം, കരുണ,നീതി എന്നീ ആറ് സ്വഭാവവിശേഷങ്ങളെ സൂചിപ്പിക്കുന്നതാണ് ആറ് എന്ന സംഖ്യ.

www.malankaralibrary.com

7. ഏഴ്

പരിപൂർണ്ണതയെ സൂചിപ്പിക്കുന്നതാണ് ഏഴ് എന്ന സംഖ്യ. പരിശുദ്ധാത്മാവിന്റെ ഏഴ് ദാനങ്ങളേയും ഏഴ് കൂദാശകളേയും ഈ സംഖ്യ സൂചിപ്പിക്കുന്നതായി കരുതപ്പെടുന്നു.

8. ഒൻപത്

ദൈവദൂതന്മാരുടെ ഒൻപത് ഗായകസംഘങ്ങളെ സൂചിപ്പിക്കുന്നു.

9. പത്ത്

പത്ത് കല്പനകളെ സൂചിപ്പിക്കുന്നു.

10. പന്ത്രണ്ട്

പന്ത്രണ്ട് അപ്പസ്തോലന്മാരെ സൂചിപ്പിക്കുന്നു.

11. നാല്പത്

ഇസ്രായേൽ ജനത്തിന്റെ നാല്പതു വർഷത്തെ മരുഭൂവാസം, മോശയുടെ നാല്പതു ദിവസത്തെ സീനായ് മലയിലെ വാസം, നാല്പതുദിവസത്തെ ജലപ്രളയം, യേശുവിന്റെ നാല്പതു ദിവസത്തെ നോമ്പും ഉപവാസവും എന്നീ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു.

12. നൂറ്

പൂർണ്ണതയും സമൃദ്ധിയും സൂചിപ്പിക്കുന്നതാണ് നൂറ് എന്ന സംഖ്യ

13. ആയിരം

നിത്യതയുടെ അടയാളമാണ് ആയിരം എന്ന സംഖ്യ



# XXVI. മറ്റ് ചില പ്രതീകങ്ങൾ

1. ബദാം

ദൈവികമായ അംഗീകാരത്തിന്റെ പ്രതീകമാണ് ബദാം. സംഖ്യാപുസ്തകം 17–ാം അദ്ധ്യായം 1മുതൽ 13വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന



സംഭവം ഈ പ്രതീകത്തിന് ആധാരമാണ്. മോശക്കും അഹറോനും എതിരെയുള്ള ഇസ്രയേൽ ജനതയുടെ പിറുപിറുപ്പ് അവസാനിപ്പിക്കുന്നതിന് ദൈവം അഹറോനെ തെരഞ്ഞെടുക്കുന്ന സംഭവമാണ് ഇവിടെ വിവരിക്കുന്നത്. ഓരോ ഗോത്രത്തലവനും അടയാളത്തിനായി യഹോവയുടെ മുമ്പിൽ സമർപ്പിച്ചിരുന്ന വടികളിൽ അഹറോന്റെ വടി തളിർത്ത് ഫലം കായ്ച്ചു. "പിറ്റെ ദിവസം മോശ സാക്ഷ്യകൂടാരത്തിലേക്കു ചെന്നു. ലേവ്യകുടുംബത്തിനു വേണ്ടിയുള്ള അഹറോന്റെ വടി മുളപൊട്ടി പൂത്തുതളിർത്ത് ബദാം പഴങ്ങൾ കായ്ച്ചുനിന്നു." (സംഖ്യ.17:8)

2. കവചം

ക്രൈസ്തവ ചിത്രകലയിൽ പൗരുഷത്തിന്റേയും വിശ്വാസത്തിന്റേയും പ്രതീകമാണ് കവചം. വിശുദ്ധ ഗീവറുഗീസ്സിനെപ്പോലെയുള്ള വിശുദ്ധന്മാരുടെ പടച്ചട്ട അഥവാ കവചം അവരുടെ വിശ്വാസദാർഢ്യത്തേയും പൗരുഷത്തേയുമാണ് സൂചിപ്പിക്കുന്നത്.


3. വീണ

ദൈവാരാധനയുടെ പ്രതീകമായി വീണ കരുതപ്പെടുന്നുണ്ട്. പുരാതന

www.malankaralibrary.com




കാലത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി ആലപിക്കുന്ന എല്ലാ ഗാനങ്ങൾക്കും വീണ ഉപയോഗിച്ചിരുന്നു.



ദൈവാരാധനക്ക് വീണ ഉപയോഗിച്ചിരുന്നതായി വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. " അവൻ അത് സ്വീകരിച്ചപ്പോൾ നാലു ജീവികളും ഇരുപത്തിനാലു ശ്രേഷ്ഠന്മാരും കുഞ്ഞാടിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. ഓരോരുത്തരും വീണയും വിശുദ്ധരുടെ പ്രാർത്ഥനകളാകുന്ന പരിമളദ്രവ്യം നിറഞ്ഞ സ്വർണ്ണക്കലശങ്ങളും കൈയിലേന്തിയിരുന്നു. അവർ ഒരു നവ്യഗാനം ആലപിച്ചു.''(വെളി. 5:8)

## 4. കുരിശും ത്രാസ്സും



ദൈവതിരുസന്നിധിയിൽ സ്വീകാര്യമായ കാര്യങ്ങളെ സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. കുരിശിൽ തൂക്കിയിട്ടിരിക്കുന്നത് നീതിയുടെ ത്രാസ്സാണ്. ത്രാസ്സിന്റെ ഒരു തട്ടിൽ വച്ചിരിക്കുന്ന ആഭരണങ്ങളും മറ്റും ഭൗതിക കാര്യങ്ങളെ സൂചിപ്പിക്കുന്നു. മറുതട്ടിൽ കാണുന്ന നങ്കൂരവും മുൾക്കിരീടവും കുരിശുമെല്ലാം ഒരു വിശ്വാസിയുടെ വേദനകളേയും നന്മകളേയും സൂചിപ്പിക്കുന്നു. ദൈവസന്നിധിയിൽ ഭൗതികകാര്യങ്ങൾ തൂക്കക്കുറവുള്ളതും ആത്മീയ കാര്യങ്ങൾ തൂക്കക്കൂടുതലുള്ളതുമായി കാണപ്പെടുന്നു.






## 5. മുദ്ര

ഔദ്യോഗിക അംഗീകാരത്തിന്റെ പ്രതീകമാണ് മുദ്ര. സ്ഥാപനങ്ങളിൽ നിന്നും ഓഫീസുകളിൽനിന്നും മറ്റും നല്കുന്ന രേഖകളിൽ മുദ്രപതിക്കുന്നത് ആ രേഖകൾ ഔദ്യോഗിക അംഗീകാരമുള്ളവയാണെന്ന് വ്യക്തമാക്കുന്നതിനാണ്. സ്ലീബായുടെ അടയാളത്താൽ വിശ്വാസികൾ മുദ്രകുത്തപ്പെടാറുണ്ടല്ലോ. ജ്ഞാനസ്നാനാവസരത്തിൽ ശിശുക്കൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മുദ്രകുത്തപ്പെടുന്നുണ്ട്.

## 6. കഴുകൻ



വീണ്ടും ജനനത്തിന്റെ പുതുക്കത്തേയും പരിശുദ്ധാത്മശക്തിയേയും ദൈവകൃപയാലുള്ള ക്രിസ്തീയ ചൈതന്യത്തേയും പ്രതിനിധാനം ചെയ്യുന്നതാണ് കഴുകൻ. മറ്റു പക്ഷികളിൽ നിന്ന് കഴുകന് ഒരു പ്രത്യേകതയുണ്ട്. പ്രായാധിക്യം കൊണ്ട് തൂവലുകൾ മുഴുവൻ കൊഴിഞ്ഞുപോയാലും പുതിയ തൂവലുകൾ മുളച്ച് കഴുകൻ അതിന്റെ യൗവ്വനം വീണ്ടെടുക്കുന്നു. സങ്കീർത്തനകർത്താവ് കഴുകന്റെ ഈ പ്രത്യേകതയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ''നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്ക് നന്മകൊണ്ട് തൃപ്തിവരുത്തുന്നു'' (സങ്കീ.103:5)

## 7. ചിറകുകൾ

ചിറക് പലകാര്യങ്ങളെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. ദൗത്യം, സംരക്ഷണം എന്നീ ആശയങ്ങളാണ് പ്രധാനമായും സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ സന്ദേശവാഹകരായ ദൈവദൂതന്മാർ ചിത്രീകരിക്കപ്പെടുന്നത് ചിറകുകളോടുകൂടിയവരായിട്ടാണ്. കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ സംരക്ഷിക്കുന്നതുപോലെ ദൈവം നമ്മെ സംരക്ഷിക്കാൻ ആഗ്രഹിക്കുന്നു. ''കോഴി തന്റെ കുഞ്ഞു



www.malankaralibrary.com



ങ്ങളെ ചിറകിൻ കീഴിൽ ചേർക്കുമ്പോലെ....എനിക്കെത്ര വട്ടം മനസ്സായിരുന്നു. ''(മത്താ.23:37)

### 8. ക്രിസ്മസ്സ്



ക്രിസ്മസ്സിനെ സൂചിപ്പിക്കുന്ന, നാലാംനൂറ്റാണ്ടിലുള്ള ഒരു പ്രാചീന പ്രതീകാത്മക ചിത്രീകരണമാണ് ഈ പ്രതീകം. ഒരു മേശ. അതിനുമുകളിൽ തുണികൾ ചുറ്റി കിടത്തിയിരിക്കുന്ന ഒരു ശിശു. അതിനു സമീപത്തായി ഒരു കാളയും ഒരു കഴുതയും. അല്പം മുകളിലായി പ്രകാശവലയത്തോടു കൂടിയ ഒരു മനുഷ്യൻ. യേശുവിന്റെ ജനനസമയത്ത് കാലിത്തൊഴുത്തിലുണ്ടായിരുന്ന മൃഗങ്ങളെ സൂചിപ്പിക്കുന്നതാണ് കാളയും കഴുതയും. പഴയനിയമനുകത്തിൻ കീഴിലായിരുന്ന യഹൂദരെ കാളയും അവിശ്വാസികളെ കഴുതയും സൂചിപ്പിക്കുന്നതായി വ്യാഖ്യാനമുണ്ട്. ക്രിസ്മസ്സ് കാലത്ത് വീടുകളിലും ദേവാലയങ്ങളിലും നിർമ്മിക്കുന്ന പുൽക്കൂട് ക്രിസ്മസ്സിന്റെ പ്രതീകമാണ്.



# രണ്ടാംഭാഗം

www.malankaralibrary.com

# ദേവാലയവും പ്രതീകാത്മക പ്രബോധനങ്ങളും

ആശയാവിഷ്കരണത്തിനു മാത്രമല്ല, മോടിപിടിപ്പിക്കുന്നതിനുള്ള അലങ്കാരമായും പ്രതീകാത്മക ചിത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ദേവാലയങ്ങൾ, ദേവാലയത്തിലെ ഉപകരണങ്ങൾ, ആരാധനക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ശവകുടീരങ്ങൾ മുതലായവയിൽ അവയുടെ സ്വഭാവത്തിന് സന്തുലിതമായ അലങ്കാരത്തിനും അവ ഉയർത്തിക്കാണിക്കുന്ന വിശ്വാസസത്യങ്ങൾ വെളിപ്പെടുത്തുന്നതിനും പ്രതീകങ്ങൾ ഉപയോഗിച്ചിരുന്നു. ക്രിസ്തുവർഷാരംഭകാലത്ത് പ്രതീകവത്കരണത്തിന്റെ പിന്നിലുണ്ടായിരുന്ന ചേതോവികാരം മതാത്മകതയായിരുന്നു. എന്നാൽ മദ്ധ്യകാലഘട്ടമായപ്പോഴേക്കും മതാത്മകതയേക്കാൾ അലങ്കാരത്തിന് പ്രാധാന്യം കല്പിക്കുവാൻ തുടങ്ങി. അതോടുകൂടി യഥാർത്ഥലക്ഷ്യം ഏതാണ്ട് വിസ്മരിക്കപ്പെട്ടു.

ദേവാലയങ്ങളും ദേവാലയത്തിലെ ഉപകരണങ്ങളും ആരാധനക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളും മറ്റും പ്രതീകങ്ങളായി പരിഗണിക്കപ്പെടുന്നില്ല. എങ്കിലും ആരാധനയിൽ ഉടനീളം പ്രതീകാത്മകത്വം ദർശിക്കുന്ന പിതാക്കന്മാർ ഇവയിലും പ്രതീകാത്മകത്വം കാണുന്നുണ്ട്. അവ നല്കുന്ന പ്രതീകാത്മക പ്രബോധനങ്ങൾ ക്രൈസ്തവരുടെ ആത്മീയജീവിതത്തിന് പ്രചോദനം നല്കുകയും ആരാധനയിലുള്ള സജീവ പങ്കാളിത്തത്തിന് സഹായിക്കുകയും ചെയ്യുന്നു.

## 1. മണിനാദം.

***മണിനാദം അനുതാപത്തിലേക്കുള്ള ആഹ്വാനമാണ്.***

നോഹയുടെ പെട്ടകം പണി നടന്നുകൊണ്ടിരുന്ന സമയത്ത് ജോലിസ

www.malankaralibrary.com


മയം അറിയിക്കുന്നതിനും മറ്റുമായി മരംകൊണ്ട് ഒരു മണിയുണ്ടാക്കി അതിൽ അടിച്ചിരുന്നതായി പറയപ്പെടുന്നു. മണിനാദം കേട്ട് ആകാംക്ഷാഭരിതരായി അടുത്തുവരുന്ന ജനങ്ങളോട് പാപത്തെക്കുറിച്ചും അനുതാപത്തെക്കുറിച്ചും നോഹ പ്രസംഗിച്ചിരുന്നു. ഇന്നും ദേവാലയത്തിൽ നിന്ന് മുഴങ്ങികേൾക്കുന്ന മണിനാദം, വിശുദ്ധബലിയുടെ സമയത്തെക്കുറിച്ച് വിളിച്ചറിയിക്കുന്നതോടൊപ്പം അനുതാപത്തിലേക്കുള്ള ആഹ്വാനം കൂടിയാണ്. യാക്കൂബ് മല്പാൻ പറയുന്നു: "ജ്ഞാനിയേ! നീ മണിയടിയുടെ നാദം കേൾക്കുമ്പോൾ ഉത്സാഹത്തോടെ വിശുദ്ധസ്ഥലത്തേക്ക് ഓടിയെത്തിക്കൊൾക."

### *മണിനാദം യേശുവിന്റെ കുരിശുമരണത്തെ അനുസ്മരിപ്പിക്കുന്നു.*

പ്രാചീന കാലങ്ങളിൽ മരമണിയിൽ അടിച്ചിരുന്നത് യേശുവിന്റെ മരത്തിന്മേലുള്ള മരണത്തെ അനുസ്മരിപ്പിച്ചിരുന്നു എന്ന് ചില പൂർവ്വിക പിതാക്കന്മാർ അഭിപ്രായപ്പെടുന്നുണ്ട്. മൂശെബർകീപ്പ പറയുന്നു: "പ്രാചീനകാലത്ത് വെങ്കൊൽമണിയടിക്കുന്നതിനു പകരം മരത്തിന്മേൽ അടിച്ചു വന്നിരുന്നു. അതുകൊണ്ട് മണിനാദം നമ്മുടെ കർത്താവിന്റെ മരത്തിന്മേലുള്ള മരണത്തെ ഓർമ്മിപ്പിക്കുന്നു."

### *മണിനാദം കാഹളധ്വനിയാണ്.*

യുദ്ധത്തിന് യോദ്ധാക്കളെ ആഹ്വാനം ചെയ്യുന്നതിനും ജേതാക്കൾക്ക് സമ്മാനം നല്കാനായി അവരെ ക്ഷണിക്കുന്നതിനും കാഹളധ്വനി മുഴക്കാറുണ്ട്. മൂശെബർകീപ്പ വീണ്ടും പറയുന്നു: "കാഹളനാദം യുദ്ധത്തിന് പട്ടാളക്കാരെ വിളിച്ചുകൂട്ടുന്നു. അതുപോലെ മണിനാദം പിശാചിനോടുള്ള പോരാട്ടത്തിന് വിശ്വാസികളെ വിളിച്ചുകൂട്ടുന്നു. കാഹളനാദം ജയവീരന്മാർക്ക് സമ്മാനം കൊടുക്കാൻ ക്ഷണിക്കുന്നു. അതുപോലെ മണിനാദം അനുതപിച്ച് വിശ്വാസം വഴിയായി ലോകത്തേയും പിശാചിനേയും ജഡത്തേയും ജയിക്കുന്നവർക്ക് പാപമോചനം, നിത്യജീവൻ തുടങ്ങിയ നൽവരങ്ങൾ നല്കുന്നതിന് ക്ഷണിക്കുന്നു."

## 2. ദേവാലയം

പഴയനിയമ ദേവാലയത്തിന് പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്ന് മൂന്ന് ഭാഗങ്ങളുണ്ടായിരുന്നു. (എബ്രാ.9:1-7) ഇതിന് സദൃശമായി പ്രാചീന ദേവാലയങ്ങൾക്ക് പൂമുഖം, ഹൈക്കല, മദ്ബഹ എന്ന് മൂന്നു ഭാഗങ്ങളുണ്ട്. ആധുനിക ദേവാലയങ്ങൾക്ക് പൂമുഖം സർവ്വസാധാരണമല്ല. ഒരു വിശ്വാസിയുടെ വളർച്ചയിലെ മൂന്ന് അവസ്ഥകളെയാണ് ഈ മൂന്നു ഭാഗ





ങ്ങൾ സൂചിപ്പിക്കുന്നത്.

### *പൂമുഖം*

പാപാവസ്ഥയേയും അതിന്റെ ഫലമായുണ്ടാകുന്ന അടിമത്തത്തേയും സൂചിപ്പിക്കുന്നതാണ് പൂമുഖം. മിസ്രയീമിലെ അടിമവേലയും പ്രാകാരത്തിലെ മൃഗബലിയുമെല്ലാം പാപങ്ങളുടെ ഫലങ്ങളായിരുന്നു. പ്രാചീന കാലങ്ങളിൽ മാമോദീസ സ്വീകരിക്കാത്തവർക്കായി വേർതിരിച്ചിട്ടിരുന്ന സ്ഥലമായിരുന്നു പൂമുഖം.

### *ഹൈക്കല*

ഇത് വിശുദ്ധിയെ സൂചിപ്പിക്കുന്ന സ്ഥലമാണ്. ദൈവകൃപയാൽ ദൈവസന്നിധിയിലേക്ക് ആനയിക്കപ്പെട്ട ഒരുവൻ വിശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്ക് വളരേണ്ടവനാണ്. വിശുദ്ധിയിൽ വളരുന്ന വിശ്വാസിയുടെ പ്രതീകമാണ് ഹൈക്കല.

### *മദ്ബഹ*

ഇത് അതിവിശുദ്ധസ്ഥലമാണ്. അതുകൊണ്ടുതന്നെ നിത്യവിശുദ്ധിയെ സൂചിപ്പിക്കുന്നു. ദൈവകൃപയാൽ പാപത്തിൽ നിന്ന് വിടുതൽ പ്രാപിച്ച ഒരു വിശ്വാസി വിശുദ്ധിയിൽ വളർന്ന് നിത്യവിശുദ്ധസ്ഥലമായ സ്വർഗ്ഗീയ കനാനിൽ എത്തിച്ചേരുന്നു എന്നുള്ള ആശയമാണ് ദേവാലയം മൊത്തത്തിൽ സൂചിപ്പിക്കുന്നത്.

## 3. തിരശ്ശീല

മദ്ബഹായുടെ മുൻവശത്തായി മദ്ബഹായിക്കും ഹൈക്കലായിക്കും മദ്ധ്യെയുള്ള വാതിൽ മറയാണിത്. വിശുദ്ധബലിയുടെയും ശുശ്രൂഷകളുടേയും അവസരങ്ങളിൽ മാത്രമേ തിരശ്ശീല മാറ്റുകയുള്ളൂ. അതിവിശുദ്ധസ്ഥലമായ മദ്ബഹായുടെ ഭവ്യതയേയും രഹസ്യാത്മകതയേയും സൂചിപ്പിക്കുന്നതാണ് ഈ തിരശ്ശീല. മദ്ബഹായുടെ വാതിൽമറ നീക്കപ്പെടുന്നതോടുകൂടി സ്വർഗ്ഗസദൃശമായ മദ്ബഹായിൽ, ബലിപീഠമാകുന്ന സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തുവിനെ നമുക്ക് കാണുവാൻ കഴിയുന്നതുപോലെ നമ്മുടെ ജഡികചിന്തകളാകുന്ന മറകൾ നീക്കപ്പെടുമ്പോൾ നമ്മിൽ വസിക്കുന്ന ക്രിസ്തുവിനെ കണ്ടെത്താൻ കഴിയും എന്ന ആശയവും ഇത് സൂചിപ്പിക്കുന്നു.

www.malankaralibrary.com



## 4. മദ്ബഹ

വിശുദ്ധബലി പരികർമ്മം ചെയ്യുന്നതിനായി വേർതിരിക്കപ്പെട്ടിരിക്കുന്ന അതിവിശുദ്ധസ്ഥലമായ മദ്ബഹ, പ്രതീകാത്മകമായി സ്വർഗ്ഗത്തേയും പറുദീസയേയും ഗോഗുൽത്താമലയേയും സീനായ്മലയേയും സമാഗമന കൂടാരത്തിലെ അതിവിശുദ്ധ സ്ഥലത്തേയും സൂചിപ്പിക്കുന്നു.

### *മദ്ബഹ സ്വർഗ്ഗമാകുന്നു.*

സ്വർഗ്ഗത്തിൽ പ്രകാശമദ്ധ്യസ്ഥിതനായ ദൈവത്തിന്റെ സാന്നിദ്ധ്യവും ദൂതന്മാരുടെ സ്തുതിപ്പുകളും ഉള്ളതുപോലെ മദ്ബഹായിൽ ദൈവസാന്നിധ്യവും ശുശ്രൂഷകരുടെ സ്തുതിപ്പുകളും ഗാനങ്ങളും ഉണ്ട്.

### *മദ്ബഹ പറുദീസയാകുന്നു.*

പറുദീസയിൽ ജീവവൃക്ഷവും വിജയം വരിക്കുന്നവന് ജീവവൃക്ഷത്തിൽ നിന്ന് ഭക്ഷിപ്പാൻ നല്കുന്ന ഫലവും ഉണ്ട് (വെളി.2:7)

മദ്ബഹായിൽ ജീവവൃക്ഷസദൃശമായ സ്ലീബായും ലോകത്തെ ജയിക്കുന്ന വിശ്വാസികൾക്ക് ഭക്ഷിപ്പാൻ കൊടുക്കുന്നതിന് വേണ്ടി ജീവവൃക്ഷഫലമായ യേശുമിശിഹായുടെ തിരുശരീരരക്തങ്ങളുമുണ്ട്.

### *മദ്ബഹ ഗോഗുൽത്തായാകുന്നു.*

ഗോഗുൽത്തായിൽ അപ്പവും വീഞ്ഞും ഉപയോഗിച്ച് പൂജ നടത്തിയിരുന്ന നിത്യാചാര്യനായ മല്കിസദേക്കും കുരിശിലെ ബലിയുടെ കാർമ്മികനായ ക്രിസ്തുവും രക്ഷാകരമായ സ്ലീബായും ഉണ്ടായിരുന്നു. അതുപോലെ മദ്ബഹായിൽ മല്കിസദേക്കിനും ക്രിസ്തുവിനും സദൃശനായ പുരോഹിതൻ അപ്പവും വീഞ്ഞും ഉപയോഗിച്ച് ബലിയർപ്പിക്കുന്നു. രക്ഷാകരമായ സ്ലീബായും ബലിപീഠത്തിലുണ്ട്.

### *മദ്ബഹ സീനായ്മലയാകുന്നു.*

സീനായ് മലയിൽ ദൈവസാന്നിധ്യവും ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും കല്പനകൾ സമ്പാദിക്കുകയും ചെയ്ത മോശയുടെ സാന്നിധ്യവും ഉണ്ടായിരുന്നു. ദൈവസാന്നിധ്യത്തിൽ അഗ്നിയും പുകയും നിറഞ്ഞ സീനായ്മല മിന്നലിനാലും ഇടിമുഴക്കത്താലും മുഖരിതമായിരുന്നു. മദ്ബഹായിൽ ദൈവസാന്നിധ്യവും ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അനുഗ്രഹ





ങ്ങൾ യാചിക്കുകയും ചെയ്യുന്ന പുരോഹിതന്റെ സാന്നിധ്യവും ഉണ്ട്. ധൂപകലശത്തിൽ നിന്നുയരുന്ന ധൂപത്താൽ നിറയുന്ന മദ്ബഹ മണികളുടേയും മർബഹസാകളുടെയും നാദത്താൽ മുഖരിതമാണ്.

### *മദ്ബഹ സമാഗമനകൂടാരത്തിലെ അതിവിശുദ്ധസ്ഥലമാകുന്നു*

ഇസ്രായേൽ മരുഭൂവാസകാലത്ത് നിർമ്മിച്ചിരുന്ന സമാഗമനകൂടാരത്തിലെ അതിവിശുദ്ധ സ്ഥലത്ത് പൊന്നുകൊണ്ടുള്ള ധൂപകലശവും മുഴുവൻ പൊന്നു പൊതിഞ്ഞ നിയമപെട്ടകവും പെട്ടകത്തിൽ മന്നാ ഇട്ടുവച്ചിരുന്ന പൊൻപാത്രവും അഹറോന്റെ തളിർത്തവടിയും ഉടമ്പടിപ്പലകകളും പെട്ടകത്തിനു മീതെ കൃപാസനവും കൃപാസനത്തിന്മേൽ നിഴൽ വീശിയിരുന്ന ക്രോബകളും ഉണ്ടായിരുന്നു. മദ്ബഹായിൽ ധൂപകലശവും നിയമപെട്ടകത്തിനും കൃപാസനത്തിനും സദൃശമായ ത്രോണോസ്സും അഹറോന്റെ തളിർത്ത വടിക്ക് സദൃശമായ സ്ലീബായും പൊൻപാത്രത്തിനും അതിനുള്ളിലെ മന്നായിക്കും സദൃശമായ പൂജാപാത്രങ്ങളും അതിനുള്ളിൽ ജീവമന്നായാകുന്ന തിരുശരീരരക്തങ്ങളും ക്രോബകൾക്കു സദൃശമായ കത്തിജ്വലിക്കുന്ന തിരികളും ഉണ്ട്.

## 5. ത്രോണോസ്

വിശുദ്ധബലി പരികർമ്മം ചെയ്യുന്ന ത്രോണോസ് പ്രതീകാത്മകമായി ക്രിസ്തുവിനേയും ക്രിസ്തുവിന്റെ കല്ലറയേയും പരിശുദ്ധ ത്രിത്വത്തേയും ദൈവസിംഹാസനത്തേയും യാഗപീഠത്തേയും ജീവന്റെ മേശയേയും സൂചിപ്പിക്കുന്നു.

### *ത്രോണോസ് ക്രിസ്തുവിന്റെ പ്രതീകമാണ്.*

യേശു ക്രിസ്തു ബലിവസ്തുവും ബലിയർപ്പകനുമാണ്. യേശുക്രിസ്തു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന നിത്യബലിയെ സൂചിപ്പിക്കുന്ന പ്രതീകമാണ് ബലിപീഠം.

### *ത്രോണോസ് ക്രിസ്തുവിന്റെ കല്ലറയുടെ പ്രതീകമാണ്.*

ജെറുസലേമിൽ വിശുദ്ധ അനസ്താസിന്റെ ദേവാലയം പണിതിരിക്കുന്നത് ക്രിസ്തുവിന്റെ കല്ലറക്കുചുറ്റുമാണ്. ദേവാലയമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന കല്ലറയ്ക്കു മുകളിലാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നത്. സുറിയാനിക്കാരുടെ പാരമ്പര്യത്തിൽ ത്രോണോസ്സ് ക്രിസ്തുവിന്റെ കല്ലറയുടെ പ്രതീകമായി കരുതപ്പെടാൻ കാരണം ഇതായിരിക്കാം.

www.malankaralibrary.com



***ത്രോണോസ്സ് പരിശുദ്ധ ത്രിത്വത്തിന്റെ പ്രതീകമാണ്.***

വിശുദ്ധ ബലിയർപ്പണസമയത്ത് പരിശുദ്ധ ത്രിത്വം രഹസ്യാത്മകമായി ബലിപീഠത്തിൽ എഴുന്നള്ളി വരുന്നുണ്ട്. വിശുദ്ധ ത്രിത്വത്തിന്റെ ഈ സാന്നിധ്യമാണ് ത്രോണോസ്സ് വിശുദ്ധ ത്രിത്വത്തിന്റെ പ്രതീകമായി കരുതപ്പെടാൻ കാരണം.

***ത്രോണോസ്സ് ദൈവസിംഹാസനത്തിന്റെ പ്രതീകമാണ്.***

സമാഗമനകൂടാരത്തിലെ കൃപാസനത്തിനും ഏശായാ പ്രവാചകൻ ദർശിച്ച ദൈവസിംഹാസനത്തിനും (ഏശാ.6:1)സദൃശമാണ് ത്രോണോസ്സ്. കൃപാസനത്തിലും ഏശായാ ദർശിച്ച ദൈവസിംഹാസനത്തിലും ഉണ്ടായിരുന്ന ദൈവസാന്നിധ്യം ത്രോണോസ്സിലും ഉള്ളതുകൊണ്ടാണ് ത്രോണോസ്സ് ദൈവസിംഹാസനത്തിന്റെ പ്രതീകമായി കരുതപ്പെടുന്നത്.

***ത്രോണോസ്സ് യാഗപീഠത്തിന്റെ പ്രതീകമാണ്.***

കാൽവരിയിൽ നടന്ന പാപപരിഹാരയാഗം അതിന്റെ എല്ലാവിധ രക്ഷാകരചൈതന്യത്തോടുകൂടി ത്രോണോസ്സിൽ ആവർത്തിക്കപ്പെടുന്നതുകൊണ്ടാണ് ത്രോണോസ്സ് യാഗപീഠത്തിന്റെ പ്രതീകമായി പരിഗണിക്കപ്പെടുന്നത്.

***ത്രോണോസ്സ് ജീവന്റെ മേശയുടെ പ്രതീകമാണ്.***

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമായ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ വിശ്വാസികൾക്കു ലഭിക്കുന്നത് ത്രോണോസ്സിൽ നിന്നായതിനാൽ ത്രോണോസ്സ് ജീവന്റെ മേശയുടെ പ്രതീകമായി കണക്കാക്കപ്പെടുന്നു.

## 6. തബലീത്തോ

ബലിപീഠത്തിന്റെ മദ്ധ്യഭാഗത്ത് വച്ചിരിക്കുന്ന, കൂദാശചെയ്ത, ദീർഘചതുരാകൃതിയിലുള്ള ഒരു പലകയാണിത്. ക്രിസ്തു മരിച്ച കുരിശിന്റെ പ്രതീകമാണ് തബലീത്തോ. ഇതിനു മുകളിൽ വച്ചാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നത്.

## 7. വിരിക്കൂട്ടവും പൂജാപാത്രങ്ങളും

തബലീത്തോ പലകയുടെ മുകളിൽ വിരിക്കുന്ന തുണിയാണ് വിരിക്കൂട്ടം. ഇതിൽ മദ്ധ്യഭാഗത്ത് വെള്ളനിറവും അതിനുതാഴെ പച്ചനിറവും അതി





നുതാഴെ ചുവപ്പുനിറവുമുള്ള മൂന്ന് തുണിക്കഷണങ്ങൾ ഒന്നിനുമേൽ ഒന്നായി തുന്നിപ്പിടിപ്പിച്ചിരിക്കുന്നു.

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം, പ്രപഞ്ചത്തിലുള്ള ഭൂമി, ഭൂമിയിൽ സന്നിഹിതമായ സഭ, സഭയിൽ വസിക്കുന്ന ക്രിസ്തു എന്നിവയെ സൂചിപ്പിക്കുന്ന പ്രതീകാത്മക വസ്തുക്കളാണ് വിരിക്കൂട്ടവും വിരിക്കൂട്ടത്തിനുമേൽ വച്ചിരിക്കുന്ന പൂജാപാത്രങ്ങളും. വിരിക്കൂട്ടത്തിൽ ഏറ്റവും പുറമെയുള്ള ചുവന്ന തുണി പ്രപഞ്ചത്തേയും അതിനുള്ളിലായി കാണുന്ന പച്ചനിറമുള്ള തുണി ഭൂമിയേയും ഏറ്റവും ഉള്ളിലായികാണുന്ന വെള്ളനിറമുള്ള തുണി സഭയേയും സൂചിപ്പിക്കുന്നു. വിരിക്കൂട്ടത്തിലെ വെള്ളത്തുണിയുടെ മുകളിലാണ് പൂജാപാത്രങ്ങൾ വയ്ക്കുന്നത്. പൂജാപാത്രങ്ങളിൽ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളാണ്. സഭയിൽ വസിക്കുന്ന ക്രിസ്തുവിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

## 8. കുരിശ്

കുരിശ് രക്ഷകനായ ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെയും ഉയർപ്പിന്റേയും നിത്യജീവന്റേയും പ്രതീകമാണ്. ക്രിസ്തു കുരിശുമരണത്തിലൂടെ സാത്താനെയും മരണത്തേയും പരാജയപ്പെടുത്തുകയും മനുഷ്യവർഗ്ഗത്തിന് നിത്യജീവൻ പ്രദാനം ചെയ്യുകയും ചെയ്തു. സാത്താനോടുള്ള പോരാട്ടത്തിൽ രക്ഷയുടെ ആയുധമായിട്ടാണ് കുരിശ് പരിഗണിക്കപ്പെടുന്നത്.

ക്രിസ്തുവിന്റെ ജീവിതത്തിന്റെ പ്രതീകം കൂടിയാണ് കുരിശ്. സ്നേഹം,താഴ്മ,അനുസരണം,ക്ഷമ എന്നിവയുടെ സമാഹാരമായിരുന്നു ക്രിസ്തുവിന്റെ ജീവിതം. കുരിശിന്റെ മുകൾഭാഗം ക്രിസ്തുവിന്റെ സ്നേഹത്തേയും അടിഭാഗം താഴ്മയേയും വലതുഭാഗം അനുസരണത്തേയും ഇടതുഭാഗം ക്ഷമയേയും സൂചിപ്പിക്കുന്നു.

## 9. തിരികളും തിരിക്കാലുകളും

പന്ത്രണ്ട് ശ്ലീഹന്മാരെയും അവരുടെ പ്രേഷിതപ്രവർത്തനഫലമായി രൂപം കൊണ്ട ദൈവജനത്തിന്റെ കൂട്ടായ്മയായ സഭയേയും അതിന്റെ കാതോലിക സ്വഭാവത്തേയും സൂചിപ്പിക്കുന്നതാണ് തിരിക്കാലുകളും തിരികളും. സാധാരണയായി നാം കുറച്ചു തിരികൾ മാത്രമേ ആരാധനാസമയത്ത് ഉപയോഗിക്കാറുള്ളൂ എങ്കിലും പന്ത്രണ്ട് തിരികൾ ഉപയോഗിക്കണമെന്നാണ് നമ്മുടെ പാരമ്പര്യം. തിരിക്കാലുകളിലാണ് തിരികൾ ഉറപ്പിച്ചിരിക്കുന്നത്. പന്ത്രണ്ട് തിരിക്കാലുകൾ പന്ത്രണ്ട് ശ്ലീഹന്മാരെ സൂചിപ്പിക്കുന്നതായിട്ടാണ്

www.malankaralibrary.com



ചില പിതാക്കന്മാർ അഭിപ്രായപ്പെടുന്നത്.

തിരിക്കാലുകളിന്മേൽ ഉയർത്തിയിരിക്കുന്ന തിരികൾ ശ്ലീഹന്മാരാൽ ഉയർത്തിക്കാണിക്കപ്പെട്ട സഭയേയും അതിന്റെ കാതോലിക സ്വഭാവത്തേയും സൂചിപ്പിക്കുന്നു. തിരികൾ നിർമ്മിച്ചിരിക്കുന്നത് പലവിധത്തിലുള്ള പൂക്കളുടെ പൂമ്പൊടിയിൽ നിന്നും മറ്റും തേനീച്ചകൾ നിർമ്മിക്കുന്ന പൊൻ മെഴുകിൽ നിന്നാണ്. പുഷ്പത്തിന്റെ നിറം, മേന്മ, സൗരഭ്യം ഇതൊന്നും ഈ പ്രക്രിയക്ക് ബാധകമല്ല. സഭയുടെ സ്ഥിതിയും ഇതു തന്നെ. യഹൂദനെന്നോ യവനനെന്നോ പുറജാതിയെന്നോ ഉള്ള വ്യത്യാസം പരിഗണിക്കാതെ സഭ എല്ലാവരേയും ഉൾക്കൊള്ളുന്നു.

മെഴുകുതിരി പൊതുവെ സഭയെ സൂചിപ്പിക്കുമ്പോൾ മെഴുകുതിരിയുടെ മദ്ധ്യത്തിൽ കാണുന്ന തിരി സഭയിലെ ഓരോ വിശ്വാസിയേയുമാണ് സൂചിപ്പിക്കുന്നത്. തിരി കത്തി പ്രകാശം നല്കുന്നതിനുള്ള ശക്തി സ്വീകരിക്കുന്നത് മെഴുകിൽ നിന്നാണ്. തിരി എരിഞ്ഞ് ചുറ്റുമുള്ളവർക്ക് പ്രകാശം നല്കുന്നതുപോലെ ഒരു വിശ്വാസി സഭയിൽ നിന്ന് ശക്തി ആർജ്ജിച്ച് മറ്റുള്ളവർക്ക് പ്രകാശം നൽകുകയും വഴികാട്ടിയായിരിക്കുകയും ചെയ്യണം.

### 10. ശോശപ്പ

വിശുദ്ധ ബലിയുടെ അവസരത്തിൽ കാഴ്ചവസ്തുക്കൾ വച്ചിരിക്കുന്ന കാസയും പീലാസയും മൂടുന്ന തുണിയാണ് ശോശപ്പ. സീനായ്മലയിൽ ദൈവം ഇസ്രായേലിന് പ്രത്യക്ഷപ്പെട്ടത് മേഘസാദൃശ്യത്തിലായിരുന്നു. അതുപോലെ മരുഭൂവാസകാലത്ത് ഇസ്രായേൽ പാളയത്തിനു മുകളിൽ മേഘം ഒരു ആവരണമായി നിലകൊണ്ടിരുന്നു. ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഈ മേഘത്തിന്റെ പ്രതീകമാണ് ശോശപ്പ. ഇതിൽ നിന്നാകാം മേഘം എന്നർത്ഥമുള്ള 'ഐമോ' എന്ന പേര് ശോശപ്പക്ക് ലഭിച്ചത്. ഇസ്രായേൽ ഗോത്രങ്ങൾക്ക് നീരുറവ ഒഴുക്കിക്കൊടുത്ത പാറയുടെയും യേശുവിന്റെ കല്ലറവാതുക്കൽ വയ്ക്കപ്പെട്ട കല്ലിന്റെയും പ്രതീകമായിട്ടും ശോശപ്പ പരിഗണിക്കപ്പെടുന്നുണ്ട്. വിശുദ്ധ കുർബാനയിൽ ശോശപ്പ ആഘോഷിക്കുന്ന സമയത്ത് ചൊല്ലുന്ന പ്രാർത്ഥന ഈ ആശയം ഉൾക്കൊള്ളുന്നതാണ്.

### 11. കൗക്ബോ

പീലാസ മൂടിയിരിക്കുന്ന ഹൂഫോയോ, പീലാസയിൽ വച്ചിരിക്കുന്ന അപ്പത്തെ സ്പർശിക്കാതിരിക്കുന്നതിന് നക്ഷത്രത്തിന്റെ ആകൃതിയിൽ ലോഹം കൊണ്ട് നിർമ്മിച്ചിരിക്കുന്ന ഉപകരണമാണിത്. ക്രിസ്തുവിന്റെ ജനനസമ





യത്ത് ബേത്‌ലഹേമിൽ ദൃശ്യമായ നക്ഷത്രത്തിന്റെ പ്രതീകമായി കൗക്ബോ കരുതപ്പെടുന്നു.

### 12. സ്പൂൺ

ബലിയർപ്പിക്കുന്ന വൈദികൻ കാസയിൽ നിന്നും വിശുദ്ധ കുർബാന സ്വീകരിക്കുവാനുപയോഗിക്കുന്ന സ്പൂൺ, ഏശായാ ദീർഘദർശിക്ക് ബലിപീഠത്തിൽ നിന്ന് തീക്കനൽ എടുത്തുകൊടുക്കുവാൻ സ്രോപ്പേമാലാഖ ഉപയോഗിച്ച കൊടിലിന്റെ പ്രതീകമായി പരിഗണിക്കപ്പെടുന്നു. (ഏശാ.6:6) വൈദികൻ കാസയിൽ നിന്ന് യേശുവിന്റെ തിരുശ്ശരീരരക്തങ്ങളാകുന്ന തീക്കനൽ ഉൾക്കൊള്ളുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് സ്പൂൺ.

### 13. ധൂപകലശം

ദേവാലയങ്ങളിൽ ധൂപാർപ്പണത്തിന് ഉപയോഗിക്കുന്ന ഒരു ഉപകരണമാണിത്. ആരാധനകളിൽ ധൂപാർപ്പണത്തിന് പഴയനിയമകാലം മുതൽ തന്നെ പ്രാധാന്യം കല്പിച്ചിരുന്നു. വിവിധ പ്രതീകങ്ങളുടെ ഒരു സമാഹാരമാണ് ധൂപകലശം. ഇത് ദൈവത്തേയും സ്വർഗ്ഗത്തേയും ഭൂമിയേയും സഭയുടെ പ്രചാരകരായിരുന്ന അറിയിപ്പുകാരേയും ശ്ലീഹന്മാരേയും പാപികളേയും പ്രാർത്ഥനകളേയും എല്ലാം പ്രതീകാത്മകരൂപത്തിൽ സൂചിപ്പിക്കുന്നു.

ധൂപകലശത്തിന് ഒരു അടിത്തട്ടും മേൽത്തട്ടും നാല് ചങ്ങലകളും ചങ്ങലകളിൽ കണ്ണികളും പന്ത്രണ്ട് മണികളും ഉണ്ടായിരിക്കണമെന്നാണ് പാരമ്പര്യം. ധൂപകലശത്തിന്റെ അടിത്തട്ടിൽ കരിയും അഗ്നിയും അഗ്നിയിൽ നിന്നുയരുന്ന പരിമളധൂപവുമുണ്ട്. ധൂപകലശത്തിന്റെ അടിത്തട്ട് ഭൂമിയേയും മേൽത്തട്ട് സ്വർഗ്ഗത്തേയും സൂചിപ്പിക്കുന്നു. അടിത്തട്ടിനേയും മേൽത്തട്ടിനേയും ബന്ധിപ്പിക്കുന്ന ചങ്ങലകളിൽ ഒന്ന് പിതാവായ ദൈവത്തേയും രണ്ടും മൂന്നും പുത്രനായ ദൈവത്തേയും നാലാമത്തേത് പരിശുദ്ധാത്മാവായ ദൈവത്തേയുമാണ് സൂചിപ്പിക്കുന്നത്. പുത്രൻ തമ്പുരാനെ സൂചിപ്പിക്കുന്ന രണ്ട് ചങ്ങലകളിൽ ഒന്ന് തന്റെ ദൈവത്വത്തേയും മറ്റേത് മനുഷ്യത്വത്തേയും സൂചിപ്പിക്കുന്നു. ചങ്ങലകളിലുള്ള എഴുപത്തിരണ്ട് കണ്ണികൾ എഴുപത്തിരണ്ട് അറിയിപ്പുകാരെയും പന്ത്രണ്ട് മണികൾ പന്ത്രണ്ട് ശ്ലീഹന്മാരെയും പ്രതിനിധാനം ചെയ്യുന്നു. ധൂപകലശത്തിന്റെ അടിത്തട്ടിലുള്ള കരി പാപികളേയും അഗ്നി ദൈവത്തേയും സൂചിപ്പിക്കുന്നു. ധൂപകലശത്തിൽ നിക്ഷേപിക്കുന്ന കുന്തിരുക്കം പ്രാർത്ഥനകളേയും സൽപ്രവൃത്തികളേയുമാണ് സൂചിപ്പിക്കുന്നത്. ധൂപകലശം ശുദ്ധീകരണത്തിന്റെ പ്രതീകം കൂടിയാണ്.

www.malankaralibrary.com



അഗ്നിതുല്യനും പരിശുദ്ധനുമായ ദൈവത്തിന്റെ സാന്നിധ്യം കൊണ്ട് പാപിയായ മനുഷ്യൻ ശുദ്ധീകരിക്കപ്പെടുകയും അവന്റെ പ്രാർത്ഥനകളും സൽപ്രവൃത്തികളും പരിമളധൂപം പോലെ ദൈവസന്നിധിയിലേക്ക് ഉയരുകയും ചെയ്യുന്നു. ധൂപത്തിൽ സംപ്രീതനാകുന്ന ദൈവം നമ്മുടെ പ്രാർത്ഥനകളിലും സൽപ്രവൃത്തികളിലും സംപ്രീതനായി നമ്മെ അനുഗ്രഹിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. വിശുദ്ധന്മാരുടെ പ്രാർത്ഥനകളോടൊപ്പം പരിമളധൂപം ദൈവസന്നിധിയിലേക്ക് ഉയരുന്നു എന്ന് യോഹന്നാൻ ശ്ലീഹ സാക്ഷ്യപ്പെടുത്തുന്നുണ്ട്. "മറ്റൊരു ദൂതൻ സ്വർണ്ണം കൊണ്ടുള്ള ധൂപകലശവുമായി ബലിപീഠത്തിനു മുമ്പിൽ വന്നു നിന്നു. സിംഹാസനത്തിന്റെ മുമ്പിലുള്ള ബലിപീഠത്തിന്മേൽ എല്ലാ വിശുദ്ധരുടേയും പ്രാർത്ഥനയോടൊപ്പം അർപ്പിക്കാനായി ധാരാളം പരിമളദ്രവ്യം അവന് നല്കപ്പെട്ടു. ദൂതന്റെ കൈയിൽനിന്ന് പരിമളദ്രവ്യങ്ങളുടെ ധൂപം വിശുദ്ധരുടെ പ്രാർത്ഥനകളോടൊപ്പം ദൈവസന്നിധിയിലേക്കുയർന്നു." (വെളി.8:3-4)

## 14. മർബഹോസൊ

സ്വർഗ്ഗത്തിൽ ഗണങ്ങളായ് നിന്ന് ദൈവത്തെ സ്തുതിക്കുന്ന സ്രോപ്പേമാലാഖമാരുടെ പ്രതീകമാണ് മർബഹോസൊ. ലോഹത്തകിടിൽ നിർമ്മിച്ചിരിക്കുന്ന ഈ ഉപകരണം പരന്ന് വൃത്താകൃതിയിലുള്ളതാണ്. നീളമുള്ള ഒരു പിടിയിൽ നിർമ്മിച്ചിരിക്കുന്ന മർബഹോസൊയുടെ വൃത്തപരിധിയിൽ മണികളും പരന്ന വശങ്ങളിൽ സ്രോപ്പേന്മാരുടെ മുഖത്തിന്റെയും ചിറകുകളുടെയും രൂപങ്ങളും ഉണ്ടായിരിക്കും.ആരാധനയിൽ പ്രധാന സന്ദർഭങ്ങളിലെല്ലാം മണി കിലുക്കുന്നതിനോടൊപ്പം മർബഹോസൊകളും കിലുക്കുന്നു. ചിറകുകളുള്ള സ്രോപ്പേന്മാർ പറന്നുനിന്ന് ദൈവത്തെ സ്തുതിക്കുന്നതിന്റെ സൂചനയാണിത്.

## 15. അപ്പവും വീഞ്ഞും

വിശുദ്ധ കുർബാനയിൽ കൂദാശ ചെയ്യപ്പെടുന്നതിനുപയോഗിക്കുന്ന വസ്തുക്കളാണ് അപ്പവും വീഞ്ഞും. ആരാധനയിൽ ഉടനീളം പ്രതീകാത്മകത ദർശിക്കുന്ന പിതാക്കന്മാർ ഇതിലും പ്രതീകാത്മകത്വം കാണുന്നുണ്ട്. വിശുദ്ധ കുർബാനക്ക് ഉപയോഗിക്കുന്ന ഗോതമ്പപ്പം ക്രിസ്തുവിന്റെ നിത്യജീവൻ പ്രദാനം ചെയ്യുന്ന ശരീരത്തിന്റെ പ്രതീകമാണ്. മുന്തിരിയുടെ രസമായ വീഞ്ഞ്, രക്ഷകൻ സഹനത്തിലൂടെ ചിന്തിയ രക്തത്തിന്റെ പ്രതീകമാണ്.

അപ്പം ഉണ്ടാക്കുന്ന വസ്തുക്കളിലും അപ്പത്തിന്റെ രൂപത്തിലും അവർ പ്രതീകാത്മകത്വം ദർശിക്കുന്നുണ്ട്. അപ്പം ഉണ്ടാക്കുന്നതിനുപയോഗിക്കുന്ന





വസ്തുക്കൾ ഗോതമ്പുമാവും പുളിപ്പും ഉപ്പും ഒലിവെണ്ണയുമാണ്. ഇവ പ്രപഞ്ചത്തിലെ അടിസ്ഥാന ഘടകങ്ങളായ ഭൂമി,വെള്ളം, വായു,അഗ്നി എന്നിവയെ സൂചിപ്പിക്കുന്നു. ഗോതമ്പുമാവ് ഭൂമിയേയും വെള്ളത്തേയും പുളിപ്പ് വായുവിനേയും ഉപ്പ് അഗ്നിയേയും ഭൂമിയേയും ഒലിവെണ്ണ വായുവിനേയും അഗ്നിയേയും സൂചിപ്പിക്കുന്നു എന്നാണ് പിതാക്കന്മാരുടെ അഭിപ്രായം.

അപ്പത്തിന്റെ രൂപത്തിലും പിതാക്കന്മാർ പ്രതീകാത്മകത്വം കാണുന്നുണ്ട്. വൃത്താകാരമായ അപ്പത്തിന്റെ ഒരു വശം നെടുകയും കുറകെയുമുള്ള രണ്ടു വരകളാൽ നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അപ്പത്തിന്റെ മദ്ധ്യഭാഗത്ത് ഒരു ചെറിയ വൃത്തമുണ്ട്. വൃത്തത്തിനുള്ളിൽ കാണുന്ന നാല് ഖണ്ഡങ്ങളിൽ ഓരോ കുരിശടയാളമുണ്ട്. ചെറിയ വൃത്തത്തിനു വെളിയിൽ കാണുന്ന നാലു ഖണ്ഡങ്ങളെ ഓരോ രേഖ കൊണ്ടു ഖണ്ഡിച്ച് ഏട്ട് ഖണ്ഡങ്ങളാക്കുന്നു. അതിലും ഓരോ കുരിശടയാളമുണ്ട്. അങ്ങനെ ഒരു അപ്പത്തിൽ ആകെ പന്ത്രണ്ട് ഖണ്ഡങ്ങളും പന്ത്രണ്ട് കുരിശടയാളങ്ങളും ഉണ്ട്. ഇത് പന്ത്രണ്ട് ശ്ലീഹമാരെ സൂചിപ്പിക്കുന്നു എന്നാണ് പിതാക്കന്മാരുടെ അഭിപ്രായം.

രക്തം ജീവനാണ്. നാം രക്ഷകന്റെ രക്തം പാനം ചെയ്യുമ്പോൾ അവന്റെ ജീവനിൽ പങ്കാളികളാകുകയാണ് ചെയ്യുന്നത്. ഈ പങ്കുചേരലിൽ നമുക്കു ലഭ്യമാകുന്ന ആനന്ദത്തിന്റെയും പ്രത്യാശയുടെയും പ്രതീകം കുടിയാണ് വീഞ്ഞ്.

## 16. വെള്ള അങ്കി

വിശുദ്ധ ബലിഅർപ്പിക്കുന്ന വൈദികനും മറ്റ് മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരും ധരിക്കുന്ന വസ്ത്രമാണിത്. യഹൂദന്മാരുടെ ആചാരമനുസരിച്ച് വിവാഹവിരുന്നിൽ സംബന്ധിക്കുന്നവർ ഉപയോഗിക്കുന്ന കലർപ്പില്ലാത്ത വസ്ത്രത്തിന്റെ പ്രതിരൂപമാണിത്. (മത്താ.22:11-12) വൈദികൻ വിശുദ്ധബലി അർപ്പിക്കുന്നതിന് ഈ വെള്ള അങ്കി ധരിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇതിന്റെ പ്രതീകാത്മക സന്ദേശം വ്യക്തമാക്കുന്നുണ്ട്. "ദൈവമായ കർത്താവേ! പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അനശ്വരവസ്ത്രം ധരിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ആയുഷ്ക്കാലം മുഴുവനും നിർമ്മലവും ധർമ്മാനുസൃതവുമായ നടപടികളോടു കൂടി സത്യവിശ്വാസത്തിൽ ജീവിക്കുവാൻ ഞങ്ങൾക്ക് കൃപ നല്കണമെ." ആത്മാവിനും ശരീരത്തിനും ആവശ്യമായ നൈർമ്മല്യത്തേയും പരിശുദ്ധിയേയും കുറിച്ചാണ് വെള്ള അങ്കി നമ്മെ അനുസ്മരിപ്പിക്കുന്നത്.

www.malankaralibrary.com


### 17. ഹമ്മിനിയ

വെള്ള അങ്കിയുടെ മീതെ പുരോഹിതൻ ധരിക്കുന്ന തിരുവസ്ത്രമാണിത്. പൗലോസ് ശ്ലീഹ എഫേസൂസ്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്ന നീതിയുടെ കവചത്തിന്റെ പ്രതീകമാണ് ഹമ്മിനിയ. (എഫേ.6:14) ഒരു വിശ്വാസി സാത്താനോടും അവന്റെ സൈന്യത്തോടും നിരന്തരം പോരാടുന്ന പടയാളിയാണ്. ഹമ്മിനിയ ധരിക്കുമ്പോൾ പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥന ഈ ആശയമാണ് വ്യക്തമാക്കുന്നത്. "യുദ്ധത്തിൽ എന്നെ ശക്തി ധരിപ്പിക്കുകയും എനിക്കെതിരായി നില്ക്കുന്നവരെ എന്റെ മുമ്പിൽ വീഴ്ത്തുകയും ചെയ്യണമേ."

### 18. അരക്കെട്ട്

യേശുവിന്റെ വരവിനായി ഒരുങ്ങി കാത്തിരിക്കുന്നവരും അവിടുത്തെ ശുശ്രൂഷയിൽ വ്യാപൃതരുമായ വിശ്വാസികളെ സൂചിപ്പിക്കുന്നതാണ് അരക്കെട്ട്. തന്റെ വരവിന്റെ സമയവും നാഴികയും അറിയാത്തതുകൊണ്ട് സദാ ജാഗരൂകരായിരിക്കുന്നതിന് ക്രിസ്തു നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. (മത്താ.25:13)

സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രതീകം കൂടിയാണ് പുരോഹിതന്മാരുടെ അരക്കെട്ട്. പുരോഹിതന്മാർ സദാ അരകെട്ടി തൂവാല എടുത്ത് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന് സമർപ്പിക്കപ്പെട്ടവരാണ്.

### 19. കൈയുറകൾ

കൈയുറകൾ ധരിക്കുമ്പോൾ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനകൾ കൈയുറകളുടെ പ്രതീകാത്മക സ്വാഭാവം വ്യക്തമാക്കുന്നുണ്ട്. ദൈവശുശ്രൂഷക്ക് സന്നദ്ധനായിരിക്കുന്ന തന്നെ അതിനനുയോജ്യമായ സൽപ്രവൃത്തികളാൽ അലങ്കരിക്കണമെന്നും തന്റെ കൈകളെ ശക്തമാക്കണമെന്നും വൈദികൻ പ്രാർത്ഥിക്കുന്നു. ഇത് ധരിക്കുന്നതുവഴി ദൈവശുശ്രൂഷക്ക് താൻ തയ്യാറായിരിക്കുന്നു എന്ന് വൈദികൻ ഏറ്റു പറയുന്നു എന്ന ആശയമാണ് കൈയുറകൾ സൂചിപ്പിക്കുന്നത്.

### 20. കാപ്പ

അംശവസ്ത്രങ്ങളിൽ ഏറ്റവും പുറമെ ധരിക്കുന്ന തിരുവസ്ത്രമാണ് കാപ്പ. പൗരോഹിത്യവേഷങ്ങളിൽ ഏറ്റവും പ്രധാനവും രാജകീയവുമായ വസ്ത്രമായി കാപ്പ കരുതപ്പെടുന്നു. ഇത് പാദം വരെ നീണ്ടു കിടക്കുന്നതും





ക്രൈസ്തവ പ്രതിരൂപങ്ങൾകൊണ്ട് അലംകൃതമാക്കപ്പെട്ടതുമായിരിക്കും. നീതിയുടേയും മഹത്വത്തിന്റെയും പ്രതീകമായി കാപ്പ പരിഗണിക്കപ്പെടുന്നു.

### 21. മസ്നപ്സോ

ഇത് റമ്പാന്മാരും മെത്രാന്മാരും ധരിക്കുന്ന ശിരോവസ്ത്രമാണ്. ബ്രഹ്മചര്യത്തിന്റെയും സർവ്വസംഗപരിത്യാഗത്തിന്റെയും പ്രതീകമാണ് മസ്നപ്സോ. ഇതിൽ ശുഭ്രവർണ്ണത്തിലുള്ള പതിമൂന്ന് കുരിശുകളുണ്ട്. ഇരുവശങ്ങളിലുമുള്ള പന്ത്രണ്ട് കുരിശുകൾ പന്ത്രണ്ട് ശ്ലീഹന്മാരെയും പുറകുവശത്തുള്ള കുരിശ് യേശുക്രിസ്തുവിനേയും സൂചിപ്പിക്കുന്നതായി കരുതപ്പെടുന്നു.

### 22. പത്രസീൻ

ഇത് മെത്രാന്മാർ മാത്രം ധരിക്കുന്ന സ്ഥാനവസ്ത്രമാണ്. മഹാപുരോഹിതന്റെ അധികാരത്തെ സൂചിപ്പിക്കുന്ന ചിഹ്നമാണ് പത്രസീൻ. ചിത്രത്തയ്യലുകൾ കൊണ്ട് മോടിപിടിപ്പിച്ചിട്ടുള്ള ഈ വിശേഷവസ്ത്രത്തിൽ കുരിശിന്റെ രൂപം തുന്നിപ്പിടിപ്പിച്ചിരിക്കും.

### 23. മോതിരം

ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുടെ ഔദ്യോഗിക സ്ഥാനചിഹ്നമാണ് മോതിരം. ക്രിസ്തുവാകുന്ന മണവാളൻ സഭയാകുന്ന മണവാട്ടിയെ വിവാഹം ചെയ്തതിന്റെ അടയാളമായിട്ടാണ് മെത്രാന്മാർ മോതിരം ധരിക്കുന്നത്. മോതിരം ഭരണാധികാരത്തിന്റെയും ആത്മീയ ഐക്യത്തിന്റെയും ചിഹ്നം കൂടിയാണ്.

### 24. പെക്റ്ററൽ ക്രോസ്സ്

മെത്രാൻമാർ കഴുത്തിൽ ധരിക്കുന്ന കുരിശാണിത്. മെത്രാന്മാരുടെ സ്ഥാനമുദ്രയായി ഇത് കണക്കാക്കപ്പെടുന്നു. നാം കുരിശിലേക്ക് തിരിഞ്ഞ് അതിനെ ആശ്രയിക്കുന്നു എങ്കിൽ അത് വിശ്വാസത്തിന്റെ അടയാളമായിരിക്കും എന്ന് സൂചിപ്പിക്കുന്നതാണ് പെക്റ്ററൽ ക്രോസ്സ്.

### 25. സ്ളീബ

ഇതും മെത്രാൻമാർ ഉപയോഗിക്കുന്ന ഒരു കുരിശാണ്. ജനങ്ങളെയും മറ്റ് സാധനങ്ങളെയും ആശീർവദിക്കുന്നത് ഈ കുരിശുകൊണ്ടാണ്. മെത്രാൻമാർ കഴുത്തിൽ ധരിക്കുന്ന കുരിശും കൈയിൽ വഹിക്കുന്ന സ്ളീബായും കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ മഹത്വത്തേയും

www.malankaralibrary.com


ശക്തിയേയുമാണ് സൂചിപ്പിക്കുന്നത്.

### 26.അംശവടി.

ക്രിസ്തുവിനെ നല്ല ഇടയനായും വിശ്വാസികളെ അജഗണമായും ബൈബിളിൽ പലഭാഗത്തും ചിത്രീകരിക്കുന്നുണ്ട്. ക്രിസ്തുവിന്റെ പ്രതിനിധികളായ സഭാമേലദ്ധ്യക്ഷന്മാർ വിശ്വാസികളായ അജഗണത്തിന്റെ ഇടയന്മാരാണ്. ഇടയൻ എന്ന നിലയിൽ മെത്രാന്റെ ഔദ്യോഗിക ചിഹ്നമാണ് അംശവടി. വെള്ളികൊണ്ട് നിർമ്മിച്ചിരിക്കുന്ന ഈ വടിക്ക് ഏകദേശം ആറരയടി നീളമുണ്ടായിരിക്കും. രണ്ട് സർപ്പങ്ങൾ അഭിമുഖമായി വായ്പിളർന്നു നില്ക്കുന്ന വിധത്തിലാണ് ഈ വടിയുടെ അഗ്രഭാഗം ക്രമീകരിച്ചിരിക്കുന്നത്. സർപ്പങ്ങളുടെ മദ്ധ്യത്തിൽ ഒരു കുരിശുമുണ്ട്. ആട്ടിടയന്മാർ ഉപയോഗിക്കുന്ന അഗ്രം വളഞ്ഞ വടിയുടെ മാതൃകയിലുള്ള അംശവടിയുമുണ്ട്. ഇതിന്റെ അഗ്രഭാഗത്ത് വടിയിലേക്കുതന്നെ വൃത്താകൃതിയിൽ വളഞ്ഞിരിക്കുന്ന ഒരു സർപ്പത്തല മാത്രമേയുള്ളു. ഭരണാധികാരത്തിന്റെ ചിഹ്നം കൂടിയാണ് അംശവടി. നല്ല ഇടയനായ ക്രിസ്തു കുഞ്ഞാടുകളെ മേയിക്കുന്ന വടിയുടെ പ്രതീകമാണ് അംശവടി. ദൈവജനത്തെ നയിക്കുന്നവർ എന്ന നിലയിൽ സഭാമേലദ്ധ്യക്ഷന്മാർ സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരായിരിക്കണമെന്ന ആശയമാണ് അംശവടിയും അതിന്റെ അഗ്രഭാഗത്തുള്ള സർപ്പങ്ങളും സൂചിപ്പിക്കുന്നത്.

### 27.കുരിശുവര

ക്രൈസ്തവർ കുരിശുവരക്ക് വളരെയധികം പ്രാധാന്യം നല്കുന്നുണ്ട്. കുരിശടികളുടെ മുമ്പിലൂടെ കടന്നുപോകുമ്പോഴും ദേവാലയത്തിനുള്ളിലേക്ക് പ്രവേശിക്കുമ്പോഴും ആരാധനാസമയത്ത് വൈദികൻ കുരിശാകൃതിയിൽ ആശീർവദിക്കുമ്പോഴും വിശ്വാസികൾ കുരിശുവരക്കാറുണ്ട്. ആദ്യത്തെ മൂന്നു വിരലുകൾ ചേർത്തു പിടിച്ച്, അതിന്റെ നടുവിലുള്ള വിരൽ അല്പം ഉയർത്തിപ്പിടിച്ച് നെറ്റിയിൽ നിന്ന് നെഞ്ചിലേക്കും അതിനുശേഷം ഇടത്തെ തോളിൽ നിന്ന് വലത്തെ തോളിലേക്കുമാണ് കുരിശുവരക്കുന്നത്. ഇത് ഒരു പ്രതീകാത്മക പ്രവൃത്തിയാണ്. മൂന്ന് വിരലുകൾ ത്രിത്വത്തിലെ മൂന്ന് ആളുകളെ സൂചിപ്പിക്കുന്നു. അവ ചേർത്തുപിടിച്ചിരിക്കുന്നത് ത്രിത്വത്തിന്റെ സ്വഭാവത്തിലുള്ള ഏകത്വത്തെ സൂചിപ്പിക്കുന്നതിനാണ്. രണ്ടാമത്തെ വിരൽ മറ്റുള്ളവയിൽ നിന്ന് ഉയർത്തിപ്പിടിച്ചിരിക്കുന്നത് ത്രിത്വത്തിലെ രണ്ടാം ആളായ ക്രിസ്തുവിലൂടെ കൈവന്ന രക്ഷയെ സൂചിപ്പിക്കുന്നതിനാണ്. നെറ്റിയിൽനിന്ന് നെഞ്ചിലേക്ക് വരക്കുന്നതിലൂടെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് വന്നു എന്നതും ഇടത്തെ തോളിൽ നിന്ന് വലത്തേതോളിലേക്ക് വരക്കുന്നതിലൂടെ ഇടത്തേതിന്റെ മക്കളായിരുന്ന





നമ്മെ വലത്തേതിന്റെ മക്കളാക്കിത്തീർത്തു എന്നതും സൂചിപ്പിക്കുന്നു.

### 28. ബലിപീഠത്തിനു ചുറ്റുമുള്ള ആഘോഷമായ പ്രദക്ഷിണം

തിരശ്ശീല നീക്കി വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ കാർമ്മികനും മദ്ബഹായിലുള്ളവരും ജനത്തോടു ചേർന്ന് ഗാനം ആലപിച്ചുകൊണ്ട് ബലിപീഠത്തിനുചുറ്റും ആഘോഷമായി പ്രദക്ഷിണം നടത്താറുണ്ട്. ഈ പ്രദക്ഷിണത്തിൽ കാർമ്മികൻ ബലിപീഠത്തിന്റെ നാല് കോണുകളും ചുംബിക്കുകയും ബലിപീഠം ചുറ്റി ധൂപം അർപ്പിക്കുകയും ചെയ്യുന്നു. ശുശ്രൂഷകർ കത്തിച്ച തിരികളും മർബഹോസൊകളും മണികളും വഹിച്ചുകൊണ്ട് പുരോഹിതന് മുമ്പിലായി ഭക്തിപൂർവ്വം പ്രദക്ഷിണത്തിൽ സംബന്ധിക്കുന്നു.

പ്രതീകാത്മകമായ ഒരു പ്രവൃത്തിയാണ് പ്രദക്ഷിണം. ലോകസമക്ഷം പരസ്യമായി പ്രത്യക്ഷപ്പെടുന്ന യേശുവിന്റെ പ്രതീകമാണ് പുരോഹിതൻ. യേശുവിന് മാമോദീസ നല്കി പരസ്യമായി സാക്ഷ്യം വഹിച്ച യോഹന്നാന്റെ പ്രതീകമാണ് പ്രധാനശുശ്രൂഷകൻ. യേശുവിനെ ലോകസമക്ഷം അവതരിപ്പിച്ച ശ്ലീഹന്മാരെയാണ് മറ്റ് ശുശ്രൂഷകർ സൂചിപ്പിക്കുന്നത്. യേശു തന്റെ ബലിമൂലം പഴയ ദേവാലയത്തെ ശുദ്ധീകരിച്ച് പുതിയ ദേവാലയമാക്കി മാറ്റിയതുപോലെ പുരോഹിതൻ ബലിപീഠത്തിന്റെ കോണുകൾ ചുംബിച്ച് ബലിപീഠം ചുറ്റി ധൂപം അർപ്പിച്ച് ശുദ്ധീകരിക്കുന്നു.

### 29. ശോശപ്പ ആഘോഷം

ഇസ്രായേൽ ജനതക്ക് ജലം ഒഴുക്കിക്കൊടുത്ത പാറയുടേയും യേശുവിന്റെ കബറിന്റെ വാതുക്കൽ വച്ചിരുന്ന കല്ലിന്റേയും പ്രതീകമായി ശോശപ്പ ചിത്രീകരിക്കപ്പെടുന്നുണ്ട്. മോശ പാറ പിളർന്ന് ഇസ്രായേൽ ജനതക്ക് ജലം നൽകിയതുപോലെ പുരോഹിതൻ ശോശപ്പാവിരി നീക്കി ജീവജലത്തിന്റെ ഉറവയായ യേശുക്രിസ്തുവിനെ ലോകസമക്ഷം അവതരിപ്പിക്കുന്നു. ശോശപ്പാ ആഘോഷം ഉയർപ്പിന്റെ പ്രതീകം കൂടിയാണ്. കബറിന്റെ വാതുക്കൽ വച്ചിരുന്ന കല്ല് നീക്കം ചെയ്ത് ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെ, ശോശപ്പാവിരി നീക്കം ചെയ്ത് പുരോഹിതൻ ലോകസമക്ഷം അവതരിപ്പിക്കുന്നു.